തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

ജീവനും വെളിച്ചവും

സെപ്റ്റംബർ2026



സർക്കാർ സംവിധാനത്തിന്റെ പിടിപ്പുകേടും അശാസ്ത്രീയ നിർമാണവും; മരണപ്പൊഴിയായി മുതലപ്പൊഴി

- മരണം: 80-ലധികം മത്സ്യത്തൊഴിലാളികൾ
- പരിക്കേറ്റവർ: ആയിരത്തിലധികം മത്സ്യത്തൊഴിലാളികൾ
- നഷ്ടം: മത്സ്യത്തൊഴിലാളികളുടെ ജീവനും, ജീവിതവും, സമ്പത്തും

ശാശ്വത പരിഹാരത്തിന് ഇനിയും എത്ര ജീവനുകൾ പൊലിയണം...?

ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടവരുടെ അലംഭാവത്തിൽ ജീവൻ നഷ്ടമായ മത്സ്യത്തൊഴിലാളികൾക്ക് ബാഷ്പാഞ്ജലി...

478 വർഷങ്ങൾ പൂർത്തിയാക്കുന്ന

സെന്റ്. മൈക്കിൾസ് പുതുക്കുറിച്ചി ഫെറോന ദൈവാലയത്തിൽ





വിശുദ്ധ മിഖായേൽ മാലാഖയുടെ തിരുനാൾ മഹാമഹം

2026 സെപ്റ്റംബർ 20 മുതൽ 29 വരെ

20.09.2026, ഞായർ

4.00 pm : പതാകപ്രദക്ഷിണം

5.30 pm : കൊടിയേറ്റ് തുടർന്ന് സമൂഹ ദിവ്യബലി

28.09.2026, തിങ്കൾ

6.00 pm : സന്ധ്യാവന്ദനം

തുടർന്ന് ചപ്രപ്രദക്ഷിണം.

29.09.2026, ചൊവ്വ

5.30 pm : നവീകരിച്ച സെമിത്തേരി ആശീർവാദം

ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലി

മുഖ്യകാർമികൻ:

മോസ്റ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.

26.09.2026, ശനി

12.30pm സ്നേഹവിരുന്ന്

തിരുനാൾ ദിനങ്ങളിൽ വൈകു. 5 മണിക്ക്:

ജപമാല, ലിറ്റിനി, ദിവ്യബലി

സെപ്റ്റംബർ 12,13,14 തിയതികളിൽ

കുരിശിന്റെ മഹത്ത്വീകരണ തിരുനാൾ

സെപ്റ്റംബർ 15,16,17 തിയതികളിൽ

തിരുനാൾ മുന്നൊരുക്ക ധ്യാനം

നയിക്കുന്നത്:

ഫാ. തോമസ് കാഞ്ഞിരക്കോണം OFM Cap.

ഡയറക്ടർ, അസ്സീസ്സി റിട്രീറ്റ് സെന്റർ, ഭരണങ്ങാനം

തീർഥാടകർക്ക് സ്വാഗതം

ഫാ. മൈക്കിൾ തോമസ്
ഇടവക വികാരി

ഫാ. ജിജോ ജോസ് ആർ. ചെറുവയ്ക്കൽ
സഹവികാരി

ഇടവക കൗൺസിൽ, തിരുനാൾ കമ്മിറ്റി,
ബിസിസി ഭാരവാഹികൾ

ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം
2026 സെപ്റ്റംബർ | പുസ്തകം 73 | ലക്കം 9

രക്ഷാധികാരി: മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ

സഹരക്ഷാധികാരി: റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ., മോൺ. യൂജിൻ എച്ച്. പെരേര

ഉപദേശക സമിതി: റവ. ഡോ. ലോറൻസ് കുലാസ്, റവ. ഡോ. ഗ്ലാഡിൻ അലക്സ്, ഫാ. സൈറസ് കളത്തിൽ, ഫാ. ആഷ്ലിൻ ജോസ്, ഫാ. സിൽവസ്റ്റർ കുരിശ്, ഫാ. ലൂസിയാൻസ് തോമസ്, ഫാ. ബീഡ് മനോജ്, ഫാ. റിച്ചാർഡ് സഖറിയാസ്, ഫാ. ഡാർവിൻ ഫെർണാണ്ടസ്, ഫാ. സനീഷ് എസ്. എം., ഫാ. നിജു അജിത്ത്, ഫാ. ഫ്രെഡി സോളമൻ

പത്രാധിപർ: ഫാ. പ്രബൽ ജോസഫ് പെരേര, **സഹ പത്രാധിപർ:** ബർഗ്മാൻ തോമസ്

പത്രാധിപ സമിതി: മോൺ. ജയിംസ് കുലാസ്, ഇഗ്നേഷ്യസ് തോമസ്, സുനിൽ സി. ഇ., ഡോ. ഐറിസ് കൊയ്ലിയോ, ജോൺസൺ റോച്ച്

കവർ & ലേ-ഔട്ട്: സതീഷ് ജി.

മുഖവിചാരം

തിരുവനന്തപുരത്തിന്റെ വികസന മാപ്പുകളിൽ അദാനിമാരും കൂറ്റൻ കപ്പലുകളും മനോഹരമായ ചിത്രങ്ങളായി മാറുമ്പോൾ, അഞ്ചുതെങ്ങിലെയും പെരുമാതുറയിലെയും താഴമ്പള്ളിയിലെയും തീരദേശവാസികൾക്ക് കടൽ ഒരു ഭീതിസ്വപ്നമായി മാറുകയാണ്. തലസ്ഥാന നഗരത്തിന്റെ വടക്കൻ തീരത്ത് സ്ഥിതിചെയ്യുന്ന മുതലപ്പൊഴി ഇന്ന് കേവലം ഒരു മത്സ്യബന്ധന തുറമുഖമല്ല; അത് കടലിൽ പൊലിയുന്ന മനുഷ്യജീവനുകളുടെ ഒരു നിശ്ശബ്ദ സാക്ഷ്യമാണ്. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ 80 ലേറെ മനുഷ്യജീവനുകളാണ് ഈ പൊഴിമുഖത്ത് കടലെടുത്തത്. നൂറുകണക്കിന് വള്ളങ്ങൾ മറിഞ്ഞു, ഒട്ടനവധി പേർക്ക് ജീവിതകാലം മുഴുവൻ പേറേണ്ട വൈകല്യങ്ങൾ സംഭവിച്ചു.

തീരത്തുണ്ടാകുന്ന ഈ ദുരന്തങ്ങൾ പ്രകൃതിയുടെ കോപംകൊണ്ട് ഉണ്ടാകുന്നതല്ല. അശാസ്ത്രീയമായ നിർമാണവും ഭരണകൂടത്തിന്റെ നിഷ്ക്രിയത്വവും അധികൃതരുടെ ഉത്തരവാദിത്വമില്ലായ്മയും സൃഷ്ടിച്ച ഒരു മനുഷ്യനിർമിത ദുരന്തമാണ്. മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായി വള്ളങ്ങൾ കരയ്ക്കടുപ്പിക്കാനും കടലിൽ പോകാനുമാണ് പുലിമുട്ടുകൾ നിർമിച്ച് മുതലപ്പൊഴി ഹാർബർ യാഥാർത്ഥ്യമാക്കിയത്. എന്നാൽ ഈ പുലിമുട്ടുകളുടെ തെറ്റായ ഘടന പ്രദേശത്തെ സ്വാഭാവിക കടലൊഴുക്കിനെ തടസ്സപ്പെടുത്തി. വാമനപുരം നദിയിൽനിന്നും ഒഴുകിയെത്തുന്ന വെള്ളവും കടൽത്തിരമാലകളും സംഗമിക്കുന്ന ഈ പൊഴിമുഖത്ത് ഭീമൻ മണൽത്തിട്ടകൾ രൂപപ്പെടാൻ ഇത് കാരണമായി.

മൺസൂൺ കാലത്ത് പടിഞ്ഞാറുനിന്നുവരുന്ന ശക്തമായ തിരമാലകളും കിഴക്കുനിന്നുവരുന്ന നദീജലവും ഈ ഇടുങ്ങിയ പൊഴിമുഖത്ത് ഏറ്റുമുട്ടുമ്പോൾ ജലത്തിന്റെ ആഴം പെട്ടെന്ന് കുറയുന്നു. ഇതോടെ, കടലിലേക്ക് പോകുന്നതും തിരിച്ചുവരുന്നതുമായ വള്ളങ്ങളുടെ നിയന്ത്രണം നഷ്ടപ്പെടുകയും അവ വലിയ തിരമാലകളിൽപ്പെട്ട് പുലിമുട്ടുകളിലെ കൂറ്റൻ പാറക്കെട്ടുകളിലേക്ക് അടിച്ച് തകരുകയും ചെയ്യുന്നു. ദുരന്തങ്ങൾ സംഭവിക്കുമ്പോഴെല്ലാം ജനപ്രതിനിധികളും ഭരണാധികാരികളും ഓടിയെത്തും. സന്ദർശനങ്ങൾ, ഉന്നതതല യോഗങ്ങൾ, പുലിമുട്ടിന്റെ ഘടന മാറ്റുമെന്ന വാഗ്ദാനങ്ങൾ, കൃത്യമായ ഡ്രഡ്ജിംഗ് നടത്തുമെന്ന പ്രഖ്യാപനങ്ങൾ... എന്നാൽ, പ്രക്ഷോഭങ്ങളുടെ ചൂടാറുമ്പോൾ വാഗ്ദാനങ്ങളെല്ലാം ഫയലുകളിൽ ഉറങ്ങും. പൊഴിമുഖത്തെ മണൽ നീക്കംചെയ്ത് ചാനലിന് ആവശ്യമായ ആഴം നിലനിർത്തുക എന്നതാണ് പ്രാഥമിക പരിഹാരം. എന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും സ്വകാര്യ തുറമുഖ കരാറുകാരും തമ്മിലുള്ള തട്ടിക്കളിക്കലിൽ ഡ്രഡ്ജിംഗ് എപ്പോഴും വൈകുന്നു. കടൽ ശാന്തമായിരിക്കുമ്പോൾ ഡ്രഡ്ജിംഗ് നടത്താതെ, മൺസൂണിൽ തിരമാലകൾ ശക്തമാകുമ്പോൾ "ഡ്രഡ്ജർ പ്രവർത്തിപ്പിക്കാൻ കഴിയില്ല" എന്ന് പറയുന്നത് അങ്ങേയറ്റം നിരുത്തരവാദപരമാണ്.

മുതലപ്പൊഴിയിൽ മാത്രമല്ല, ശംഖുമുഖം, വലിയതുറ മുതൽ പൊഴിയൂർവരെയുള്ള തിരുവനന്തപുരം തീരങ്ങളിൽ രൂക്ഷമായ കടലാക്രമണമാണ് നടക്കുന്നത്. അശാസ്ത്രീയമായ കടൽഭിത്തി നിർമാണങ്ങളും വികസന പദ്ധതികളും സ്വാഭാവിക തീരങ്ങളെയെല്ലാം ഇല്ലാതാക്കി. സ്വന്തം വീടും തൊഴിലും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾ ജീവൻ പണയംവെച്ചും കടലിലേക്ക് ഇറങ്ങാൻ നിർബന്ധിതരാകുന്നു. ഇനി ഒരു ജീവൻപോലും മുതലപ്പൊഴിയിൽ പൊലിയാതിരിക്കാൻ താഴെപ്പറയുന്ന നടപടികൾ അടിയന്തരമായി സ്വീകരിച്ചേ മതിയാകൂ; സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) തുടങ്ങിയ പ്രമുഖ ഗവേഷണ സ്ഥാപനങ്ങൾ നിർദേശിച്ച രീതിയിൽ പുലിമുട്ടിന്റെ നീളവും ഘടനയും ശാസ്ത്രീയമായി, അടിയന്തരമായി മാറ്റിയെഴുതണം. ദുരന്തം നടന്ന് മണിക്കൂറുകൾക്കുശേഷം രക്ഷാപ്രവർത്തകർ എത്തുന്ന രീതി മാറണം. മൺസൂൺ ആരംഭിക്കുന്നതിന് മാസങ്ങൾക്കുമുൻപുതന്നെ പൊഴിമുഖത്തെ മണൽ നീക്കംചെയ്ത് വള്ളങ്ങൾക്ക് സുരക്ഷിതമായി സഞ്ചരിക്കാനുള്ള ആഴം ഉറപ്പാക്കണം. ഇതിനായി ശക്തമായ ഡ്രഡ്ജിംഗ് മെഷീനുകൾ സ്ഥിരമായി അവിടെ വിന്യസിപ്പിക്കണം. തിരുവനന്തപുരം തീരത്തിന് അനുയോജ്യമായ, പ്രകൃതിദത്തവും പരിസ്ഥിതി സൗഹൃദവുമായ തീരസംരക്ഷണ പദ്ധതികൾ നടപ്പിലാക്കണം.

വള്ളം മറിഞ്ഞാൽ ഒരു കുടുംബത്തിന്റെ അത്താണി ഇല്ലാതാകാൻ മൂന്നുമിനിറ്റ് മതി. എന്നാൽ അവിടത്തെ മണൽ മാറ്റാൻ ഒരു സർക്കാരിന് വർഷങ്ങൾ വേണം? •

www.latinarchdiocesetrivandrum.org, www.archtvmnews.com

വില 30 രൂപ | വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
Editor, Jeevanum Velichavum
A/c No. 57027220934, IFSC- SBIN0070308
State Bank of India, Sasthamangalam

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
0471- 2724001
jeevanumvelichavum@gmail.com



സിനഡാത്മക സഭയുടെ ആശയവും പ്രസക്തിയും

നോയൽ പാടിക്, ശ്രീകാര്യം

അതിരൂപതയുടെ നവതി ആഘോഷങ്ങളോടനുബന്ധിച്ച് ജീവനും വെളിച്ചവും ആഗസ്റ്റ് ലക്കത്തിൽ പ്രസിദ്ധീകരിച്ച "സിനഡാത്മക സഭ: തിരുവനന്തപുരം അതിരൂപതയുടെ നവീകരണത്തിന് ഒരു മാർഗദർശി" എന്ന ഫാ. ലോറൻസ് കുലാസിന്റെ ലേഖനം സമയോചിതവും ചിന്തോദ്ദീപകവും ദിശാബോധം നൽകുന്നതുമായ ഒന്നായിരുന്നു.

കഴിഞ്ഞ 90 വർഷങ്ങളിലെ തിരുവനന്തപുരം അതിരൂപതയുടെ വളർച്ചയും ചരിത്രപരമായ പ്രയാണവും വിലയിരുത്തിക്കൊണ്ട്, അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സമകാലിക സമൂഹത്തിൽ സഭയുടെ ദൗത്യവും സാക്ഷ്യവും എപ്രകാരമായിരിക്കണമെന്ന് ലേഖനം വ്യക്തമായി ചൂണ്ടിക്കാണിക്കുന്നു. സിനഡാത്മക സഭയുടെ യഥാർഥ ആശയവും പ്രസക്തിയും വിശദീകരിക്കുന്നതിനോടൊപ്പം, ശതാബ്ദിയിലേക്കുള്ള ഈ "ഒരുമിച്ച് നടക്കുകയും പരസ്പരം ശ്രവിക്കുകയും ചെയ്യുന്ന" യാത്രയിൽ സഭയും, പ്രത്യേകിച്ച് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളും സ്വീകരിക്കേണ്ട നവീകരണ പ്രവർത്തനങ്ങളുടെയും പ്രവർത്തനരീതികളുടെയും ഒരു ചൂണ്ടുപലക ചരിത്രപശ്ചാത്തലത്തോടുകൂടി അവതരിപ്പിച്ചിരിക്കുന്നു.

വിവരസമ്പന്നവും പ്രൗഢവുമായ ഈ ലേഖനം അതിരൂപതയുടെ ഭാവിയാത്രയ്ക്ക് വ്യക്തമായ ദിശാബോധം നൽകുന്ന ഒരു മാർഗദർശിയായിത്തന്നെ ശതാബ്ദിയിലേക്കുള്ള നമ്മുടെ യാത്രയിൽ പ്രയോജനപ്പെടട്ടെ.

ഇത്തരം ദീർഘവീക്ഷണമുള്ളതും സഭയുടെ നവീകരണത്തിന് പ്രചോദനമേകുന്നതുമായ ലേഖനം പ്രസിദ്ധീകരിച്ച ജീവനും വെളിച്ചത്തിനും, ഫാ. ലോറൻസ് കുലാസിനും അഭിനന്ദനങ്ങൾ. ഒപ്പം, Sr. റീഷ്മ സൈമൺ എഴുതിയ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാളിനെയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തെയും ബന്ധിപ്പിച്ചുള്ള ലേഖനം ഉള്ളടക്കത്തിന്റെ ആഴം, ലളിത ഭാഷാശൈലിയിലുള്ള അവതരണം, ചരിത്രപരവും വിശ്വാസപരവുമായ വിശദീകരണങ്ങൾ എന്നിവകൊണ്ട് ഏറെ ശ്രദ്ധേയമായി. വായനക്കാരുടെ വിശ്വാസജീവിതത്തിന് പുതിയ ഉൾക്കാഴ്ചകൾ പകരുന്ന ഈ ലേഖനവും ആഗസ്റ്റ് മാസത്തെ ലക്കത്തിന് മാറ്റുകൂട്ടി.

സ്വർഗ്ഗാരോപണ തിരുനാളിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവും ആത്മീയവുമായ പ്രാധാന്യം

ജോസഫ് ഫ്രാൻസിസ് പെരേര, കഴക്കൂട്ടം

ജീവനും വെളിച്ചവും ആഗസ്റ്റ് ലക്കത്തിൽ പ്രസിദ്ധീകരിച്ച സിസ്റ്റർ റീഷ്മ സൈമണിന്റെ "കന്യകാമറിയത്തിന്റെ സ്വർഗാരോപണം" എന്ന ലേഖനം സമയോചിതവും വിജ്ഞാനപ്രദവും ആത്മീയമായി ഏറെ സമ്പന്നവുമായിരുന്നു.

മറിയത്തെക്കുറിച്ചുള്ള സഭയുടെ പ്രധാന വിശ്വാസസത്യങ്ങൾ, മരിയൻ ഭക്തിയുടെ ചരിത്രപരമായ വികാസം, പരിശുദ്ധ പന്ത്രണ്ടാം പിയൂസ് പാപ്പ സ്വർഗാരോപണത്തെ വിശ്വാസസത്യമായി പ്രഖ്യാപിച്ച ചരിത്രപശ്ചാത്തലം എന്നിവ ലളിതവും ഹൃദ്യവുമായ ഭാഷയിൽ ലേഖിക അവതരിപ്പിച്ചിരിക്കുന്നു. അതോടൊപ്പം, കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാളിനെ നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെടുത്തി നൽകിയ ആത്മീയ വീക്ഷണം ലേഖനത്തിന് കൂടുതൽ ആഴവും പ്രസക്തിയും നൽകുന്നു.


സ്വർഗാരോപണ തിരുനാൾ ആഘോഷിക്കുന്നതിനുമുമ്പ് അതിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവും ആത്മീയവുമായ പ്രാധാന്യം വിശ്വാസികൾക്ക് വ്യക്തമായി മനസ്സിലാക്കാൻ ഈ ലേഖനം ഏറെ സഹായകമാണ്. അറിവും ഭക്തിയും ഒരുപോലെ വളർത്തുന്ന ഇത്തരം ലേഖനങ്ങൾ വായനക്കാരുടെ വിശ്വാസജീവിതത്തെ കൂടുതൽ സമ്പന്നമാക്കുകയും ആത്മീയ വളർച്ചയ്ക്ക് പ്രചോദനമാവുകയും ചെയ്യുന്നു. ശ്രദ്ധേയമായ ഈ ലേഖനം പ്രസിദ്ധീകരിച്ച ജീവനും വെളിച്ചവും മാസികയെയും, അതിന്റെ ലേഖികയായ സിസ്റ്റർ റീഷ്മ സൈമണിനെയും അഭിനന്ദിക്കുന്നതിനോടൊപ്പം വിശ്വാസജീവിതത്തെ ആഴപ്പെടുത്തുകയും സഭാപഠനങ്ങളിലേക്ക് വിശ്വാസികളെ കൂടുതൽ അടുപ്പിക്കുകയും ചെയ്യുന്ന ഇത്തരം ലേഖനങ്ങൾ ഇനിയും വായനക്കാർക്ക് ലഭിക്കട്ടെയെന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.

നവതി ആഘോഷങ്ങൾ നവീകരണ പ്രവർത്തനങ്ങൾക്ക് പ്രചോദനം

ജോണി സി. ദാസ്, പരുത്തിയൂർ

"സിനഡാത്മക സഭ തിരുവനന്തപുരം അതിരൂപതയുടെ നവീകരണത്തിന് ഒരു മാർഗദർശി" എന്ന ലോറൻസ് കുലാസച്ചന്റെ ലേഖനം ഏറെ പ്രസക്തമാണ്. അതിരൂപത പിന്നിട്ട നാളുകളുടെ അനുസ്മരണം മാത്രമല്ല, ഭാവിയിലേക്കുള്ള യാത്രയിലെ ദിശാബോധം നൽകുന്ന ചൂണ്ടുപലക കൂടിയാണ്. അതിരൂപതയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് പ്രചോദനമായിത്തീരേണ്ട ഒന്നാണ് നവതി ആഘോഷങ്ങൾ. അതിരൂപതയുടെ നാളിതുവരെയുള്ള ചരിത്രം വിലയിരുത്തുമ്പോൾ നാം തുടർന്നുപോകുന്ന നവീകരണ പ്രവർത്തനങ്ങൾ ഓരോ കാലഘട്ടത്തിലും അനുയോജ്യവും ആവശ്യവുമായ ഒരു നിരന്തര പ്രവർത്തന ശൈലിയായിരുന്നുവെന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നു. കൂട്ടായ വിവേചനത്തിനും തീരുമാനത്തിനും പ്രാധാന്യം കൊടുക്കുക, ആത്മീയ സംഭാഷണരീതി സ്വീകരിക്കുക, നവതി ആഘോഷം ഒരു പുത്തൻ തീ പോലെ കത്തിപ്പടർത്തുക, കുടുംബയൂണിറ്റുകൾ കൂട്ടായ്മയോടും പങ്കാളിത്തത്തോടും പ്രേഷിത ചൈതന്യത്തോടുംകൂടി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുക, ഓരോ വർഷവും ഒരു ശ്രേഷ്ഠതയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക, വിശ്വാസ സമൂഹത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ മനസ്സിലാക്കി അജപാലന പദ്ധതികൾ രൂപപ്പെടുത്തുക, ഏറ്റവും പ്രധാനമായി താഴെത്തട്ടിലുള്ളവരെയും പിന്നാക്ക വിഭാഗങ്ങളെയും ശ്രദ്ധയോടെ കേൾക്കുന്ന സഭയായി വളരുക എന്നിങ്ങനെയുള്ള പ്രായോഗിക നിർദേശങ്ങൾ ഏറെ കൃത്യമായി അനുഭവപ്പെട്ടു. ക്രിസ്തുതെളിച്ചതന്ന മാർഗത്തിലൂടെ ശതാബ്ദി ആഘോഷങ്ങൾക്ക് ഒരുങ്ങുന്ന അതിരൂപത നവീകരണത്തിന്റെ പാതയിലാണ്. ഇടവകയിലെ അടിസ്ഥാന ക്രൈസ്തവ സമൂഹവും ഓരോ ശ്രേഷ്ഠകളും പ്രത്യേകിച്ച് ഓരോ വിശ്വാസിയും ഈ സിനഡാത്മക മനോഭാവം സ്വീകരിക്കുമ്പോൾ തിരുവനന്തപുരം അതിരൂപത കൂട്ടായ്മയിലും പങ്കാളിത്തത്തിലും നവീകരിക്കപ്പെട്ട പ്രേഷിതസഭയായി മുന്നേറും. നവതിയുടെ നിറവിൽ ആയിരിക്കുന്ന തിരുവനന്തപുരം പ്രാദേശിക സഭയ്ക്ക് നവ ചൈതന്യം പകർന്നു നൽകുവാൻ സഹായകമായ ആനുകാലിക ലേഖനം തയ്യാറാക്കിയ കുലാസച്ചന് അഭിനന്ദനങ്ങൾ. കൂട്ടായ്മയും പങ്കുവെക്കലും ദൗത്യവും വിശ്വാസികളായ നമുക്ക് ആത്മധൈര്യം പകരട്ടെ. അതിരൂപതയുടെ വളർച്ചയ്ക്ക് നമുക്ക് ഒന്നുചേരാം ഒരുമിച്ച് യാത്ര ചെയ്യാം.

താളുകളിൽ



ആനുകാലികം

14 **ചരിത്രം പെറ്റിട്ട ദിവസങ്ങൾ**
പ്രതാപൻ. എ

ലേഖനം

6 **മുതലപ്പൊഴി: പ്രതീക്ഷയുടെ വെളിച്ചത്തിനായി കാത്തിരിക്കുന്ന തീരം**
ലിന്റ മൈക്കിൾ, താഴംപള്ളി

9 **ജാഗരൂകരാകേണ്ടതാര്?**
ലിപിൻ ലോർദോൻ, പുല്ലുവിള

12 **കടലും കരയും മനുഷ്യനും: സഭയുടെ സാമൂഹ്യ ദൗത്യം**
ഫാ. മെൽക്കൺ

16 **നവീന വിദ്യാഭ്യാസത്തിൽ അധ്യാപകർ എലിമിനേഷൻ റൗണ്ടിൽ**
എം. ഷാജർഖാൻ

ചരിത്രപഥം

28 **തിരുവനന്തപുരത്ത് നിന്ന് ഡച്ച് മണ്ണിലേക്ക്: പ്രഥമ ഇടയന്റെ സ്മൃതിപഥങ്ങളിലൂടെ ഒരു മിഷൻ യാത്ര -2**
ഫാ. ഫ്രാൻസിസ് സഹായം

കവിത

11 **തോൽപിക്കാനാവില്ലാ സാന്തിയാഗോ**
ഐറിസ്

കഥ

24 **തുറ**
ബർഗ്മാൻ തോമസ്

റിപ്പോർട്ട്

31 **പ്രൊഫഷണൽസ് കോൺക്ലേവ് 2026**
അഡ്വ. റോബിൻ സേവ്യർ

മനൽക്കാഴ്ച

42 **ഇന്ത്യൻ പൗരത്വത്തിന്റെ പ്രഖ്യാപിത രേഖ എന്താണ്?**
ജെ. സി.

21 **കാനോൻ നിയമം**

22 **സ്റ്റുഡൻസ് ഫോറം യോഗസഹായി**

34 **വചനജ്വാല**

36 **വാർത്തകൾ**

38 **നിർച്ചാൽ**
















മുതലപ്പൊഴി: പ്രതീക്ഷയുടെ വെളിച്ചത്തിനായി കാത്തിരിക്കുന്ന തീരം

• ലേഖനം
ലിന്റ മൈക്കിൾ, താഴംപള്ളി



പ്രകൃതിരമണീയമായ കാഴ്ചകൾകൊണ്ടും സമൃദ്ധമായ മത്സ്യസമ്പത്തുകൊണ്ടും തിരുവനന്തപുരം ജില്ലയുടെ തീരദേശ ഭൂപടത്തിൽ പ്രധാനപ്പെട്ട സ്ഥാനമുള്ള ഒരിടമാണ് മുതലപ്പൊഴി. ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ, അഞ്ചുതെങ്ങ് കായലും വാമനപുരം നദിയും അറബിക്കടലുമായി സംഗമിക്കുന്ന അഴിമുഖം ഇന്ന വാർത്തകളിൽ നിറയുന്നത് ഭംഗിയുടെ പേരിലല്ല; മറിച്ച് അടിക്കടിയുണ്ടാകുന്ന ദുരന്തങ്ങളുടെ പേരിലാണ്. ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ ജീവിതമാർഗമായ അഴിമുഖം മനുഷ്യജീവനുകളെ തിരയെടുക്കുന്ന മരണച്ചുഴിയായി മാറിയിരിക്കുന്നു. അഴിമുഖത്തുണ്ടാകുന്ന വള്ളം മറിയലുകളും ദുരന്തങ്ങളും കേരളക്കരയ്ക്ക് പുതിയൊരു വാർത്തയല്ല. എന്നാൽ, ഓരോ അപകടത്തിനുപിന്നിലും കടലാഴങ്ങളിൽ മറഞ്ഞുപോകുന്ന ജീവനുകളും, കരയിൽ അനാഥമായിപ്പോകുന്ന മനുഷ്യരുടെ കണ്ണീരും ഒടുങ്ങാത്ത വേദനയായി തുടരുകയാണ്.

അഴിമുഖത്തുണ്ടായ ശക്തമായ തിരമാലയിൽപ്പെട്ട് വള്ളംമറിഞ്ഞ് അഞ്ചുതെങ്ങ് സ്വദേശിയായ ഷിജിൻ എന്ന മത്സ്യത്തൊഴിലാളിയെ കാണാതായ സംഭവം അഞ്ചുതെങ്ങ് മത്സ്യഗ്രാമത്തെ പിടിച്ചുലച്ചിരിക്കുകയാണ്. യഥാസമയത്തുള്ള രക്ഷാപ്രവർത്തനങ്ങളുടെയും സംവിധാനങ്ങളുടെയും അനാസ്ഥയും തകരാറും തന്നെയാണ് ഇതിന കാരണം. ഇതുവരെ മുതലപ്പൊഴിയിൽ ഉണ്ടായ അപകടങ്ങളിൽ എൺപതിലധികം മരണങ്ങൾ ഉണ്ടായി. അതിൽ അൻപത്തഞ്ചോളം പേർ അഞ്ചുതെങ്ങിൽനിന്നുള്ളവരായിരുന്ന . ഇതിന കാരണമായി കരുതുന്നത് ഇവിടെനിന്നും കടലിലേക്ക് പോകുന്നത് കൂടുതലും ചെറുവള്ളങ്ങളാണെന്നതാണ്. അഴിമുഖത്തെ തിരമാലയെ തരണം ചെയ്യാൻ കഴിയാതെവരുമ്പോഴാണ് ഇങ്ങനെ ജീവൻ നിഷ്കരുണം പൊലിയുന്നത്. ജൂലൈ 31-ന കടലിനോട് മല്ലിട്ട് മീൻപിടിച്ച് തിരികെ കരയണയാൻ തുടങ്ങുമ്പോഴാണ് കൂറ്റൻ തിരമാല ഷിജിനും ഫ്രീമോനും സഞ്ചരിച്ചിരുന്ന വള്ളത്തെ തലകീഴായി മറിച്ചത്. ഒപ്പമുണ്ടായിരുന്ന ഷിജിന്റെ സുഹൃത്തുക്കൂടിയായ വള്ളമുടമയടക്കം രണ്ടുപേർ എങ്ങനെയൊക്കെയോ നീന്തി രക്ഷപ്പെട്ടപ്പോൾ, കടലിന്റെ നിഗ്രഹതയിൽ ഷിജിൻ മറഞ്ഞുപോയി. ഫ്രീമോൻ കുടുംബത്തിന്റെ തീരാവേദനയുമായി.

ദിവസങ്ങൾ ഓരോന്നായി കഴിയുമ്പോഴും ഷിജിനെ ഓർത്ത് വിതുമ്പുന്ന കണ്ണുകളോടെ നോക്കിയിരിക്കുകയാണ് ആ കുടുംബം. ഇരുപത്തിരണ്ടു വർഷങ്ങൾക്കുമുൻപ് മഴയിൽ പൊട്ടിവീണ ഇലക്ട്രിക്ക് ലൈനിൽനിന്നുള്ള അപകടത്തിൽ ഷിജിന് അച്ഛനെയും അമ്മയെയും നഷ്ടപ്പെട്ടിരുന്നു. അനാഥരായ ആ കുഞ്ഞുങ്ങൾക്ക് അന്ന് സർക്കാർ പഠനച്ചിലവുൾപ്പെടെ പല വാഗ്ദാനങ്ങളും നൽകിയെങ്കിലും ഒന്നും പ്രാവർത്തികമായില്ല. അപകടത്തിൽപ്പെട്ടു കാണാതായവരിൽ ഫ്രീമോനെ തിരച്ചിലിനൊടുവിൽ കണ്ടെടുത്തെങ്കിലും മുപ്പത്തിരണ്ടുകാരനായ ഷിജിനു വേണ്ടിയുള്ള തിരച്ചിലിൽ അനാസ്ഥ ഉണ്ടായതിനെത്തുടർന്ന് ഇരുപത്തിനാല് വയസ്സുമാത്രം പ്രായമുള്ള ഷിജിന്റെ ഭാര്യ സ്റ്റിജിയും മൂന്നരയും ഒന്നരയും വയസ്സുള്ള രണ്ടുകുട്ടികളും കുടുംബാംഗങ്ങളുംചേർന്ന് മുതലപ്പൊഴി ഹാർബർ റോഡ് പെരുമഴയത്തിരുന്ന് ഉപരോധിച്ച സങ്കടക്കാഴ്ചക്കു പ്രദേശം സാക്ഷിയായി. തുടർന്ന് ഫിഷറീസ് മന്ത്രി എത്തുകയും തിരച്ചിൽ ത്വരിതഗതിയിലാക്കുകയും ചെയ്തു. ഷിജിന്റെ കുടുംബത്തിന് ഇനി വേണ്ടത് കേവലം ആശ്വാസവാക്കുകളല്ല. രോഗിയായ ആ പിഞ്ചുകുഞ്ഞിന്റെ



തീരദേശ മേഖലയുടെ സാമ്പത്തിക പുരോഗതിയും മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ലക്ഷ്യമിട്ടാണ് 2000-ത്തിന്റെ തുടക്കത്തിൽ ഇവിടെ ഒരു മത്സ്യബന്ധന തുറമുഖം നിർമിക്കാൻ പദ്ധതി തയ്യാറാക്കിയത്. എന്നാൽ, അന്നത്തെ ആസൂത്രണത്തിലെ പിഴവുകളാണ് പിൽക്കാലത്ത് വലിയ ദുരന്തങ്ങൾക്ക് വിത്തുപാകിയത്.

ജീവൻ രക്ഷിക്കാനുള്ള ഉറപ്പാണ്, ആ കുടുംബത്തിന് ജീവിതത്തിലേക്ക് തിരിച്ചു വരാനുള്ള താങ്ങാണ്. മുതലപ്പൊഴി ഇനിയും എത്ര കുടുംബങ്ങളുടെ കണ്ണീരിനു സാക്ഷിയാകേണ്ടിവരും എന്ന ചോദ്യത്തിനുമുന്നിൽ ഭരണകൂടവും സമൂഹവും ഉത്തരം പറയേണ്ടതുണ്ട്. ഷിജിന്റെയും കുടുംബത്തിന്റെയും അവസ്ഥ കേവലമൊരു വാർത്തയല്ല, നമ്മുടെ നാടിന്റെ നെഞ്ചിലെ ഉണങ്ങാത്ത മുറിവാണ്. ശാസ്ത്രീയമല്ലാത്ത പുലിമുട്ട് നിർമാണവും, കൃത്യസമയത്ത് രക്ഷാപ്രവർത്തനത്തിന് ഹൈടെക് സംവിധാനങ്ങൾ ലഭ്യമാക്കാത്തതുമാണ് ഇത്തരം ദുരന്തങ്ങളുടെ വ്യാപ്തി കൂട്ടുന്നത്.

മുതലപ്പൊഴി: ചരിത്രവും ഭൂമി ശാസ്ത്രവും

അഞ്ചുതെങ്ങ് കായൽ കടലിലേക്ക് ചേരുന്ന സ്വാഭാവിക അഴിമുഖമാണ് മുതലപ്പൊഴി. പുരാതനകാലം മുതൽക്കേ കായൽ വഴിയുള്ള ചരക്കുനീക്കത്തിനും മത്സ്യബന്ധനത്തിനും പ്രദേശവാസികൾ ഈ വഴി ഉപയോഗിച്ചിരുന്നു. തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ്, പെരുമാതുറ, പൂത്തുറ തുടങ്ങി ജില്ലയുടെ മറ്റു തീരപ്രദേശങ്ങളിൽനിന്നുള്ള ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ ദിനംപ്രതി ആശ്രയിക്കുന്ന പ്രധാന ഇടമാണിത്. പരമ്പരാഗത വള്ളങ്ങളും, ഫൈബർ വള്ളങ്ങളും ചെറിയ ഇൻബോർഡ് ബോട്ടുകളുമെല്ലാം കടലിലേക്ക് പോകുന്നതും തിരിച്ചെത്തുന്നതും ഈ അഴിമുഖം വഴിയാണ്. തീരദേശ മേഖലയുടെ സാമ്പത്തിക പുരോഗതിയും മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ലക്ഷ്യമിട്ടാണ് 2000-ത്തിന്റെ തുടക്കത്തിൽ ഇവിടെ ഒരു മത്സ്യബന്ധന തുറമുഖം (Fishing Harbour) നിർമിക്കാൻ പദ്ധതി തയ്യാറാക്കിയത്. എന്നാൽ, അന്നത്തെ ആസൂത്രണത്തിലെ പിഴവുകളാണ് പിൽക്കാലത്ത് വലിയ ദുരന്തങ്ങൾക്ക് വിത്തുപാകിയത്.

എന്തുകൊണ്ടാണ് മുതലപ്പൊഴി മരണച്ചുഴിയാകുന്നത്?

മുതലപ്പൊഴിയിൽ നിരന്തരം വള്ളങ്ങൾ മറിയുന്നതിനും മത്സ്യത്തൊഴിലാളികൾ മരണപ്പെടുന്നതിനുംപിന്നിൽ ചില പ്രധാന ശാസ്ത്രീയ-സാങ്കേതിക കാരണങ്ങളുണ്ട്:

അശാസ്ത്രീയമായ പുലിമുട്ട് (Breakwater) നിർമാണം: തിരമാലകളുടെ ശക്തി കുറയ്ക്കാനും വള്ളങ്ങൾക്ക് സുരക്ഷിതമായി സഞ്ചരിക്കാനുംവേണ്ടിയാണ് അഴിമുഖത്തിന്റെ ഇരുവശങ്ങളിലുമായി പുലിമുട്ടുകൾ കല്ലിട്ട് നിർമിച്ചത്. എന്നാൽ, അവിടത്തെ കടലൊഴുക്കിന്റെ സ്വഭാവവും മണൽനീക്കവും കൃത്യമായി പഠിക്കാതെ നടത്തിയ നിർമാണം അഴിമുഖത്തെ അപകടങ്ങൾക്കു കാരണമായി.

അഴിമുഖത്തെ മണൽത്തിട്ടകൾ (Sandbar Formation): പുലിമുട്ടുകൾ വന്നതോടെ സ്വാഭാവികമായി കടലിലേക്ക് ഒഴുകിപ്പോകേണ്ട മണൽ അഴിമുഖത്ത് അടിയാൻ തുടങ്ങി. ഇതിനെത്തുടർന്ന് അഴിമുഖത്തിന്റെ ആഴം കുത്തനെ കുറഞ്ഞു. ആഴമില്ലാത്ത വെള്ളത്തിൽ കടൽത്തിരമാലകൾ പെട്ടെന്ന് ഉയരുകയും ശക്തമായ അടിയൊഴുക്കുകൾ രൂപപ്പെടുകയും ചെയ്യുന്നു.

വള്ളങ്ങൾ മണൽത്തിട്ടയിൽ തട്ടുന്നത്: വള്ളങ്ങൾ ആഴക്കുറവുള്ള അഴിമുഖത്തേക്ക് പ്രവേശിക്കുമ്പോൾ താഴെയുള്ള മണൽത്തിട്ടയിൽ തട്ടുകയും, ശക്തമായ തിരമാലയടിച്ച് മറിയുകയും ചെയ്യുന്നു.

ഡ്രെഡ്ജിംഗിലെ ഗുരുതരമായ വീഴ്ചകൾ: അഴിമുഖത്ത് അടിയുന്ന മണൽ നിരന്തരം നീക്കം ചെയ്യേണ്ടത് (Dredging) ഹാർബറിന്റെ സുഗമമായ പ്രവർത്തനത്തിന് അത്യാവശ്യമാണ്. എന്നാൽ വലിയ ഡ്രെഡ്ജറുകൾ ഉപയോഗിച്ച് കൃത്യസമയത്ത് ആഴം കൂട്ടുന്നതിൽ വന്ന വീഴ്ചകൾ ദുരന്തങ്ങളുടെ ആവർത്തനത്തിന് കാരണമാകുന്നു. പുലിമുട്ടിൽനിന്ന് കടലിലേക്ക് തെറിച്ചുവീണ വലിയ പാറക്കല്ലുകൾ വെള്ളത്തിനടിയിൽ കിടക്കുന്നത് വള്ളങ്ങൾ ഇടിച്ചു തകരാൻ ഇടയാക്കുന്നു.

തുടരുന്ന ദുരന്തങ്ങളും സങ്കടക്കടലാകുന്ന കുടുംബങ്ങളും

കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ എൺപതോളം മത്സ്യത്തൊഴിലാളിക

ളാണ് മുതലപ്പൊഴി അഴിമുഖത്ത് തീരാനോവായത്. നൂറോളംപേർക്ക് ഗുരുതര മായി പരിക്കേൽക്കുകയും പലർക്കും സ്ഥിരമായി വൈകല്യം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യബന്ധനം എന്നത് വെറുമൊരു തൊഴിലല്ല ഒരു കുടുംബത്തിന്റെ മുഴുവൻ അത്താണിയാണ്. പുലർച്ചെ കടലിൽ പോകുന്ന ഉറ്റവർ സുരക്ഷിതമായി തിരിച്ചെത്തുമോ എന്ന ഭീതിയിലും പ്രാർത്ഥനയിലുമാണ് ഓരോ കുടുംബവും കഴിയു ന്നത്. ഒരു വള്ളവും എൻജിനും വലയും തകരുമ്പോൾ ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമാണ് സംഭവിക്കുന്നത്. ഇതുകാരണം പല കുടുംബങ്ങളും കടക്കെണിയിലാ വുകയും ജീവിതം വഴിമുട്ടുകയും ചെയ്യുന്നു. അപകടങ്ങളിൽ കുടുംബത്തിന്റെ ഏക ആശ്രയമായ വ്യക്തി മരണപ്പെടുമ്പോൾ, ആ കുടുംബങ്ങൾ അനുഭവിക്കുന്ന മാനസി കവും സാമ്പത്തികവുമായ ആഘാതം വിവരണാതീതമാണ്. മാത്രമല്ല, ക്ഷേമനിധി ബോർഡിൽ അംഗത്വം ലഭിച്ചിട്ടില്ലാത്ത മൽസ്യത്തൊഴിലാളികൾ മരണപ്പെട്ടാൽ ഗവണ്മെന്റ് ആനുകൂല്യങ്ങൾ ഇവരുടെ കുടുംബത്തിനും ആശ്രിതർക്കും ലഭിക്കാതെ പോകുന്നു. അതിനുദാഹരണമാണ് അഞ്ചുതെങ്ങിൽനിന്നും അപകടത്തിൽപ്പെട്ട് മരണമടഞ്ഞ നോർബർട്ട് എന്ന 23 വയസ്സുമാത്രം പ്രായം ഉണ്ടായിരുന്ന മൽസ്യ ത്തൊഴിലാളിയുടെ കുടുംബം. അതുപോലെ പലരും. ദുരന്തമുണ്ടാകുമ്പോൾ മാത്രം ജനപ്രതിനിധികളും മന്ത്രിമാരും സ്ഥലത്തെത്തുകയും അടിയന്തരമായി ഡ്രെഡ്ജിംഗ് നടത്തുമെന്നും നഷ്ടപരിഹാരം നൽകുമെന്നും പ്രഖ്യാപിക്കും. എന്നാൽ ദിവസങ്ങൾ കഴിയുമ്പോൾ വീണ്ടും സ്ഥിതിഗതികൾ പഴയപടിയാകുന്നു.

പൂനെയിലെ സി.ഡബ്ല്യു.പി.ആർ.എസ് (CWPRS - Central Water and Power Research Station) പോലുള്ള ശാസ്ത്രീയ ഏജൻസികൾ മുതലപ്പൊഴിയുടെ ഘടന മാറ്റുന്നതിനായി നിർദേശിച്ച പഠന റിപ്പോർട്ടുകൾക്കനുസരിച്ച പുലിമുട്ടിന്റെ നീളം കൂട്ടുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തെങ്കിലും ഫലവത്തായില്ല. കൃത്യമായ ശ്രദ്ധക്കുറവ് കാരണം തൊണ്ണൂറുമീറ്റർ വീതിയുണ്ടായിരുന്ന അഴിമുഖം അൻപതു മീറ്ററിനടുത്തായി കുറയുകയും, ആഴം ആറുമീറ്ററെങ്കിലും വേണ്ടിടത്ത് ഇപ്പോൾ ഒന്നരമീറ്ററായി കുറയുകയും ചെയ്തു.

ശാശ്വത പരിഹാരം എങ്ങനെ സാധ്യമാക്കാം?

മുതലപ്പൊഴിയെ ഒരു മരണക്കെണിയിൽനിന്ന് സുരക്ഷിതമായ ഒരു ഹാർ ബറാക്കി മാറ്റാൻ താഴെപ്പറയുന്ന ശാസ്ത്രീയ നടപടികൾ അടിയന്തരമായി സ്വീക രിക്കേണ്ടതുണ്ട്:

തുടർച്ചയായ ശാസ്ത്രീയ ഡ്രെഡ്ജിംഗ്: വർഷത്തിലുടനീളം അഴിമുഖത്തിന്റെ ആഴം കുറഞ്ഞത് 6 മീറ്ററെങ്കിലും നിലനിർത്താൻ സാധിക്കുന്ന ഉന്നത ശേഷിയുള്ള ഡ്രെഡ്ജറുകൾ സ്ഥിരമായി വിന്യസിക്കുക.

പുലിമുട്ടിന്റെ പുനർനിർമാണം (Redesigning the Breakwater): കടൽ അറിയുന്ന മത്സ്യത്തൊഴിലാളികളുടെ നിർദേശങ്ങൾകൂടി കണക്കിലെടുത്ത് പുലിമുട്ടിന്റെ ഘടന പുന:ക്രമീകരിക്കുക.

വെള്ളത്തിനടിയിലെ കല്ലുകൾ നീക്കം ചെയ്യൽ: അഴിമുഖത്ത് ഒഴുക്കിൽപ്പെ ട്ടുകിടക്കുന്ന വലിയ കല്ലുകളും തടസ്സങ്ങളും ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് നീക്കം ചെയ്യുക.

ആധുനിക സിഗ്നലിംഗ് & റെസ്ക്യൂ സിസ്റ്റം: കടൽ പ്രക്ഷുബ്ധമായിരിക്കുമ്പോൾ അഴിമുഖത്തേക്ക് കടക്കരുതെന്ന മുന്നറിയിപ്പ് നൽകുന്ന ഡിജിറ്റൽ സിഗ്നലുകൾ സ്ഥാപിക്കുക. കൂടാതെ, അടിയന്തിര ഘട്ടങ്ങളിൽ രക്ഷാപ്രവർത്തനത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ലൈഫ് ഗാർഡ് സംവിധാനവും ആംബുലൻസ് ബോട്ടുകളും സജ്ജമാക്കുക. ഒപ്പം സുരക്ഷാ സംവിധാനങ്ങളുടെ കൃത്യമായ മെയിന്റ നൻസ്. അഴിമുഖത്തുനിന്നും പുലിമുട്ട് നീളുന്ന സ്ഥലംമുഴുവൻ രാത്രിയിൽ സോളാർ ലൈറ്റുകളോ പ്രകാശം ലഭിക്കുന്നതിനുള്ള മറ്റു സംവിധാനങ്ങളോ കൊണ്ടുവരിക. കടലിൽനിന്നും അഴിമുഖത്തേയ്ക്കുവരുന്ന ഭാഗത്ത് റോപ്പ്നൊപ്പം റിഫ്ലെക്ടറുകൾ ഉള്ള ലൈഫ് ഗാർഡുകളെ വിന്യസിക്കുക.

തീരദേശവാസികൾക്ക് ഇൻഷുറൻസും ആശ്വാസ പദ്ധതികളും: അപക ടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര സാമ്പത്തിക സഹായവും പുനരധിവാസവും ഉറപ്പാക്കുന്ന സമഗ്രമായ സുരക്ഷാ പദ്ധതി നടപ്പിലാക്കുക.

ഹാർബർ അവകാശ സംരക്ഷണ സമിതി ജനറൽ കൺവീനർ ബിനു പീറ്റർ മത്സ്യത്തൊഴിലാളികളുടെ അഭിപ്രായവും കടൽ അറിവും ശേഖരിച്ചുകൊണ്ട്



പറയുന്നതിങ്ങനെ; 9 മാസത്തോളം മണൽ ഒഴുക്ക് തെക്കുനിന്നും വടക്കോട്ടും 3 മാസം വടക്കുനിന്നും തെക്കോട്ടുമാണ്. അതുകൊണ്ടാണ് സ്വാഭാവികമായും വട ക്കുഭാഗത്തു തീരശോഷണം ഉണ്ടാകുന്ന തും. ആയതിനാൽ അഴിമുഖത്തേക്കുള്ള വീതി 130-140 മീറ്റർ അളവിലേക്കു ക്രമ പ്പെടുത്തി, തെക്കുഭാഗത്തെ പുലിമുട്ടു കട ലിനോടടുക്കുന്ന ഭാഗത്തു പടിഞ്ഞാറേ ക്ക് അർധവൃത്താകൃതിയിൽ 200 മീറ്റർ എങ്കിലും വിസ്തൃതിയിൽ രൂപപ്പെടുത്തി 6 -7 മീറ്റർ താഴ്ച്ച നിലനിർത്തിയാൽ ഇപ്പോഴുള്ള അവസ്ഥക്കു മാറ്റമുണ്ടാകും .ഈ കടലറിവിനെ ശാസ്ത്രീയമായി പഠി ച്ചുകൊണ്ടുള്ള പുനർനിർമാണം പ്രശ്ന ങ്ങൾക്ക് ശാശ്വത പരിഹാരമായേക്കും.

മുതലപ്പൊഴി എന്നത് ഒരു ഭൂ മിശാസ്ത്രപരമായ സ്ഥലം മാത്രമല്ല, നൂറുകണക്കിന് സാധാരണക്കാരായ മനുഷ്യരുടെ കണ്ണീരും ചോരയും വീണ മണ്ണാണ്. അശാസ്ത്രീയമായ നിർമാണ വും ഭരണകൂടത്തിന്റെ അനാസ്ഥയും ചേരുമ്പോൾ അത് എങ്ങനെ ഒരു ജനതയുടെ ദുരന്തമായി മാറുന്നു എന്ന തിന്റെ ഉദാഹരണമാണ് മുതലപ്പൊഴി. കേവലം പ്രഖ്യാപനങ്ങൾക്കും രാഷ്ട്രീയ ആരോപണങ്ങൾക്കും അപ്പുറം, മനുഷ്യ ജീവന് വിലകൽപ്പിച്ചുകൊണ്ടുള്ള ശാശ്വ തമായ ഒരു ശാസ്ത്രീയ പരിഹാരമാണ് മുതലപ്പൊഴിക്ക് ആവശ്യം. അല്ലാത്ത പക്ഷം, അറബിക്കടലിലെ ഓരോ തി രമാലയും ഇനിയും നിരപരാധികളായ മനുഷ്യരുടെ ജീവനെടുത്തുകൊണ്ട് ഈ സങ്കടക്കടലിനെ കൂടുതൽ ആഴമുള്ളതാ ക്കിക്കൊണ്ടേയിരിക്കും.

•

• ലേഖനം
ലിപിൻ ലോർദോൻ, പുല്ലുവിള



ജാഗരൂകരാകേണ്ടതാര്?

ഒരപകടം സംഭവിച്ച് ആദ്യ മണിക്കൂറുകളിൽത്തന്നെ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടേണ്ട ദുരന്തനിവാരണ സംവിധാനം സ്വയം ഒരു ദുരന്തമായിമാറുന്നത് അങ്ങേയറ്റം നിസ്സഹായതയോടെയാണ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നോക്കിനിൽക്കേണ്ടി വരുന്നത്.

ഇന്നലെ 31 രാത്രി, വിഴിഞ്ഞത്തുനിന്ന് പതിവുപോലെ പണിക്കു പോയതാണ് ജോൺ ഉൾപ്പെടുന്ന അഞ്ചംഗസംഘം. എന്നാൽ രാത്രിയിൽ ആഞ്ഞടിച്ച കാറ്റിനും ഇളകിമറിഞ്ഞ തിരമാലകൾക്കുമുന്നിൽ വള്ളം കമിഴ്ന്നപ്പോൾ വള്ളത്തിൽ ഉണ്ടായിരുന്ന അഞ്ചുപേരും തെറിച്ചു വീഴുകയായിരുന്നു. അതിൽ ഒരുവിധം പണിപ്പെട്ട് നാലുപേർ സ്വയരക്ഷാർത്ഥം കമിഴ്ന്ന വള്ളത്തിൽപിടിച്ച് ആറുമണിക്കൂറോളം ജീവനുവേണ്ടി മരണവുമായി മല്ലയുദ്ധം നടത്തി. ഒടുവിൽ മറ്റൊരു മത്സ്യത്തൊഴിലാളിയുടെ വള്ളത്തിലേക്ക് കയറുമ്പോൾ കാണാതായ തങ്ങളുടെ പ്രിയപ്പെട്ട ജോണിനുവേണ്ടി അപ്പോൾത്തന്നെ ക്ഷീണിച്ച ശരീരവും മുറിഞ്ഞ മനസ്സുമായി തങ്ങളുടെ പരിമിതിക്കുള്ളിൽനിന്നുള്ള തിരച്ചിൽ നടത്തിയിട്ടാണ് അവർ കരയ്ക്കടുക്കുന്നത്. പുല്ലുവിളയിൽനിന്ന് കടൽപ്പണിക്ക് പോയവർ നേരിട്ട അനുഭവമാണിത്. ഇതുപോലെ അടിമലത്തുറയിൽനിന്നും കടൽപ്പണിക്കു പോയി അപകടത്തിൽപ്പെട്ട ആന്റണിയുടെ ശരീരം പിന്നീട് കണ്ടെടുത്തെങ്കിലും മൂന്നാഴ്ച കഴിഞ്ഞിട്ടും ഇന്നും ജോണിനായി തിരച്ചിൽ നടക്കുകയാണ്.

കാണാതായ ജോണിന്റെ മക്കളും മത്സ്യത്തൊഴിലാളി സമൂഹവും ഭരണകൂടസംവിധാനത്തിനെതിരെ ഉയർന്നുപൊങ്ങുന്ന തിരമാലപോലെ ഉയർത്തുന്ന ന്യായമായ ചില ചോദ്യങ്ങളുണ്ട്. എന്തുകൊണ്ടാണ് അപകടമുന്നറിയിപ്പ് സമയബന്ധിതമായി നൽകാത്തത്? ഒരു അപകടം ഉണ്ടാകുമ്പോൾ Golden hour ആയ ആദ്യമണിക്കൂറിലെ രക്ഷാപ്രവർത്തനത്തിൽ അലംഭാവം കാണിച്ചത് എന്തുകൊണ്ട്? ഊർജിതമായ തിരച്ചിലിനുവേണ്ട നാവിക വ്യോമ റെസ്ക്യൂ ബോട്ട് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ആദ്യമേ പ്രയോജനപ്പെടുത്താത്തതിന്റെ കാരണമെന്ത്? കാണാതായത് ഒരാളാണെങ്കിലും ഒന്നിലധികം പേരാണെങ്കിലും കണ്ടുകിട്ടാനുള്ള മനുഷ്യജീവന് എന്തുവിലയാണ് കല്പിക്കപ്പെടുന്നത്? നഷ്ടപ്പെടുന്നത് മത്സ്യത്തൊഴിലാളി ജീവനുകൾ ആകുമ്പോൾ രക്ഷാപ്രവർത്തനസമീപനങ്ങൾ ഇങ്ങനെതന്നെ തുടരുമെന്നാണോ?

ഇന്ന് ലോകത്തുതന്നെ അതിസാഹസികമായ ഒരു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ് മത്സ്യത്തൊഴിലാളികൾ. ജനിതകമായിത്തന്നെ അവരുടെ സിരകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട ഉൾക്കരുത്തിന്റെ ഉശിരുമായി മുന്നിലേക്ക് ആർത്തലയ്ക്കുന്ന പടുകൂറ്റൻ തിരമാലകളെ കീറിമുറിച്ച് ഉൾക്കടലിലേക്ക് വലയെറിയുമ്പോൾ തീരത്ത് പ്രതീക്ഷയോടെ, പ്രാർത്ഥനയോടെ അവരെ കാത്തിരിക്കുന്നത് അനേകം കുടുംബങ്ങളാണ്. 2018 ലെ പ്രളയകാലത്ത്, രക്ഷയ്ക്ക് മുന്നിട്ടിറങ്ങിയ മത്സ്യത്തൊഴിലാളികളെ ഭരണാധികാരികളും വാർത്താമാധ്യമങ്ങളും "കേരളത്തിന്റെ രക്ഷാസൈന്യ"മെന്ന് വിശേഷിപ്പിക്കുകയും നോബൽ സമ്മാനം കൊടുക്കണമെന്നുവരെ പ്രകീർത്തിക്കുകയും ചെയ്തു.

അധികാരികളുടെ വാക്കുകളിലെ ചേർത്തുപിടിക്കൽ പ്രവൃത്തിപഥത്തിലേക്ക് വന്നാൽ കോരന് കുമ്പിളിൽത്തന്നെ കഞ്ഞിയെന്നപോലെയാണ് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ

അവസ്ഥ. സർക്കാർ സംവിധാനങ്ങളുടെ ഗുരുതരമായ പിഴവുമൂലം 2004ലെ സുനാമിയും 2017ലെ ഓഖിയും മത്സ്യത്തൊഴിലാളി സമൂഹത്തിന് തീരാനഷ്ടം വരുത്തിവെച്ച രണ്ടു മഹാദുരന്തങ്ങളാണ്. എന്നാൽ, അത്യാധുനിക സാങ്കേതികവിദ്യയുടെ വികാസവും വളർച്ചയുമുണ്ടായിക്കൊണ്ടിരിക്കുന്ന ഈ വിവരസാങ്കേതികവിദ്യയുടെ കാലഘട്ടത്തിലും അതിന്റെ യാതൊരു പ്രയോജനവും ലഭിക്കാതെ, ഇന്നും സ്വന്തം തൊഴിലിടങ്ങളിൽ സുരക്ഷിതത്വമില്ലായ്മയും കാലാവസ്ഥാപ്രവചനങ്ങളിലെ പിഴവുമൂലവും സ്വന്തം ജീവനും ജീവനോപാധികളും നഷ്ടമാകുന്നവരും അപകടം സംഭവിക്കുന്നവരുമായ മത്സ്യത്തൊഴിലാളികളുടെ എണ്ണം ക്രമാതീതമായി വർഷാവർഷം കൂടിവരികയാണ്.



എപ്പോഴും എല്ലാം സംഭവിച്ചതിനുശേഷം മത്സ്യത്തൊഴിലാളി സമൂഹത്തിന് ഭരണാധികാരികൾ നൽകുന്ന വാഗ്ദാനങ്ങൾക്കും സമാശ്വസിപ്പിക്കലുമപ്പുറം അപകടം സംഭവിച്ചാൽ സമയോചിതമായ ഇടപെടൽ നടത്താൻ പ്രാദേശിക കാലാവസ്ഥാസംവിധാനങ്ങൾ ഉൾപ്പെടെയുള്ള പ്രതിവിധി ഒരുക്കാൻ സർക്കാർ സംവിധാനങ്ങൾ തയ്യാറാകുന്നില്ല എന്നതാണ് അനുഭവങ്ങളുടെ വെളിച്ചത്തിൽ പങ്കുവയ്ക്കാനുള്ള ഒരു സങ്കടകരമായ വസ്തുത. മത്സ്യത്തൊഴിലാളികളുടെ ജീവിതം വെല്ലുവിളി നിറഞ്ഞതും ദുരിതപൂർണവുമായ സാഹചര്യത്തിൽ മുന്നോട്ടുപോകുമ്പോൾ കടലിലുണ്ടാകുന്ന ദുരന്തങ്ങളുടെ പശ്ചാത്തലത്തിലെങ്കിലും മാറിമാറിവരുന്ന സർക്കാരുകൾ എന്തെങ്കിലും പഠനം നടത്താൻ തയ്യാറായിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൽനിന്നും എന്ത് പാഠമാണ് പ്രാബല്യത്തിൽ കൊണ്ടുവന്നത് ?

കടലിലെ അപകടത്തെ കൃത്യമായി നേരിടാനുള്ള നടപടിക്രമം എന്ന നിലയ്ക്ക് ഒരു SOP(Standard Operating Procedure)യെങ്കിലും രൂപീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു നടപ്പാക്കാനുള്ള സന്നാഹങ്ങൾ ഒരുക്കിയിട്ടുണ്ടോ? ഇവിടെയാണ് കടലിൽ കാണാതായ ജോണിന്റെ മകൾ, സർക്കാരിന്റെ തിരച്ചിൽ സന്നാഹത്തിലുള്ള ഗുരുതരമായ അനാസ്ഥയെ പൊതുമധ്യത്തിൽ തുറന്നുകാട്ടാൻ നിർബന്ധിതയായത്. "അതെ, അടിയന്തര തിരച്ചിൽ നടത്തേണ്ട ബോട്ട് വിഴിഞ്ഞം ഹാർബറിൽ കാലഹരണപ്പെട്ട് കട്ടപ്പുറത്താണ്. ഇനി മറ്റൊരു ബോട്ടിൽ തിരച്ചിലിന് ഇറങ്ങിയ രക്ഷാദൗത്യത്തിലെ അംഗം കടലിൽ കുറച്ചുദൂരം പിന്നിട്ടപ്പോൾ കടുത്ത ഛർദ്ദിൽമൂലം തിരികെ കയറുന്നു." ഒരപകടം സംഭവിച്ച് ആദ്യ മണിക്കൂറുകളിൽത്തന്നെ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടേണ്ട ദുരന്തനിവാരണ സംവിധാനം സ്വയം ഒരു ദുരന്തമായിമാറുന്നത് അങ്ങേയറ്റം നിസ്സഹായതയോടെയാണ് ജോണിന്റെ മക്കൾക്ക് നോക്കിനിൽക്കേണ്ടിവന്നത്. ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 21 (ഓരോ പൗരന്റെയും ജീവനും സ്വത്തും സംരക്ഷിക്കുക എന്നത് സർക്കാരിന്റെ കടമയാണ്)-ന്റെ നഗ്നമായ ലംഘനമാണ് അപകടത്തിലായ മത്സ്യത്തൊഴിലാളികുടുംബം നേരിട്ടതെന്ന്, സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ നമുക്ക് പറയാൻ സാധിക്കും.

തങ്ങൾക്ക് നിഷേധിക്കപ്പെട്ട നീതിക്കായി ജോണിന്റെ മകൾ ജിജി ജോൺ കടലിന്റെ ഗദ്ഗദത്തോടെ ഉച്ചത്തിൽ ഭരണസംവിധാനത്തിന്റെ പോരായ്മകൾ അക്കമിട്ട് നിരത്തിയപ്പോൾ മുഖ്യധാരാമാധ്യമങ്ങൾ അന്തിച്ചർച്ചയ്ക്ക് അതിനെ ഗൗരവമേറിയ വിഷയമാക്കി. ഉറക്കത്തിലായിരുന്ന ഭരണകൂടം വൈകിയെങ്കിലും തിരച്ചിൽ ഊർജിതപ്പെടുത്താൻ നിർബന്ധിതമായി. ജോണിന്റെ വീട്ടുകാരുടെ സമാനനുഭവം നേരിടേണ്ടിവന്ന മുതലപ്പൊഴിയിലെ ഷിജിന്റെ ഭാര്യയും നീണ്ടകരയിൽ ഗൗതമിന്റെ അമ്മയും മാധ്യമങ്ങൾക്ക് മുന്നിൽ തുറന്നുപറഞ്ഞു. തുടർന്ന് കാണാതായവരുടെ വീടുകളിൽ ഭരണ-പ്രതിപക്ഷ ഉന്നതനേതാക്കളുടെ സന്ദർശനവും ഇടപെടലുമെല്ലാമുണ്ടായത് ജോണിന്റെ മകളുടെ അഭിപ്രായവിസ്ഫോടനത്തിൽ നിന്നുകൂടിയുള്ളതാണെന്ന് നിസ്സംശയം പറയാം.

എല്ലാകാലത്തും ഭരണത്തിലിരിക്കുന്നവരുടെ വാക്കിനാൽ മുറിവേറ്റും പ്രവൃത്തിയാൽ പിന്തള്ളപ്പെട്ടും കഴിയുന്ന ഒരു വിഭാഗമായി തീരദേശസമൂഹം മാറുകയാണോയെന്ന് ന്യായമായും സംശയിച്ചുപോകുന്നു. അധികാരമില്ലാത്തപ്പോൾ മത്സ്യത്തൊഴിലാളിസ്നേഹത്തെക്കുറിച്ച് പ്രഭാഷണം നടത്തുകയും അധികാരക്കസേരയിലേറുമ്പോൾ അയിത്തം വച്ചുപുലർത്തുകയും ചെയ്യുന്ന സവർണ മേധാവിത്വത്തിന്റെ വാചാലതയെ നമ്മൾക്കെങ്ങനെ കണ്ടില്ലെന്ന് നടിക്കാൻ സാധിക്കും?

ISRO ക്ക് ഏക്കർ കണക്കിന് ഭൂമി സൗജന്യമായി കൊടുത്തിട്ട് ഇന്നും വീടുകൾ കടലെടുത്തതുമൂലം ഗോഡൗണുകളിൽ കഴിയേണ്ടിവരുന്നവർ, അപരന്റെ ജീവന് രക്ഷകരായവർ വികസനത്തിന്റെ കവാടമെന്ന് പറയുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വളർച്ചയിൽ ഇരകളാക്കപ്പെടേണ്ടി വരുന്നവർ, രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും സാമ്പത്തിക വികസനതാൽപര്യങ്ങൾക്ക് എന്നും എല്ലാക്കാലവും ചവിട്ടുപടിയാകേണ്ടി വരുന്നവർ, ചോദിക്കുന്നത് ഔദാര്യമല്ല, തങ്ങളുടെ അവകാശമാണ്. "നീതിക്കായി കൈവിൽ നിൽക്കേണ്ടവരല്ല, സ്വാഭാവികമായും ഞങ്ങൾക്കും അതു ലഭിക്കേണ്ടതാണ്. കാരണം, ഞങ്ങളും ഈ നാട്ടിലെ പൗരന്മാരാണ്" എന്ന ബോധ്യത്തോടെ ജോണിന്റെ മകളാണെങ്കിലും ഷിജിന്റെ ഭാര്യയാണെങ്കിലും ഗൗതമിന്റെ അമ്മയാണെങ്കിലും സ്വരം ഉയർത്തുമ്പോൾ വൈകിയെങ്കിലും ഉറക്കം ഉണർന്ന ഭരണസംവിധാനങ്ങൾ ഇനിയെങ്കിലും മത്സ്യത്തൊഴിലാളികളുടെ ജീവനുകൾൾക്കു മുന്നിൽ ഉറങ്ങാതിരിക്കട്ടെ! ശാശ്വതമായ, ദീർഘവീക്ഷണമുള്ള സംവിധാനങ്ങൾക്ക് രൂപംകൊടുക്കാൻ സാധിക്കട്ടെ!

നമുക്ക് പ്രത്യാശയോടെ കാത്തിരിക്കാം. വേറെന്ത് വഴി?

•

• കവിത

ഐറിസ്



തോൽപിക്കാനാവില്ലാ സാന്തിയാഗോ

സാന്തിയാഗോ
കാലങ്ങളായി കാഴ്ചയിൽ
കോർക്കാൻ
വിധിക്കപ്പെട്ടവർ നമ്മൾ

കരയിൽനിന്ന് ഒറ്റയാനായി
തള്ളിപ്പറയലുകൾ വകഞ്ഞ്
ചാട്ടുളിയും തുരുമ്പിച്ച കത്തിയും
ചോരമണക്കും ചൂണ്ടക്കയറുമായി
ചെറുവള്ളം തുഴഞ്ഞ്
പുറങ്കടലിലെത്തിയ ചേലാളി

നീ തുഴയെറിയും വഴികൾ
മനക്കണ്ണാലളന്ന്
മനോളിമാർ പിന്തുടർന്നെത്തുമെന്ന്
പാരമ്പര്യവഴികൾ കാക്കുമെന്ന് നിനക്കറിയാം
കാറ്റും വെയിലും മഴയും ചുഴിയും
വഴിതടഞ്ഞിട്ടും
ആയിരം മുഴുതിങ്കൾ കണ്ട നിന്റെ കണ്ണുകൾ
എന്റെ ചോരയ്ക്കായി ആയുധമെടുത്തു

ഞാനോ
ആഴങ്ങളമ്മാനമാടിയവൾ
ആരുംകാണാ കടലാഴത്തിൻ
പൊരുൾ
ഉടലിലും ഉയിരിലും
ആവാഹിച്ചേറ്റിയവൾ
പാരുകളിൽ തലമുറകളെപ്പോറ്റി
മായക്കാഴ്ചകൾ വഴിതെറ്റിക്കുമെന്ന്
ഇളമക്കാരെ ചൊല്ലിയുറപ്പിച്ചവൾ
കടലിൻവഴി വാക്കിൻവഴിയെന്ന്
ജനിതകം കണ്ടറിഞ്ഞ കണ്ണി

കടലും കരയും കരളുപങ്കിട്ട
കാലത്തിൻ കഥകൾ
കാറ്റിൻകൈയിൽ ചൊല്ലിയേല്പിച്ച
നാൾ
കാലമെത്തിയെന്നറിഞ്ഞ്
നിന്റെ തോണിക്കൊളുത്തിൽ
ഇരയാകാനെത്തിയവൾ
എന്റെയുടൽവലിപ്പത്തിൽ
കണ്ണെറിഞ്ഞ നീ
എന്റെയുള്ളറിഞ്ഞില്ല
എന്റെ വിടറിഞ്ഞില്ല
എന്റെ വാക്കിൻവഴി തേടിയില്ല

നിന്റെയുന്മാദത്തിൽ എന്റെ ഉയിരെടുക്കലിൽ
ഇരുളാണ്ടത് കാലം കാത്ത കവരുകൾ

നീയീ പുറങ്കടലിൽ എങ്ങടെ ചോരവീഴ്ത്തി
നായാട്ടിന്നഹന്തയിൽ
ആവാസയിടങ്ങൾ ഉഴുതുമറിച്ചു
എണ്ണയൂറ്റി മണലേറ്റി
ആണവവിഷക്കനികൾ പുതച്ചിട്ട്
കരയിൽ സാമവേദമോതുന്നു

എന്നെ കൊല്ലാക്കൊലചെയ്തിട്ടും
എന്റെയെല്ലുകൾ കരയേറ്റി ഒച്ചപ്പെടുത്തിയിട്ടും
നിനക്കീ മാർലീനെ
പോരാട്ടത്തിൻ പെൺകരുത്തിനെ
തോല്പിക്കാനായോ സാന്തിയാഗോ

നിന്റെയൊടുക്കമോ എന്റെ
വീണ്ടെടുപ്പോ തിരയാൻ
ഹവാനയിലെ ആ എഴുത്താളന്
പൊരുൾ തിരഞ്ഞോ

എന്റെ തലമുറകൾ തോറ്റിയുണർത്തും
അടിയാളവാഴ്വിൻ പാടലുകൾ
കടൽപെറ്റ് കാലക്കരുത്തായവൾ
വാക്കായുരുവം കൊണ്ട്
മുറുതലിപ്പിൻ മുനരാകി
കാലത്തെയുണർത്തും

നിനക്കെന്നെ
കൊല്ലാനാവുമായിരിക്കും
എന്നെത്തളച്ച്
തോല്പിക്കാനാവില്ലൊരിക്കലും
സാന്തിയാഗോ

•

(ഏണസ്റ്റ് ഹെമിങ്വേയുടെ കടൽനായാട്ട് കഥയ്ക്ക് കടൽ ഒപ്പാരിച്ച മുകവിത)



• ലേഖനം
ഫാ. മെൽക്കൺ



കടലും കരയും മനുഷ്യനും: സഭയുടെ സാമൂഹ്യ ദൗത്യം

നമ്മുടെ അതിരൂപതയിലെ ഒരു തീരദേശ ഇടവകയിൽ പതിവുപോലെ എല്ലാ വള്ളങ്ങളും കടലിൽപോകാൻ തയ്യാറാകുന്നു. വൈകുന്നേരം 4 മണി സമയമായപ്പോഴേയ്ക്കും പകുതി വള്ളങ്ങൾ കടലിൽപോയിക്കഴിഞ്ഞു. അപ്പോഴാണ് ആ വാർത്ത പടർന്നത്. ഇന്നലെ സന്ധ്യയ്ക്കുപോയ വള്ളങ്ങളിൽ ഒരു വള്ളം ഇതുവരെയും തിരിച്ചെത്തിയില്ല. വീടുകളിൽ കാത്തുനിന്നിരുന്ന കുടുംബങ്ങളുടെ കണ്ണുകളിൽ ആശങ്ക നിറഞ്ഞു. ചിലർ കടലിലേയ്ക്കു നോക്കി പ്രാർഥിച്ചു; ചിലർ സഹായത്തിനായി ഓടി; മറ്റുചിലർ രക്ഷാപ്രവർത്തനത്തിനായി തയ്യാറായി. മൂന്നു വള്ളങ്ങളിൽ മത്സ്യത്തൊഴിലാളികൾതന്നെ തിരച്ചിൽ ആരംഭിച്ചു.

അവിടെ ആരും ചോദിച്ചില്ല- "ഇത് ആരുടെ കുടുംബമാണ്?" ആരും ചോദിച്ചില്ല- "അവർക്ക് നമ്മളുമായി എന്ത് ബന്ധമാണ്?" ഒരു കാര്യം മാത്രമായിരുന്നു എല്ലാവരുടെയും മനസ്സിൽ: "അവരെ സുരക്ഷിതരായി തിരികെ കൊണ്ടുവരണം." ഇതാണ് ഒരു സമൂഹത്തിന്റെ യഥാർത്ഥ ശക്തി. മറ്റൊരാളുടെ വേദനയെ സ്വന്തം വേദനയായി കാണുന്ന മനസ്സ്. മറ്റൊരാളുടെ കണ്ണീരിൽ സ്വന്തം ഉത്തരവാദിത്വം തിരിച്ചറിയുന്ന മനസ്സ്. മറ്റൊരാളുടെ പ്രതിസന്ധിയിൽ "എനിക്ക് എന്ത്ചെയ്യാൻ കഴിയും?" എന്ന് ചോദിക്കുന്ന മനസ്സ്.

സഭയുടെ സാമൂഹ്യ ശുശ്രൂഷയുടെ വേരുകളും ഇതേ മനോഭാവത്തിലാണ്. ലോകത്തിലെ എല്ലാ പ്രശ്നങ്ങളും ഒരേസമയം പരിഹരിക്കാൻ സഭയ്ക്ക് കഴിഞ്ഞെന്നു വരില്ല. എല്ലാ ദാരിദ്ര്യവും ഇല്ലാതാക്കാനും എല്ലാ അനീതികൾക്കും ഉടൻ പരിഹാരം കാണാനും കഴിയില്ല. എന്നാൽ, ഒരു വിശക്കുന്ന മനുഷ്യന് ഭക്ഷണം നൽകാൻ കഴിയും. പഠനം ഉപേക്ഷിക്കേണ്ടിവരുന്ന ഒരു കുട്ടിയുടെ കൈപിടിക്കാൻ കഴിയും. തൊഴിൽനഷ്ടപ്പെട്ട കുടുംബത്തിന് ഒരു പുതിയ വഴിതുറക്കാൻ കഴിയും. രോഗിയുടെ കിടക്കയ്ക്കരികിൽ പ്രത്യാശയുടെ സാന്നിധ്യമായി നിൽക്കാൻ കഴിയും. കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട ഒരു കുടുംബത്തോട് "നിങ്ങൾ ഒറ്റയ്ക്കല്ല" എന്ന് പറയാൻ കഴിയും. അവിടെയാണ് സഭയുടെ സാമൂഹ്യശുശ്രൂഷ ആരംഭിക്കുന്നത്.

തിരുവനന്തപുരം രൂപതയുടെ സാമൂഹ്യപ്രവർത്തനം

അഭിവന്ദ്യ പീറ്റർ ബർണാർഡ് പെരേര തിരുമേനി 1960-കളിൽ തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റിക്ക് രൂപംനല്കി. ആദ്യ കാലഘട്ടങ്ങളിൽ പട്ടിണി മാറ്റാനും ഭവനനിർമാണത്തിനുമാണ് പ്രാധാന്യം നല്കിയത്. അതിരൂപതയുടെ കൈവശമുണ്ടായിരുന്ന ഭൂമി ഭൂരഹിതർക്ക് പതിച്ചുനല്കുകയും ഭവനങ്ങൾ നിർമിക്കാൻ സഹായിക്കുകയും ചെയ്തു. മൺവിള, തുണ്ടത്തിൽ എന്നീ ഇടങ്ങളിൽ ഇവ നടപ്പിലാക്കി. എന്നാൽ, 1962-ൽ തുടങ്ങിയ മത്സ്യനാട് പദ്ധതി എക്കാലത്തെയും മാതൃകാപരമായ സാമൂഹ്യപ്രവർത്തനമായിരുന്നു. രൂപത സ്വന്തം നിലയ്ക്ക് സ്ഥലംവാങ്ങി ഭവനങ്ങൾ നിർമിച്ച് രൂപതയുടെ വിവിധ പ്രദേശങ്ങളിൽനിന്ന് (ജനസാന്ദ്രതയുള്ള) കുടുംബങ്ങളെ കൊണ്ടുവന്ന് അവരെ പാർപ്പിക്കുകയും ആധുനിക മത്സ്യബന്ധനരീതികൾ പഠിപ്പിക്കുകയും മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. നിരവധിയായിട്ടുള്ള സാമൂഹ്യപ്രവർത്തനങ്ങൾ ചെയ്യാൻ തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റിക്ക് സാധിച്ചു.

സാമൂഹ്യശുശ്രൂഷ

അഭിവന്ദ്യ സൂസപാക്യം തിരുമേനി നടപ്പിലാക്കിയ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളും ശുശ്രൂഷാതല പ്രവർത്തനങ്ങളും അതിരൂപതയിൽ വിപ്ലവാത്മകമായ മാറ്റങ്ങൾക്ക് വഴിതെളിച്ചു. സാമൂഹ്യപ്രവർത്തനം ഒരു സംഘടനയുടെ പ്രവർത്തനം



മാത്രമല്ല മറിച്ച്, അതിരൂപതയുടെ സാമൂഹ്യശുശ്രൂഷയാണെന്ന് ബിഷപ് പഠിപ്പിച്ചു. ഓരോ ഇടവകയിലും സാമൂഹ്യശുശ്രൂഷാസമിതികൾ രൂപീകരിക്കുകയും ഓരോ ഇടവകയും വരുമാനത്തിന്റെ 15 ശതമാനം സാമൂഹ്യപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുകയും ചെയ്യണം എന്ന നയം നടപ്പിലാക്കി.

സഭയുടെ സാമൂഹ്യശുശ്രൂഷ എന്നത് ദരിദ്രർക്കുവേണ്ടി എന്തെങ്കിലും ചെയ്യുക എന്നതല്ല; മറിച്ച് ദരിദ്രരോടൊപ്പം നടക്കുകയും അവരുടെ അന്തസ്സ് സംരക്ഷിക്കുകയും അവരുടെ ജീവിതത്തിൽ പ്രത്യാശയുടെ വഴികൾ തുറക്കുകയും ചെയ്യുന്നതാണ്. നീതിക്കായുള്ള പ്രതിബദ്ധത അതിന്റെ അവിഭാജ്യ ഘടകമാണ്. കുടുംബങ്ങളുടെ ശിഥിലീകരണത്തിന് കാരണമായ മദ്യത്തിനെതിരെ അതിശക്തമായ സമരങ്ങളാണ് അതിരൂപത നടത്തിയത്. അതിരൂപതയ്ക്ക് അകത്തുള്ള പല സ്ഥലങ്ങളിലേയും ചാരായ വാറ്റ് നിർത്തലാക്കാൻ അതിരൂപതയ്ക്കായി. സ്ത്രീധനപ്രശ്നങ്ങൾ, ആർഭാടം, അനാവശ്യച്ചെലവുകൾ എന്നിവ നിയന്ത്രിക്കാൻ വിപുലമായ ബോധവത്കരണം നടത്തി. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ യഥാർത്ഥ വിശ്വാസബോധനം നടത്തി. വിദ്യാഭ്യാസ വളർച്ചയ്ക്കായി ധാരാളം പദ്ധതികൾ അതിരൂപത വിജയകരമായി നടപ്പിലാക്കി.

സാമൂഹ്യ പ്രവർത്തനം - ഇന്ന്

അതിരൂപതയുടെ സാമൂഹ്യശുശ്രൂഷയെക്കുറിച്ച് സംസാരിക്കുമ്പോൾ നാം ആദ്യം ചോദിക്കേണ്ടത്: "നമുക്ക് എത്ര പദ്ധതികൾ ഉണ്ട്?" എന്നല്ല. പകരം, "നമ്മുടെ സമൂഹത്തിലെ മനുഷ്യരുടെ വേദന നാം എത്രമാത്രം കേൾക്കുന്നുണ്ട്?" എന്നാണ്. കാരണം, കടലിനോടുചേർന്ന് ജീവിക്കുന്ന മനുഷ്യരുടെ ജീവിതം കടലിന്റെ തിരമാലകൾപോലെതന്നെ അനിശ്ചിതത്വങ്ങളാൽ നിറഞ്ഞതാണ്. മത്സ്യലഭ്യതക്കുറവ്, കാലാവസ്ഥാവ്യതിയാനം, കടലാക്രമണം, തൊഴിൽ അനിശ്ചിതത്വം, കടബാധ്യത, വിദ്യാഭ്യാസത്തിലെ വെല്ലുവിളികൾ, ആരോഗ്യപ്രശ്നങ്ങൾ, ഭവനപ്രശ്നങ്ങൾ, മദ്യം, മയക്കുമരുന്ന്, സ്ത്രീകളുടെ സാമ്പത്തിക സുരക്ഷ തുടങ്ങിയ നിരവധി വിഷയങ്ങൾ തീരദേശ സമൂഹത്തിന്റെ ജീവിതത്തെ സ്വാധീനിക്കുന്നു.

അതിനാൽ, തീരദേശ മേഖലയിൽ അതിരൂപതയുടെ സാമൂഹ്യശുശ്രൂഷ സാധാരണമായ സഹായപ്രവർത്തനങ്ങളുടെ ഒരു കൂട്ടമായി മാത്രം മാറരുത്. തീരത്തിന്റെ ജീവിതത്തെ മനസ്സിലാക്കുന്ന, കടലിന്റെ ഭാഷ അറിയുന്ന, മത്സ്യത്തൊഴിലാളികളുടെ വേദന കേൾക്കുന്ന, കുടുംബത്തിന്റെ പ്രതിസന്ധിയിൽ കൂടെനിൽക്കുന്ന, കുട്ടികളുടെ ഭാവിയെ സംരക്ഷിക്കുന്ന ഒരു സാമൂഹ്യ ശുശ്രൂഷയായിരിക്കണം അത്. ഇവിടെ ഒരു പ്രധാനമാറ്റം ആവശ്യമാണ്: "അവർക്കുവേണ്ടി" എന്ന മനോഭാവത്തിൽനിന്ന് "അവരോടൊപ്പം" എന്ന മനോഭാവത്തിലേക്ക് മാറണം.

ക്രൈസ്തവ സാമൂഹിക പ്രവർത്തനത്തിന്റെ അടിസ്ഥാന ദർശനം

കത്തോലിക്കാ സഭയുടെ സാമൂഹ്യപ്രബോധനം പ്രധാനമായും മനുഷ്യവ്യക്തിയുടെ അന്തസ്സ്, പൊതുനന്മ, ഐക്യദാർഢ്യം, ഉപസഹായതത്വം, ദരിദ്രരോടുള്ള മുൻഗണന, പ്രകൃതി സംരക്ഷണം തുടങ്ങിയ തത്വങ്ങളെ അടിസ്ഥാനമാക്കിയാണ് രൂപപ്പെട്ടിരിക്കുന്നത്. സഭയുടെ സാമൂഹ്യപ്രവർത്തനത്തിന്റെ കേന്ദ്രത്തിൽ "മനുഷ്യൻ" ആണ്. ഓരോ മനുഷ്യനും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണ്. അതുകൊണ്ടുതന്നെ വ്യക്തിയുടെ സമഗ്രമായ വളർച്ചയാണ് സാമൂഹ്യശുശ്രൂഷ ലക്ഷ്യംവയ്ക്കേണ്ടത്. "സമ്പത്ത്"- ഉണ്ടായാൽ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടും എന്ന് വിശ്വസിച്ച് പണസമ്പാദനംമാത്രം ലക്ഷ്യംവയ്ക്കുന്ന സാമൂഹ്യപ്രവർത്തനങ്ങൾ ഭാഗികമായ വളർച്ചമാത്രം ആയിരിക്കും. ജനത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കാതെ പ്രോജക്ടുകൾ അനുസരിച്ചുമാത്രം സാമൂഹ്യപ്രവർത്തനം ആസൂത്രണം ചെയ്യണം.

വിദേശരാജ്യങ്ങളിലേക്ക് പഠനത്തിനും ജോലിക്കും പറഞ്ഞയയ്ക്കുന്ന ഏജൻസിയായിമാത്രം സാമൂഹ്യശുശ്രൂഷ മാറാതെ ഉയർന്ന വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സ്കോളർഷിപ്പ്, മത്സര പരീക്ഷകൾക്കുള്ള പരിശീലനം, ഡിജിറ്റൽ പഠന സൗകര്യങ്ങൾ എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാം. നമ്മുടെ നാട്ടിൽതന്നെ ഉയർന്ന ശമ്പളംകിട്ടുന്ന ജോലികൾ നേടിയെടുക്കാൻ യുവജനങ്ങളെ പരിശീലിപ്പിക്കണം. അതിനുള്ള പ്രചോദനം നൽകണം.

മത്സ്യമേഖലയിൽ സംരംഭകത്വ പരിശീലനം, മത്സ്യസംസ്കരണ പരിശീലനം, സുരക്ഷിതമായ മത്സ്യബന്ധന പരിശീലനം, പ്രകൃതിക്ഷോഭകാലത്ത് അടിയന്തരസഹായ സംവിധാനം, മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണം, ആവശ്യമായിടത്ത് സർക്കാർ സംവിധാനങ്ങളിലേക്കും നിയമപരമായ സഹായ സംവിധാനങ്ങളിലേക്കും ആളുകളെ ബന്ധിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾക്ക് അതിരൂപത സാമൂഹ്യ ശുശ്രൂഷ സമിതി മുന്നിട്ടിറങ്ങണം. ഇന്ന് ഏറെ ആവശ്യമായിവരുന്ന വയോജന പരിചരണം, ഒപ്പം വൃദ്ധജനങ്ങളുടെ മാനസിക-സാമൂഹിക പരിപോഷണം; ജീവിതശൈലി രോഗങ്ങളെക്കുറിച്ച് ബോധവത്കരണം, രോഗികൾക്കും ഭിന്നശേഷിക്കാർക്കുമുള്ള പിന്തുണയും പരിചരണവും, ഡി-അഡിക്ഷൻ സെന്ററുകൾ, കുട്ടികളുടെ മാനസികാരോഗ്യം എന്നിവയിൽ പുതിയ കാൽവയ്പുകൾ നടത്തണം.

ഉപസംഹാരം

കടൽത്തീരത്ത് ഒരു വിളക്കുമാടം നിൽക്കുന്നതായി ചിന്തിക്കുക. വിളക്കുമാടം കടലിലെ തിരമാലകളെ നിർത്തുന്നില്ല; കാറ്റിനെ തടയുന്നില്ല; കൊടുങ്കാറ്റിനെ ഇല്ലാതാക്കുന്നില്ല. പക്ഷേ ഇരുട്ടിൽ വഴിതെറ്റിയവന് വഴികാണിച്ചുകൊടുക്കുന്നു. അതുപോലെ അതിരൂപതയ്ക്കും സമൂഹത്തിലെ എല്ലാ പ്രശ്നങ്ങളും ഒറ്റയടിക്ക് ഇല്ലാതാക്കാൻ കഴിഞ്ഞെന്നുവരില്ല. എന്നാൽ, ഇരുട്ടിലായ മനുഷ്യന് പ്രത്യാശയുടെ വെളിച്ചമാകാൻ കഴിയും. വിശക്കുന്നവന് കരുണയുടെ വെളിച്ചം. തൊഴിൽ നഷ്ടപ്പെട്ടവന് പ്രത്യാശയുടെ വെളിച്ചം. പഠനം മുടങ്ങുന്ന കുട്ടിക്ക് അവസരത്തിന്റെ വെളിച്ചം. ദുരന്തത്തിൽ തകർന്ന കുടുംബത്തിന് സാന്നിധ്യത്തിന്റെ വെളിച്ചം. പരിസ്ഥിതി നശിക്കുന്നിടത്ത് ഉത്തരവാദിത്വത്തിന്റെ വെളിച്ചം. അങ്ങനെ അതിരൂപതയുടെ സാമൂഹ്യ ശുശ്രൂഷ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സാമൂഹിക സാക്ഷ്യമായി മാറണം. •



ചരിത്രം പെറ്റിട്ട ദിവസങ്ങൾ

ജൂലൈ 20 വളരെ നിർണായകമായിരുന്നു. ഇന്ത്യൻ സ്റ്റേറ്റ് എന്താണെന്ന് ലോകത്തിനുമുമ്പിൽ അന്നു തുറന്നുകാട്ടപ്പെട്ടു. വലിയ വെല്ലുവിളിയുടെ ആ ദിവസത്തെ യുവാക്കൾ ശാന്തമായി അതിജീവിച്ചു. ഇന്ത്യൻ ജനതയുടെ കരുത്ത് അവർക്ക് തുണയായി നിന്നു.

• ആനുകാലികം
പ്രതാപൻ. എ

ചരിത്രം ഇപ്പോൾ പെറ്റിട്ട ദിവസങ്ങളാണ് ഇക്കഴിഞ്ഞ ജൂലൈ 20 മുതൽ 25 വരെയുള്ള ദിവസങ്ങൾ. ആ നവജാത ദിനങ്ങളുടെ ഈർപ്പം ഇനിയും വറ്റിയിട്ടില്ല. ക്രമേണ ഈ ദിവസങ്ങളും വളരും. ആധുനിക ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദിവസങ്ങളിൽ ചിലതായി അവ മുതിർന്ന വരും. അതിന്റെ പ്രാധാന്യം തിരിച്ചറിയാൻ ചിലപ്പോൾ കാലമെടുത്തെന്ന വരും. ഇപ്പോഴും നമ്മൾ ആ തീക്ഷ്ണമുഹൂർത്തങ്ങളുടെ പിടിയിലാണ്. ഏതും മനസ്സിലാക്കാൻ ഒരകലം വേണം. ഭാവിയിൽ ആ അകലത്തിന്റെ സഹായത്താൽ നമ്മുടെ ചരിത്രത്തിലെ ദശാസന്ധിയുടെതന്നെ പ്രധാന ദിവസങ്ങളായിരുന്ന അതെന്ന് മനസ്സിലാക്കപ്പെടും.

ഇന്ത്യൻ ഫാസിസം അതിന്റെ യഥാർത്ഥ രൂപമെന്തെന്ന് വെളിപ്പെടുത്തിയിട്ടില്ല. കർഷകസമരത്തിൽ, പൗരത്വ പ്രക്ഷോഭത്തിൽ, കാശ്മീർ വിഷയത്തിൽ ഒക്കെ അത് സൂചനകൾ തന്നുകൊണ്ടിരുന്നു. യൂറോപ്പിലെ ഫാസിസ്റ്റ് വാഴ്ചകൾ അത്രയും ആക്രമാസക്തമാകാനുള്ള പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് ആ ഭരണകൂടങ്ങൾ തൊഴിലാളിവർഗ വിപ്ലവത്താൽ അട്ടിമറിക്കപ്പെടുമെന്നുള്ള ആസന്ന ഭീഷണി നേരിട്ടിരുന്ന എന്നതാണ്. അത് ഏതുവിധേനയും അമർച്ച ചെയ്യുകയെന്നത് അവയുടെ അടിയന്തര ലക്ഷ്യമായിരുന്നു. നിയോലിബറൽ വാഴ്ചയിൽ തകർന്നുപോയ ഇന്ത്യൻ ജനത ഇന്ത്യൻ ഫാസിസ്റ്റുകൾക്ക് അത്തരം

ഒരു ആസന്ന ഭീഷണി ഉയർത്തിയതേയില്ല. നിയോലിബറൽ നയങ്ങളോട് പ്രത്യക്ഷമോ പരോക്ഷമോ ആയി സന്ധിചെയ്ത ഇന്ത്യയിലെ പ്രതിപക്ഷ രാഷ്ട്രീയ കക്ഷികളും ഇന്ത്യയിലെ ഫാസിസ്റ്റുകൾക്ക് വെല്ലുവിളി ഉയർത്തുന്നതിൽ പരാജയപ്പെട്ടു. ഐജാസ് അഹമ്മദിനെപ്പോലുള്ള ചിന്തകർ ചൂണ്ടിക്കാട്ടിയിട്ടുള്ളതുപോലെ ഇടതുപക്ഷമല്ല, RSS ആണ് ഇന്ത്യൻ രാഷ്ട്രീയത്തിൽ ഗ്രാംഷിയൻ ചിന്തകളെ പ്രയോഗിക്കുന്നതിൽ വിജയം നേടിയവർ. നേരിട്ടുള്ള ഒരു ആക്രമണത്തിലൂടെ ഇന്ത്യൻ ഭരണകൂടത്തെ കൈപിടിയിലൊതുക്കുക അസാധ്യമാണെന്ന് മനസ്സിലാക്കിയ അവർ ക്ഷമാപൂർവമായ കാത്തിരിപ്പിലൂടെ ഇന്ത്യൻ സമൂഹത്തിന്റെ ഓരോ സൂക്ഷ്മകോശങ്ങളിലേക്കും പടർന്നു കയറി, ഓരോരോ സ്ഥാപനങ്ങളെയും ഉള്ളിൽ നിന്ന് കീഴടക്കി സമഗ്രാധിപത്യം സ്ഥാപിക്കുക എന്നതിലാണ് ഊന്നിയതും വിജയിച്ചതും. ഇതാണ് അവരുടെ നിൽപുയുദ്ധം (war of position). പാർലമെന്റ് മാത്രമല്ല, നീതിന്യായ വ്യവസ്ഥ, തിരഞ്ഞെടുപ്പ് കമ്മീഷൻ, മാധ്യമങ്ങൾ, പോലീസ്, പട്ടാളം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എല്ലാം അങ്ങനെ കീഴടക്കപ്പെട്ടവയാണ്. അത് അവർക്ക് ഇന്ത്യൻ സമൂഹത്തിനുമേൽ നെടുനായകത്വം (Hegemony) നൽകി.

ഈ പ്രത്യയശാസ്ത്ര ആധിപത്യത്തിലേക്ക് ഇനിയും സ്വാംശീകരിക്കപ്പെടുകഴിഞ്ഞിട്ടില്ലാത്തവർ എന്നതാണ് ജെൻസി, ജെൻ ആൽഫ എന്നൊക്കെ വ്യവഹരിക്കപ്പെടുന്ന ആധുനിക യുവത്വത്തിന്റെ ഗുണം. പഴയ സാമൂഹ്യ ബന്ധങ്ങളിലേക്ക് ലഘൂകരിക്കാനാകാത്ത ഒരു ഡിജിറ്റൽ ലോകത്തിലാണ് അവർ ജീവിക്കുന്നത്. അതിന്റെ ജീവനരീതികളും ജീവിത മര്യാദകളും തികച്ചും വ്യത്യസ്തമാണ്. അവർ ഭാവിയെക്കുറിച്ച് വലിയ ആശകളും പ്രതീക്ഷകളും വച്ചുപുലർത്തുന്നവരാണ്. വിദ്യാഭ്യാസ രംഗത്തെ അഴിമതി, തൊഴിലില്ലായ്മ എല്ലാം അവരെ രോഷാകുലരാക്കുന്നുണ്ട്. വിശുദ്ധമെന്ന് മുൻ തലമുറ ആത്മവഞ്ചനയോടെ ഉയർത്തിപ്പിടിച്ച പലതിനോടും അശ്രദ്ധിയുടേതായ അകലം സൂക്ഷിക്കാനുള്ള സത്യസന്ധത അവർ പുലർത്തും. അമ്മാവന്മാരുടെ ആക്ഷേപങ്ങൾ അവർ പുച്ഛത്തോടെ തള്ളിക്കളയും. പാറ്റകൾ എന്ന് ന്യായാധിപൻ പരിഹസിച്ചാൽ അവർ ദുഃഖിക്കുകയില്ല. ചിരിച്ചുകൊണ്ട് ആ പേരിൽ അവർ ഒരു പ്രസ്ഥാനംതന്നെ നിമിഷങ്ങൾകൊണ്ട് പടുത്തുയർത്തും.

വാക്കുകളെ മാത്രമല്ല തോക്കുകളെയും തങ്ങൾക്ക് നേരിടാനാകുമെന്ന് ആ പുതുതലമുറ ജന്തർമന്തറിൽ കാണിച്ചു തന്നു. ജൂൺ 6ന് ആരംഭിച്ച സമരം ജൂലൈ 25വരെ നീണ്ടു പോയപ്പോളും അവർ തിടുക്കം കാണിച്ചില്ല. നിരാഹാര സമരം ചെയ്തുകൊണ്ടിരുന്ന സോനം വാങ്ചുക്കിനെ പോലീസ് തട്ടികൊണ്ടുപോയപ്പോഴോ, അദ്ദേഹം നിരാഹാരം അവസാനിപ്പിച്ചപ്പോഴോ, ജൂലൈ 20 ന് ഭീകരമായ ലാത്തിച്ചാർജ്ജും വെടിവെപ്പും നടന്നപ്പോഴോ അവർ പതറിയില്ല. ഒടുവിൽ തങ്ങൾ ഉണയിച്ച മുഴുവൻ ആവശ്യങ്ങളും അംഗീകരിച്ചശേഷമേ അവർ സമരം അവസാനിപ്പിക്കാൻ തയ്യാറായുള്ളൂ.

ജൂലൈ 20 വളരെ നിർണായകമായിരുന്നു. ഇന്ത്യൻ സ്റ്റേറ്റ് എന്താണെന്ന് ലോകത്തിനുമുമ്പിൽ അന്നു തുറന്നുകാട്ടപ്പെട്ടു. വലിയ വെല്ലുവിളിയുടെ ആ ദിവസത്തെ യുവാക്കൾ ശാന്തമായി അതിജീവിച്ചു. ഇന്ത്യൻ ജനതയുടെ കരുത്ത് അവർക്ക് തുണയായി നിന്നു. കോൺഗ്രസും ഇടതുപക്ഷവും ഉൾപ്പടെയുള്ള മുഴുവൻ പ്രതിപക്ഷ കക്ഷികളും അവരോട് അണി ചേർന്നു. രാജ്യത്തിന്റെ സകല കോണുകളിൽനിന്നും പിന്തുണയും സഹായങ്ങളും പ്രവഹിച്ചു. ആ ജനകീയ ഐക്യത്തിന്റെ, ഉയിർത്തെഴുന്നേല്പിന്റെ മുന്നിലാണ് ഫാസിസ്റ്റുകൾ പത്തി മടക്കിയത്. ഇന്ത്യയിൽ ഫാസിസത്തിന്റെ മുന്നേറ്റം തൽക്കാലത്തേക്കെങ്കിലും തടഞ്ഞു നിർത്തപ്പെട്ട ദിവസമായി ജൂലൈ 20 മാറി. ഇന്ത്യൻ ജനതക്ക് അതുവരെയുള്ള ഭയത്തിൽ നിന്നുള്ള മോചനം, ശ്വാസംവിടാനുള്ള ഇടവേള അതു നൽകി. ഫാസിസത്തിനെതിരെയുള്ള ഐക്യമുന്നണി സെമിനാർ മുറികളിലല്ല, പോരാടുന്ന തെരുവുകളിലാണ് രൂപം കൊള്ളുക എന്ന പാഠം ആ ദിവസം കാണിച്ചുതന്നു. ആ പ്രക്ഷോഭത്തിന്റെ നേതൃത്വം ഒരു ദളിത് യുവാവിനായിരുന്നുവെന്നത്, അവിടെ ഉയർത്തിയ പ്ലക്കാർഡുകളിൽ നിറഞ്ഞുനിന്നത് അംബേദ്കർ ആയിരുന്നുവെന്നത്, ഉയർന്ന മുദ്രാവാക്യങ്ങൾ മതമൈത്രിയുടേതായിരുന്നുവെന്നത് ഒട്ടും യാദൃശ്ചികമായിരുന്നില്ല.

ഈ ജെൻസി രാഷ്ട്രീയം അവസാന വാക്കാണെന്നല്ല പറയുന്നത്. നമ്മുടെ പരമ്പരാഗത രാഷ്ട്രീയം അമ്പേ പരാജയപ്പെട്ടുകൊണ്ടിരുന്ന ഒരു രാഷ്ട്രീയ സന്ദർഭത്തിൽ ഇന്ത്യൻ ഫാസിസത്തിന്റെ വെല്ലുവിളികളെ നേരിടാനും വിജയിക്കാനുമായി എന്നതാണ് ഏറ്റവും ശ്രദ്ധേയം. സമീപകാലത്തെ ലോക രാഷ്ട്രീയത്തിലെ ജെൻസി ഇടപെടലുകൾക്ക് എത്രയോ ഉദാഹരണങ്ങൾ ഉണ്ട്. ഈ സമകാലിന രാഷ്ട്രീയത്തെയാണ് ആന്റൺ ജാഗറെ പോലുള്ള യുവ രാഷ്ട്രീയ ചിന്തകർ അതിരാഷ്ട്രീയം (Hyper Politics - Anton Jager) എന്നു വിളിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നത്. അതിന് അതിന്റേതായ ശക്തിയും ദൗർബല്യങ്ങളും ഉണ്ട്. നമ്മൾ ആഗ്രഹിച്ചാലും ഇല്ലെങ്കിലും പഴയ ബഹുജന രാഷ്ട്രീയത്തിന്റെ (Mass Politics) സ്ഥാനത്ത് Hyper Politics വന്നു എന്നാണ് ഈ ചിന്തകർ പറയുന്നത്. വലിയ തോതിലുള്ള രാഷ്ട്രീയവൽകരണവും അതേ സമയം ഏറ്റവും കുറഞ്ഞരീതിയിലുള്ള സ്ഥാപനവൽകരണവും (institutionalisation) ആണ് ഇതിന്റെ സവിശേഷതയായി അവർ ചൂണ്ടിക്കാട്ടുന്നത്. അതുകൊണ്ടുതന്നെ ചരിത്രത്തിലെ വലിയ സംഭവങ്ങൾ (events) സൃഷ്ടിക്കുമ്പോഴും അവ പെട്ടെന്ന് മാഞ്ഞുപോകുകയും ചെയ്യുന്നു. Black Lives Matter, Occupy Wall Street, മുല്ലപ്പൂ വിപ്ലവം ഒക്കെ ഉദാഹരണങ്ങളാണ്.

1852 ൽ പ്രസിദ്ധീകരിക്കപ്പെട്ട മാർക്സിന്റെ വിശ്രുതമായ രചനയാണ് "ലൂയി ബോണപാർട്ടിന്റെ ബ്രൂമെയർ പതിനെട്ട്" The Eighteenth Brumaire of Louis Bonaparte. (ബ്രൂമെയർ റിപ്പബ്ലിക്കൻ ഫ്രഞ്ച് കലണ്ടറിലെ രണ്ടാമത്തെ മാസം). സാക്ഷാൽ നെപ്പോളിയന്റെ അനന്തരവനായ ലൂയി ഒരു അട്ടിമറിയിലൂടെ ഫ്രഞ്ച് റിപ്പബ്ലിക്കിനെ ഫ്രഞ്ച് സാമ്രാജ്യമായും സ്വയം അതിന്റെ ചക്രവർത്തിയായും പ്രഖ്യാപിച്ച ചരിത്ര സംഭവങ്ങളെയാണ് ആ രചനയിൽ മാർക്സ് പരിശോധിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിൽ അരങ്ങേറിയ ഫാസിസ്റ്റ് ഭരണകൂടങ്ങളെ വിശകലനം ചെയ്യാനുള്ള സൈദ്ധാന്തിക സാമഗ്രികൾ ഈ രചനയിൽ മാർക്സ് നൽകുന്നതായി ചില ചിന്തകർ പറയുന്നു. ഫ്രാൻസിലെ മുതലാളിത്തവും വർഗസമരങ്ങളും എങ്ങനെയാണ് ഭീകരനും അതേസമയം അൽപനുമായ ഒരുവന് ചരിത്രത്തിലെ നായകനായികളിക്കാൻ അവസരം നൽകിയതെന്ന് താൻ പഠിക്കുകയാണെന്ന് അതിൽ മാർക്സ് എഴുതി.

ഇന്ത്യൻ പ്രധാനമന്ത്രിയുടെ ജൂലൈ ഇരുപത് എന്ന ഒരു പഠനം ഭാവിയിൽ ആരെങ്കിലും എഴുതുകയാണെങ്കിൽ അവർക്ക് പഠിക്കാനുണ്ടാകുക മറ്റൊന്നായിരിക്കില്ല.

•

• ലേഖനം
എം. ഷാജർഖാൻ



നവീന വിദ്യാഭ്യാസത്തിൽ അധ്യാപകർ എലിമിനേഷൻ റൗണ്ടിൽ

സങ്കുചിത ദേശീയവാദവും പ്രാദേശിക ഭാഷാവികാരവും വിജ്ഞാനത്തിനുപകരം തൊഴിൽശേഷിയും പാരമ്പര്യങ്ങളുടെ പുനരുജ്ജീവനവും വേദകാല മൂല്യങ്ങളുടെ വീണ്ടെടുക്കലും ഒക്കെ കൂടിക്കലരുന്ന വിചിത്ര സങ്കലനമാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയം.

വിദ്യാഭ്യാസത്തെ ഉദാത്തമായ സാമൂഹിക ദൗത്യമായിക്കണ്ട മനുഷ്യസ്നേഹികൾ ഒരുവിധ പ്രതിഫലേച്ഛയുംകൂടാതെ പടുത്തുയർത്തിയ ഒരു വിദ്യാഗോപുരം നമുക്കുണ്ടായിരുന്നു. വ്യാവസായിക വിപ്ലവത്തിന്റെയും നവോത്ഥാനത്തിന്റെയും സ്വാതന്ത്ര്യപ്രക്ഷോഭത്തിന്റെയും ഫലമായി ആവിർഭവിച്ച ആധുനിക വിദ്യാഭ്യാസ ദർശനങ്ങളെ ആധാരമാക്കിയാണത് വളർന്നതും വികസിച്ചതും. മഹാനായ അയ്യങ്കാളിയും പണ്ഡിറ്റ് കറുപ്പനും ശ്രീനാരായണഗുരുവും, ബർണദ്ദിൻ ബച്ചിനെല്ലി പിതാവും, ചാവറ അച്ചനും, അർണോസ് പാതിരിയും, പ്രൊട്ടസ്റ്റന്റ് മിഷണറിമാരും മറ്റും തെളിച്ച കേരളീയ നവോത്ഥാനം ആകട്ടെ പൊതുവിദ്യാഭ്യാസ വ്യവസ്ഥയുടെ സംസ്ഥാപനപാത കൂടുതൽ സുഗമമാക്കി. ഇന്ത്യയിലെ ബ്രിട്ടീഷ് ആധിപത്യം ഇംഗ്ലീഷ് വിദ്യാഭ്യാസം മാത്രമല്ല നമുക്ക് സമ്മാനിച്ചത്. പാശ്ചാത്യവിജ്ഞാനത്തിന്റെ കലവറകൂടിയായിരുന്നു. ശാസ്ത്രീയ, മതേതര, സാർവത്രിക വിദ്യാഭ്യാസത്തക്കുറിച്ചുള്ള ആശയങ്ങൾ കടിപ്പള്ളിക്കുടം മാത്രം കണ്ടുപരിചയിച്ച പഴയ കേരളത്തിന് പുത്തൻ ഉണർവ് നൽകി. ആശാൻ കളരികൾക്കപ്പുറത്തേക്ക് വിദ്യാലയം വളരുന്നത് യൂറോപ്യൻ വിദ്യാഭ്യാസത്തിന്റെ സ്വാധീനം മൂലമായിരുന്നു .

പതിനാറാം നൂറ്റാണ്ടിൽ തുഞ്ചത്തെഴുത്തച്ഛൻ ആരംഭിച്ചതും പതിനെട്ടാം നൂറ്റാണ്ടിൽ കുഞ്ചൻ നമ്പ്യാർ വികസിപ്പിച്ചതുമായ ആധുനിക മലയാള ഭാഷയ്ക്കും തദ്വാര പാഠസമ്പ്രദായത്തിനും ക്രിസ്ത്യൻ മിഷനറിമാർ തുടർച്ചനൽകിയതുകൊണ്ടുകൂടിയാണ് ആധുനിക വിദ്യാലയ ശൃംഖലകളിലൂടെ ഇരുപതാംനൂറ്റാണ്ടിൽ ഇന്ത്യയിലെ ഒന്നാംനമ്പർ സംസ്ഥാനമായി സാർവത്രിക വിദ്യാഭ്യാസ രംഗത്ത് കേരളം ഉദയംചെയ്തത്. സ്വാതന്ത്ര്യം, സമത്വം, ജനാധിപത്യം, സോഷ്യലിസം മുതലായ ആധുനിക ആശയങ്ങളുടെ കളിത്തൊട്ടിലായിരുന്ന യൂറോപ്പുമായുള്ള നമ്മുടെ ബന്ധം ഇന്ത്യയുടെയും കേരളത്തിന്റെയും നാടുവാഴിത്ത ചങ്ങലകൾ പൊട്ടിച്ചെറിയാനുള്ള വിപ്ലവ പ്രേരണയായിമാറി എന്നകാര്യം മറക്കാവുന്നതല്ല. അതിലൂടെ ഉദയംചെയ്ത വിദ്യാഭ്യാസക്രമം അതിനെ അടിസ്ഥാനപ്പെടുത്തിയാണ് ഇന്ത്യയിലും കേരളത്തിലും പൊതുവേ വിദ്യാഭ്യാസത്തിന്റെ അടിത്തറ പടുത്തുയർത്തിയത്. എന്നാൽ, ഇന്ന് ആ അടിത്തറ ആടി ഉലയുകയാണ്.

നവീനമായ പരിഷ്കാരങ്ങളാണ് ഒരു കാരണം.

പതിറ്റാണ്ടുകൾകൊണ്ട് നാം പടുത്തുയർത്തിയ വിദ്യാഭ്യാസ അടിസ്ഥാനങ്ങളെ മുഴുവൻ ചോദ്യംചെയ്യുകയാണ് വികലപരിഷ്കാരങ്ങൾ. അതിലേറ്റവും

ക്രൂരവും സമഗ്രവുമായത് കേന്ദ്രസർക്കാർ ആവിഷ്കരിച്ചതും പാർലമെന്റിൽ അവതരിപ്പിക്കാതെ നടപ്പാക്കുന്നതുമായ പുതിയ ദേശീയ വിദ്യാഭ്യാസ നയമെന്ന തീവ്രമായ മസ്തിഷ്കാധിനിവേശമാണ്. പ്രസ്തുത നയത്തിന്റെ പ്രത്യയശാസ്ത്ര പൊരുളുകൾ നമ്മുടെ രാജ്യം ഇന്നേവരെ സാക്ഷ്യംവഹിച്ചിട്ടില്ലാത്തത്ര ഗൂഢവും ഭീകരവും ആണ്. വിദ്യാഭ്യാസ നടത്തിപ്പിന്റെ സർവതലങ്ങളും തങ്ങളുടെ കാൽക്കീഴിലേക്ക് കൊണ്ടുവരുന്ന പരിപൂർണ കേന്ദ്രീകരണം മാത്രമല്ല, സങ്കുചിത ദേശീയവാദവും പ്രാദേശിക ഭാഷാവികാരവും വിജ്ഞാനത്തിനുപകരം തൊഴിൽശേഷിയും പാരമ്പര്യങ്ങളുടെ പുനരുജ്ജീവനവും വേദകാല മൂല്യങ്ങളുടെ വീണ്ടെടുക്കലും ഒക്കെ കൂടിക്കലരുന്ന വിചിത്ര സങ്കലനമാണ്, ആധുനികതയുടെ പരിപൂർണ നിരാകരണമാണ്, ആ നയത്തിന്റെ നടത്തിപ്പുകാർ ലക്ഷ്യംവെക്കുന്നത്. എന്നാൽ, സർവപ്രധാനമായ ഒരു ആശയംകൂടി ആ നയം മുന്നോട്ടുവയ്ക്കുന്നു. അതു മറ്റൊന്നുമല്ല, വിദ്യാഭ്യാസത്തിന്റെ സമ്പൂർണമായ അനൗപചാരികവല്കരണമാണ്. അവനവന്റെ വിദ്യാഭ്യാസം അവനവൻ സ്വയം നേടിയെടുക്കേണ്ടതാണ് എന്ന കമ്പോള പ്രത്യയശാസ്ത്രത്തിന്റെ മുദ്രാവാക്യമാണത്. സർക്കാർ ഫണ്ട് നൽകി പൊതുവിദ്യാലയങ്ങൾ നടത്തുക എന്ന ആശയം കാലഹരണപ്പെട്ടു എന്നാണ് പുതിയ ആഗോള തത്വചിന്തകർ സ്ഥാപിക്കാൻ ശ്രമിക്കുന്നത്. അതിനായി അവർ സ്വയം പഠനത്തിന്റെയും ആജീവനാന്ത വിദ്യാഭ്യാസത്തിന്റെയും ആവശ്യകതയെക്കുറിച്ച് നമുക്ക് ക്ലാസ് എടുക്കുന്നു. സ്വയം പഠനത്തിൽ അധ്യാപകർ ആവശ്യമില്ല, അധ്യാപനം അപ്രസക്തമായി സ്വയം ഇല്ലാതാകുമല്ലോ എന്നവർ സ്വപ്നം കാണുന്നു.

ആജീവനാന്ത പഠനമെന്നത് മധുരമനോഹരവും തത്വചിന്താപരവുമായ പ്രയോഗമാണ്. എന്നാൽ, വിദ്യാഭ്യാസ സംവിധാനത്തിന്റെ അടിസ്ഥാന പ്രക്രിയ എന്ന നിലയിൽ വിദ്യ അഭ്യസിപ്പിക്കുന്നതിനെക്കുറിച്ച് (പഠിപ്പിക്കുന്നതിനെക്കുറിച്ച്) നിശ്ശബ്ദത പാലിച്ചുകൊണ്ട് ആഗോള കമ്പോള വ്യവസ്ഥയുടെ അടിസ്ഥാന ആവശ്യകതകൾ നിർവഹിക്കുന്നതിനുവേണ്ടി സൃഷ്ടിക്കുന്ന വിദ്യാഭ്യാസ അവസരങ്ങളിൽനിന്ന് ഓരോരുത്തരും സ്വയം നേട്ടം ഉണ്ടാക്കിക്കൊള്ളണം എന്നുപറഞ്ഞാൽ ഇക്കാലമത്രയും അതീവശ്രേഷ്ഠവും യഥാർത്ഥത്തിൽ പരിപാവനവും ആ അടിസ്ഥാനത്തിൽ സ്വാർത്ഥമുക്തവുമായിരുന്ന വിദ്യാഭ്യാസം എന്ന സാമൂഹ്യ പ്രക്രിയയെത്തന്നെ അവസാനിപ്പിക്കുക എന്നല്ലേ അർത്ഥം?

പഠിപ്പിക്കേണ്ട ബാധ്യതയിൽനിന്ന് സമൂഹം മുക്തമാക്കപ്പെടുകയും മത്സരത്തിൽ ഏർപ്പെട്ട് ശേഷി ആർജിച്ചെടുക്കേണ്ട ബാധ്യത വ്യക്തിയിൽ നിക്ഷേപിക്കുകയുംചെയ്യുക എന്നതാണ് സംഭവിക്കുന്നത്. മാനവസമൂഹം ദശാബ്ദങ്ങൾകൊണ്ട് പടുത്തുയർത്തിയ ജനകീയ വിദ്യാഭ്യാസ അടിസ്ഥാനങ്ങളെ തകർത്തുകളയുക എന്നാണ് അതിനർത്ഥം. ടീച്ചിംഗ് ഇല്ലാത്ത, പഠനം മാത്രമുള്ള, സമൂഹം ആർജിച്ച അറിവിനെയാകെ തുടർന്നുള്ള തലമുറയ്ക്ക് പകർന്നുനൽകുന്ന പ്രക്രിയയെയാണ് ഇവിടെ നിഷേധിക്കുന്നത്. പുതിയ ലോകക്രമത്തിലാകട്ടെ, അറിവ് കൈമാറേണ്ട ആവശ്യകതയില്ലത്രെ! അതിനാൽ, ആഗോള കമ്പോള സമ്പദ് വ്യവസ്ഥയ്ക്ക് തൊഴിൽസേന എന്ന നിലയിലും ഉപഭോക്തൃ സേന എന്ന നിലയിലും പൗരന്മാരിൽ വളർത്തിയെടുക്കേണ്ട ശേഷികളും മൂല്യങ്ങളും മനോഭാവങ്ങളും സ്വയമേവ പഠിച്ചെടുക്കാൻ അവസരം ഉണ്ടാക്കിക്കൊടുക്കുക. എന്നിട്ട് അവനവന് ആവശ്യമുള്ളത് സ്വയം നേടിയെടുത്തുകൊള്ളാൻ പറയുക. അതാണ് ലോകമെങ്ങും മുഴങ്ങുന്ന എഡ്യൂക്കേഷൻ ഫോർ ഓൾ എന്ന പ്രഖ്യാപനത്തിന്റെ പൊരുൾ. ഭരണകൂടം ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്ന സാമ്പത്തിക ചുമതലയിൽനിന്ന് ഒഴിയുന്ന സൂത്രവഴിയാണത്.

ഡി പി ഇ പി മുതൽ വന്ന പുതിയ പാഠ്യപദ്ധതിപ്രകാരം സംഭവിച്ച സങ്കല്പമാറ്റമനുസരിച്ച് ഇപ്പോൾ പൊതുവിൽ വിദ്യാഭ്യാസംനേടി വരുന്നവർ പഠിക്കുന്ന വിഷയങ്ങൾ എല്ലാം എല്ലാവർക്കും പ്രസക്തമാകണമെന്നില്ലത്രെ! സാമാന്യപാഠങ്ങളെക്കുറിച്ചാണ് അങ്ങനെ പറയുന്നത് എന്ന് ഓർക്കുക. അതിനാൽ, ഓരോ പ്രാദേശിക സമൂഹങ്ങൾക്കും പ്രസക്തമായതുമാത്രം, പ്രസക്തമായ പ്രാദേശിക ഭാഷ, പ്രസക്തമായ പ്രാദേശിക ഗണിതം, പ്രസക്തമായ പ്രാദേശിക ചരിത്രം തുടങ്ങിയവ പഠിച്ചെടുക്കാൻ അനുകൂലമായ സാഹചര്യമാണ് ഉണ്ടാക്കേണ്ടത്. എന്നുമാത്രമല്ല, ന്യായയുക്തമായ (equitable) അടിസ്ഥാന വിദ്യാഭ്യാസമാണ് ഏവർക്കും നൽകേണ്ടതെങ്കിൽ ഏവർക്കും ഉൾക്കൊള്ളാൻ ആവുന്ന ഒരു പഠനനിലവാരം നേടാനും നിലനിർത്താനുമുള്ള സാഹചര്യമാണ് ഉണ്ടാക്കേണ്ടത് എന്നും അവർ വാദിക്കുന്നു. അഥവാ അതിന് Minimam levels of learning അല്ലാതെ സമഗ്രമായ അറിവ് ആർജിക്കുക എന്നത് പുതിയ സങ്കല്പങ്ങളിൽ വിദ്യാഭ്യാസം നൽകുക അസാധ്യമാണ് എന്നും അവർ വാദിക്കുന്നതേയില്ല.



സ്വയം പഠനത്തിനായുള്ള താണ് എങ്കിൽ ആധുനിക വിദ്യാഭ്യാസം നൽകുക അസാധ്യമാണ്. അപ്പോൾ പുതിയ മാർക്കറ്റ് വി



ദിവസക്കൂലിക്ക് ആളെ നിയമിക്കുന്നതുപോലെ കരാർ വ്യവസ്ഥയിൽ പഠിപ്പിക്കുന്ന അധ്യാപകരുടെ എണ്ണം വർഷംപ്രതി വൻതോതിൽ പെരുകിക്കൊണ്ടിരിക്കുന്നു. കരാർ ഓരോ വർഷവും പുതുക്കേണ്ടതിനാൽ അധ്യാപനവൃത്തി നിലനിർത്താനുള്ള അതിജീവന പോരാട്ടത്തിലാണ് പതിനായിരക്കണക്കിന് അധ്യാപകർ.

കമ്പോള മാനദണ്ഡമനുസരിച്ച് ഒരു മിനിമം പഠനനിലവാരം നിശ്ചയിക്കുക, അത് സ്വയം നേടിയെടുക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക. അത് നേടിക്കഴിഞ്ഞാൽ അവനവന് വേണ്ടത് നേടിക്കഴിഞ്ഞു എന്ന് പ്രഖ്യാപിക്കുക. മതിയല്ലോ, കഥ കഴിഞ്ഞു. ചുരുക്കത്തിൽ, നവോത്ഥാനം വഴിവെട്ടിത്തുറന്ന ജനാധിപത്യപരവും വിപുലവുമായ വിദ്യാഭ്യാസത്തിന്റെ മരണമണിയാണ് മുഴങ്ങുന്നത്. കമ്പോളത്തിന്റെ പ്രവചനാതീതമായ അന്തർദാഹങ്ങൾ ഇനിമുതൽ ലോകമെമ്പാടും വിദ്യാഭ്യാസത്തെ നിയന്ത്രിക്കും. നാം പരിഷ്കരണങ്ങളെ വിമർശനപൂർവം പഠിച്ചാൽ ഒരുകാര്യം വ്യക്തമാകും. ഇരുൾ വഴികളിലൂടെ ഇന്ത്യയിലേക്ക് എത്തിയ അജ്ഞതയുടെ ബാധയാണ് പുതിയ കരിക്കുലവും ഡിപി ഇ പി യും എസ് എസ് എ യുമെല്ലാം. ആ സങ്കല്പങ്ങളെയെല്ലാം ക്രോഡീകരിച്ചാണ്- NEP പരിഷ്കാരങ്ങളായി നമ്മുടെ നാട്ടിൽ നടപ്പാക്കപ്പെടുന്നത്.

ഔപചാരിക ബോധനവും അധ്യാപകരും ഇല്ലാതെ എങ്ങനെ വിദ്യാഭ്യാസം നേടും?

ഹർഷാരവങ്ങളോടെ കേരളത്തിലേക്ക് കടന്നുവന്ന പുതിയ ബോധനസമ്പ്രദായം ബോധനത്തിൽ അധ്യാപകന്റെ സ്ഥാനം മാറിയിരിക്കുന്നു എന്നാണ് പ്രഖ്യാപിച്ചത്. ഡി പി ഇ പി യും സർവശിക്ഷാ അഭിയാനും വന്നപ്പോൾത്തന്നെ പുറത്തിറങ്ങിയ അധ്യാപക സഹായിയിൽ പറയുന്നു: അധ്യാപകന്റെ സ്ഥാനം പുനർനിർണയിക്കേണ്ടതുണ്ട്. ആശയ സ്വാംശീകരണത്തിനും നൈപുണികളുടെ വികസനത്തിനും അവസരമൊരുക്കി പഠനം സുഗമമാക്കുന്ന ആൾ, കൂട്ടായ അന്വേഷണങ്ങളിലൂടെയും ചർച്ചകളിലൂടെയും കുട്ടികളുടെ ഭാഷാശേഷി നോക്കി വികസനത്തിനായി നേതൃത്വം നൽകുന്ന പങ്കാളി, ജനാധിപത്യ വാദിയായ സംഘനേതാവ് എന്നീ നിലകളിലേക്ക് അധ്യാപകരുടെ സ്ഥാനം മാറണം. പഠിതാവിനൊപ്പം ഒരു സുഹൃത്തിനെപ്പോലെ നിലകൊള്ളുന്ന ആളാണ് അധ്യാപകൻ എന്ന് നേരത്തെ പറഞ്ഞു കഴിഞ്ഞു.' എന്ന വെച്ചാൽ താൻ പഠിപ്പിക്കേണ്ടതില്ല എന്നല്ലേ? അപ്പോൾ വിദ്യാർത്ഥി സ്വയം പഠിക്കുന്ന സ്ഥിതിക്ക് അധ്യാപകർക്ക് പഠിപ്പിക്കുന്ന ജോലിയില്ല. പിന്നെ ആകെ ചെയ്യേണ്ടത് ജനാധിപത്യവാദിയായ ഒരു സുഹൃത്തിനെപ്പോലെ പഠിതാവിനൊപ്പം നിലകൊള്ളുക എന്നത് മാത്രം. മേൽപ്പറഞ്ഞ അനുശാസനങ്ങൾ ശിരസാവഹിക്കാൻ അധ്യാപകർ കഴിഞ്ഞ രണ്ടു പതിറ്റാണ്ട് കാലം അത്യധ്വാനം ചെയ്യുകയുണ്ടായി. സർക്കസ് കൂടാരങ്ങളിലെ മൃഗങ്ങളെപ്പോലെ അവർ അനുസരണയുള്ള പരിശീലകരാകാൻ പരിശ്രമിച്ചു.

എന്നിട്ടും, അധ്യാപകരുടെ കഴിവുകളെയും അവരുടെ ആത്മാർത്ഥതയേയും നിരന്തരം ചോദ്യംചെയ്യുന്ന റിസോഴ്സ് പേഴ്സൺസ്സെയാണ് നാം കണ്ടത്. അധ്യാപകരെ ഉപജീവനത്തിന് പണിയെടുക്കുന്ന വേലക്കാരെപ്പോലെയാണ് മേലുദ്യോഗസ്ഥർ കാലങ്ങളായി കൈകാര്യം ചെയ്യുന്നത്. പുതിയ സമ്പ്രദായത്തിനുകീഴിൽ നിയമിക്കപ്പെടുന്നവർ ഭരിപക്ഷവും കരാർ തൊഴിലാളികളെപ്പോലെയാണ്. അവർക്ക് അധ്യാപകരുടെ അന്തസ്സോ വിലയോ കല്പിക്കാൻ കൂട്ടാക്കുന്നില്ല എന്നതാണ് നമ്മെ അസ്വസ്ഥരാക്കുന്ന മറ്റൊരു നിർണായകമായ കാര്യം. കേരളത്തിലെ പുതിയ പാഠ്യപദ്ധതിയിലെയും ദേശീയ വിദ്യാഭ്യാസ നയരേഖയിലെയും സമീപനങ്ങൾ അനുസരിച്ച് അധ്യാപനം അഥവാ നേരിട്ടുള്ള ബോധനം അപ്രധാനവും സ്വയം പഠനം സുപ്രധാനവും ആകുന്നതിനാൽ അധ്യാപകരുടെ എണ്ണം വൻതോതിൽ വെട്ടിക്കുറക്കപ്പെടുന്നു.

സ്ഥിരം അധ്യാപകരുടെ സ്ഥാനത്ത് കരാർ അധ്യാപകരെ നിയമിക്കാൻ സർക്കാർ പി ടി എ പോലെയുള്ള സമിതികളോട് നിർദേശിക്കുന്ന സ്ഥിതിയാണ് വന്നുചേർന്നിരിക്കുന്നത്. അധ്യാപക വിദ്യാഭ്യാസം നേടിയ സുശിക്ഷിതരായ, യോഗ്യരായ അധ്യാപകർ പഴങ്കഥയാവുകയാണ്. ദിവസക്കൂലിക്ക് ആളെ നിയമിക്കുന്നതുപോലെ കരാർ വ്യവസ്ഥയിൽ പഠിപ്പിക്കുന്ന അധ്യാപകരുടെ എണ്ണം വർഷംപ്രതി വൻതോതിൽ പെരുകിക്കൊണ്ടിരിക്കുന്നു. കരാർ ഓരോ വർഷവും പുതുക്കേണ്ടതിനാൽ അധ്യാപനവൃത്തി നിലനിർത്താനുള്ള അതിജീവന പോരാട്ടത്തിലാണ് പതിനായിരക്കണക്കിന് അധ്യാപകർ. ഉച്ചഭക്ഷണം, അറ്റകുറ്റപ്പണികൾ, ഫണ്ട്പിരിവ് തുടങ്ങി സ്കൂളിന്റെ മുഴുവൻ പണികളും പ്രഥമ അധ്യാപകൻ ഉൾപ്പടെയുള്ളവർ ചെയ്യണമെന്ന സ്ഥിതിയിലാണ്. പഠിപ്പിക്കൽ ഒഴികെ!!!



വിദ്യാഭ്യാസ പുരോഗതിക്ക് വഴിവെട്ടിയ കേരളമോഡൽ വിദ്യാഭ്യാസത്തിന്റെ വേരുകൾ പൊതുവിദ്യാഭ്യാസരംഗത്തു മാത്രമല്ല ഉന്നത വിദ്യാഭ്യാസ രംഗത്തും പടർന്നിരുന്നു. ഏറ്റവും മികച്ച ഉന്നത വിദ്യാഭ്യാസ ബിരുദധാരികളെ സൃഷ്ടിക്കുന്നതിൽ അനന്യമായ സംഭാവനകൾ നൽകിയ കേരളത്തിലെ സമുന്നത സർവകലാ ശാലകളെ അധികാരികൾ പരസ്പരം മത്സരിച്ച് തകർത്തെറിയുകയാണ്.

സർവകലാശാലകളോ?

സമാനമായ സാഹചര്യമാണ് കോളേജ് വിദ്യാഭ്യാസരംഗത്തും നിലനിൽക്കുന്നത്. അവിടെയും അധ്യാപക നിയമനങ്ങൾ വെട്ടിച്ചുരുക്കുന്ന ദ്രോഹനടപടികൾ വൻ പ്രതിസന്ധികൾക്ക് വഴിതുറന്നുകഴിഞ്ഞു. കോളേജ് അധ്യാപക തസ്തികകൾ നൂറുകണക്കിനാണ് ഒഴിഞ്ഞുകിടക്കുന്നത്. അധ്യാപക തസ്തിക സൃഷ്ടിക്കാൻ ജോലിഭാരം 16 മണിക്കൂറാക്കി നിജപ്പെടുത്തിയ 2020 ഏപ്രിൽ മാസത്തിലെ ഉത്തരവ് നടപ്പാക്കിത്തുടങ്ങിയതോടെ അധ്യാപക തസ്തികകളുടെ എണ്ണം വൻതോതിൽ വെട്ടിക്കുറക്കപ്പെട്ടു. പ്രതിവർഷം സംസ്ഥാനത്ത് 400 ഓളം കോളേജ് അധ്യാപക നിയമനങ്ങൾ നടന്നിരുന്നു. എന്നാൽ, ഇപ്പോൾ പ്രതിവർഷം 60ൽ താഴെ നിയമനങ്ങൾ മാത്രമായി ചുരുങ്ങിയിരിക്കുന്നു. സ്ഥിര അധ്യാപക നിയമനങ്ങളുടെ കാര്യത്തിൽ നിയമനങ്ങൾക്കുമേൽ ഫലത്തിൽ അപ്രഖ്യാപിത മോറട്ടോറിയം ആണ് സർക്കാർ യഥാർത്ഥത്തിൽ നടപ്പാക്കുന്നത്. കൂട്ടത്തിൽ, എയ്ഡഡ് അധ്യാപക നിയമനാധികാരവുംകൂടി ഇല്ലാതാവുന്നതോടെ സ്ഥിരം അധ്യാപകർ നാമമാത്രമായി ചുരുങ്ങും.

നാലുവർഷ ബിരുദം : സർവകലാശാലകൾ തകർച്ചയുടെ വക്കിൽ

വിദ്യാഭ്യാസ പുരോഗതിക്ക് വഴിവെട്ടിയ കേരളമോഡൽ വിദ്യാഭ്യാസത്തിന്റെ വേരുകൾ പൊതുവിദ്യാഭ്യാസരംഗത്തു മാത്രമല്ല ഉന്നത വിദ്യാഭ്യാസരംഗത്തും പടർന്നിരുന്നു. ഏറ്റവും മികച്ച ഉന്നത വിദ്യാഭ്യാസ ബിരുദധാരികളെ സൃഷ്ടിക്കുന്നതിൽ അനന്യമായ സംഭാവനകൾ നൽകിയ കേരളത്തിലെ സമുന്നത സർവകലാശാലകളെ അധികാരികൾ പരസ്പരം മത്സരിച്ച് തകർത്തെറിയുകയാണ്. സ്വകാര്യ, വിദേശ സർവകലാശാലകൾ ആരംഭിക്കാനുള്ള തീരുമാനം, സർവകലാശാലകളുടെ ഫണ്ട് സർക്കാർ ട്രഷറിയിലേക്ക് തിരിച്ചുവിടാനുള്ള കഴിഞ്ഞ സംസ്ഥാന സർക്കാരിന്റെ ദൂരവ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിച്ച നടപടികൾ എല്ലാം ഒത്തുചേർന്ന് സർവ്വകലാശാലകളെ നിലയില്ലാക്കയത്തിലേക്ക് തള്ളിവിട്ടു കഴിഞ്ഞു. അതോടൊപ്പം, കേന്ദ്രസർക്കാരിന്റെ നാലുവർഷ ബിരുദ കോഴ്സുകൾ നടപ്പാക്കാനുള്ള കേരള സർക്കാറിന്റെ നീക്കങ്ങൾ സർവകലാശാലയുടെ സുസ്ഥാപിത ലക്ഷ്യങ്ങളെയെല്ലാം അട്ടിമറിയ്ക്കുന്നതാണ്.

സുനിശ്ചിതമായ ത്രിവത്സര അക്കാദമിക ബിരുദ കോഴ്സുകളെ ഇല്ലാതാക്കി പകരം തൽസ്ഥാനത്ത് അനിശ്ചിതമായ, മൾട്ടിപ്പിൾ പ്രവേശന കവാടങ്ങളും തോന്നുമ്പോൾ ഇറങ്ങിപ്പോകാനുള്ള പുറംവാതിലുകളും തുറന്നിട്ട പുതിയതരം നാലുവർഷ ബിരുദ കോഴ്സ് നടപ്പാക്കാൻ തുടങ്ങിയതോടെ പ്രത്യാഘാതങ്ങൾ ഗുരുതരമായിരിക്കുന്നു. കുട്ടികൾ അക്ഷരാർഥത്തിൽ ഇറങ്ങിപ്പോവുകയാണ്. തൽഫലമായി, ഏകദേശം 40 ശതമാനത്തിലേറെ സീറ്റുകൾ കേരളത്തിലെ മിക്കവാറും സർവകലാശാലകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥിതിയിലാണ് ഇപ്പോൾ പുതിയ കോഴ്സ് പരിഷ്കാരം കൊണ്ടെത്തിച്ചിരിക്കുന്നത്.

ഒന്നാംവർഷം പഠനം പൂർത്തിയാക്കി പുറത്തുപോകുന്ന ഒരാൾക്ക് കോഴ്സ് സർട്ടിഫിക്കറ്റും രണ്ടുവർഷം പൂർത്തിയാക്കുന്ന ആൾക്ക് ഡിപ്ലോമയും മൂന്നുവർഷം പൂർത്തിയാക്കുന്നവർക്ക് ബിരുദ സർട്ടിഫിക്കറ്റും നാലുവർഷ പഠനം പൂർത്തിയാക്കുന്നവർക്ക് പി ജി യ്ക്ക് തുല്യമായ ഓണേഴ്സ് ബിരുദവും നൽകുന്ന വിധത്തിലാണ് ദേശീയ വിദ്യാഭ്യാസ നയത്തിൽ നാലുവർഷ ബിരുദം വിഭാവനം ചെയ്തിരിക്കുന്നത്. അങ്ങനെയെങ്കിൽ അതിനെ നാലുവർഷ ബിരുദ കോഴ്സ് എന്ന് വിളിക്കുന്നതുതന്നെ അപഹാസ്യമല്ലേ? മാത്രമല്ല പോസ്റ്റ് ഗ്രാജ്വേറ്റ്, ഗവേഷണ ബിരുദ വിദ്യാഭ്യാസത്തിന്റെ സ്ഥിതി എന്താവും? ആദ്യ മൂന്നുവർഷം വ്യത്യസ്ത വിഷയങ്ങളിലൂടെ കടന്നുപോകുന്ന വിദ്യാർത്ഥി നാലാംവർഷത്തിൽ മാത്രമാണ് മേജർ വിഷയം ഏതെങ്കിലും അളവിൽ പഠിക്കുന്നത്.

ആദ്യത്തെ മൂന്നുവർഷം ആഴത്തിലുള്ള പഠനം ഇല്ലാതെ തീർത്തും അനാവശ്യമായ കോഴ്സുകളിലൂടെ കടന്നുപോകാൻ വിദ്യാർഥികളെ നിർബന്ധിക്കുന്നതാണ് നാലുവർഷ ബിരുദ കോഴ്സ്. മാത്രമല്ല, ശ്രദ്ധശാസ്ത്ര പഠനങ്ങൾ ഉൾപ്പെടെയുള്ള അക്കാദമിക സമ്പ്രദായങ്ങളെ നാലുവർഷ ബിരുദ കോഴ്സ് നിരാകരിക്കുന്നു. ഉന്നത വിദ്യാഭ്യാസരംഗത്ത് ഗവേഷണത്തിനുവേണ്ടുന്ന ഒരടിസ്ഥാനവും പ്രദാനം ചെയ്യാതെ, തൊഴിൽ പരിശീലനത്തിൽ ഊന്നുന്ന കോഴ്സുകൾമാത്രമാണ് സർവകലാശാല വിദ്യാഭ്യാസമെന്ന പേരിൽ യു ജി സി വാശാനം ചെയ്യുന്നത്. അതിലൂടെ, ഫലത്തിൽ അത് ബിരുദവിദ്യാഭ്യാസത്തെ മാത്രമല്ല ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തെയും ഗവേഷണമേഖലയേയുംകൂടി പ്രതിസന്ധിയിലകപ്പെടുത്തിക്കഴിഞ്ഞു. മേൽപ്പറഞ്ഞ ബിരുദ ബിരുദാനന്തര വിദ്യാഭ്യാസത്തിലെ കുഴമറിച്ചിലുകളിൽ അക്കാദമിക വിദ്യാഭ്യാസം നേടിയ, ഗവേഷകരായ അധ്യാപകർ അപ്രസക്തരോ അധിക പ്പറ്റുകാരോ അനാവശ്യക്കാരോ ആയി മാറുകയാണ്. കേവലം സ്കിൽ മാത്രം പരിശീലിപ്പിക്കാൻ വൈജ്ഞാനിക ധാരണകൾനേടിയ അധ്യാപകർ ആവശ്യമോ? മഹത്തായ അധ്യാപനം ഒഴിച്ചുകൂടാനാവാത്ത ഒരു ആവശ്യകതയല്ലാതായി മാറുന്ന എന്നതാണ് നെഞ്ചിടിപ്പേറ്റുന്ന ഏറ്റവും പ്രമുഖമായ ദേശീയ വിദ്യാഭ്യാസ സാഹചര്യമെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്.

•

ഷേൺസ്റ്റാട്ട് സിസ്റ്റേഴ്സ് ഓഫ് മേരി ശതാബ്ദി നിറവിൽ കൃപയുടെ 100 വർഷങ്ങൾ


ഷേൺസ്റ്റാട്ട് മൂവ്മെന്റ്



പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃകയിലും മധ്യസ്ഥതയിലും 'പുതിയ സമൂഹത്തിനായി പുതിയ മനുഷ്യനെ വാർത്തെടുക്കുക' എന്ന ലക്ഷ്യത്തോടെ, 1914 ഒക്ടോബർ 18-ന് ജർമനിയിലെ ഷേൺസ്റ്റാട്ട് എന്ന സ്ഥലത്ത് ദൈവദാസൻ ജോസഫ് കെന്റൻബിക്ക് അച്ചൻ സ്ഥാപിച്ച ആത്മീയ സമൂഹമാണ് അന്തർദേശീയ ഷേൺസ്റ്റാട്ട് മൂവ്മെന്റ്. ജോസഫ് കെന്റൻബിക്ക് അച്ചനും അദ്ദേഹത്തിന്റെ അനുയായികളും ഷേൺസ്റ്റാട്ട് കപ്പേളയിൽ പരിശുദ്ധ അമ്മയുമായി ചെയ്ത സ്നേഹഉടമ്പടിയിലാണ് ഈ സമൂഹത്തിന്റെ ആധ്യാത്മികതയും ജീവിതരീതിയും അധിഷ്ഠിതമായിരിക്കുന്നത്. സമർപ്പിതരും അൽമായരും അടങ്ങുന്ന ഈ പ്രസ്ഥാനത്തിന്റെ വിവിധ സമൂഹങ്ങൾ ഇന്ന് ലോകത്തിന്റെ നാനാഭാഗത്തും സജീവമായി ശുശ്രൂഷചെയ്യുന്നു.

സ്ഥാപക പിതാവിന്റെ കുടുംബദർശനം

ദൈവത്തിന്റെ സൃഷ്ടിപദ്ധതിയിൽ മനുഷ്യനായി വിഭാവനംചെയ്ത ഏറ്റവും മനോഹരമായ കൂട്ടായ്മയാണ് കുടുംബം. ദൈവത്തിന്റെ ഈ പദ്ധതിയെ തകർക്കുക എന്നത് സാത്താന്റെ ലക്ഷ്യമായതുകൊണ്ടുതന്നെ, കുടുംബങ്ങൾക്കുനേരെ അവൻ എപ്പോഴും ആക്രമണങ്ങൾ നടത്തുന്നു. കുടുംബമെന്ന ദൈവിക പദ്ധതിയെ ദൈവം കാണുന്ന രീതിയിൽ മനസ്സിലാക്കുവാനും അതിനെ വിശുദ്ധിയിൽ രൂപപ്പെടുത്തുവാനും ജീവിതം പൂർണമായി സമർപ്പിച്ച വ്യക്തിത്വമായിരുന്നു ദൈവദാസൻ ജോസഫ് കെന്റൻബിക്ക് അച്ചൻ. അമേരിക്കയിലെ മിൽവാക്കിയിൽ സേവനമനുഷ്ഠിച്ചിരുന്ന അദ്ദേഹം കുടുംബങ്ങളുമായി സംവാദത്തിൽ ഏർപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ഈ പ്രഭാഷണ പരമ്പര "Monday Evening: Speaking to Families" എന്നപേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവാഹത്തിന്റെ വിശുദ്ധിയെക്കുറിച്ചും ദൈവിഹിതാനുസരണം കുടുംബങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ വാക്കുകൾ അന്നത്തെ സങ്കീർണമായ സാഹചര്യങ്ങളിൽ കുടുംബങ്ങൾക്ക് വലിയ പിന്തുണയായിരുന്നു. കുടുംബങ്ങളുടെ മൂല്യം ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ, പരിശുദ്ധ അമ്മയുടെ പരിപാലനയിൽ ഒരു കുടുംബസദൃശ്യ സമൂഹമായി ജീവിക്കുകയും കുടുംബങ്ങളുടെ ആത്മീയ നവീകരണത്തിലൂടെ ഓരോ കുടുംബവും ദൈവരാജ്യത്തിന്റെ ജീവിക്കുന്ന അടയാളമായി മാറുന്നതിനായി സ്വയം സമർപ്പിക്കുകയും ചെയ്യുക എന്നതാണ് ഷേൺസ്റ്റാട്ട് മൂവ്മെന്റിലെ ഓരോ അംഗത്തിന്റെയും വിളിയും ദൗത്യവും.



ഷേൺസ്റ്റാട്ട് സിസ്റ്റേഴ്സ് ഓഫ് മേരി - "Called to be Mary - ഇന്ന്

1926 ഒക്ടോബർ 1-നാണ് കെന്റൻബിക്ക് അച്ചൻ ഷേൺസ്റ്റാട്ട് സിസ്റ്റേഴ്സ് ഓഫ് മേരി എന്ന സമൂഹത്തിന് രൂപം നൽകിയത്. 1946 മേയ് 20-ന് കാനോനികമായി ഒരു സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് ആയി അംഗീകരിക്കപ്പെട്ട ഈ സമൂഹം, 1976-ൽ പൊന്തിഫിക്കൽ പദവിയോടെ ഉയർത്തപ്പെട്ടു. ഇന്ന് 40-ലേറെ രാജ്യങ്ങളിൽ പ്രവർത്തിക്കുന്നു. പെൺകുട്ടികളെയും സ്ത്രീകളെയും കുടുംബങ്ങളെയും ദൈവമാതൃചൈതന്യത്താൽ രൂപപ്പെടുത്തുക, അതിലൂടെ കുടുംബങ്ങളുടെ ആത്മീയ നവീകരണം സാധ്യമാക്കുക എന്നതാണ് ഈ സമൂഹത്തിന്റെ പ്രത്യേക ദൗത്യം. കുട്ടികൾ, യുവജനങ്ങൾ, അമ്മമാർ, ദമ്പതിമാർ എന്നിവർക്കായുള്ള വിവിധ ശാഖകൾക്ക് പരിശീലനവും സഹായവും നല്കി ഇടവക പ്രവർത്തനങ്ങളിൽ സജീവമാകുന്ന അൽമായ നേതൃത്വത്തെ വാർത്തെടുക്കുക എന്നതും ഇവരുടെ പ്രധാന കർത്തവ്യമാണ്. 1984-ൽ കേരളത്തിലെ ഷൊർണൂരിലാണ് ഇന്ത്യയിലെ ആദ്യത്തെ ഭവനം ആരംഭിച്ചത്. തുടർന്ന് കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലേക്കും ശുശ്രൂഷ വ്യാപിപ്പിച്ചു. കർണാടകയിലെ ബാംഗ്ലൂരിലാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രൊവിൻസ് ഹൗസ് സ്ഥിതിചെയ്യുന്നത്.

ഷേൺസ്റ്റാട്ട് മൂവ്മെന്റ് തിരുവനന്തപുരം അതിരൂപതയിൽ

ഷേൺസ്റ്റാട്ടിന്റെ കുടുംബനവീകരണ പ്രേഷിത ശുശ്രൂഷയുടെ ഭാഗമായി തീർത്ഥാടക മാതാവിന്റെ ജപമാലയജ്ഞം തിരുവനന്തപുരം അതിരൂപതയിൽ ആരംഭിക്കാൻ 2015-ൽ അഭിവന്ദ്യ സൂസപാക്യം പിതാവ് അനുമതി നൽകി. 2019-ൽ സൂസപാക്യം പിതാവിന്റെയും പുതിയതുറ സെന്റ് നിക്കോളസ് ഇടവക വികാരിയായിരുന്ന ഇഗ്നാസി രാജശേഖരനച്ചന്റെയും അനുമതിയോടെ സിസ്റ്റേഴ്സ് പുതിയതുറയിൽ താമസിച്ച് വിവിധ ഇടവകകളിലെ ജപമാലയജ്ഞത്തിന് നേതൃത്വം നൽകി. തുടർന്ന് 2023-ൽ പുതിയതുറ ഇടവകയിൽ സിസ്റ്റേഴ്സിനായി ഒരു



•കാനോൻ നിയമം

സഭയുടെ ഔദ്യോഗിക (പൊതു/പരസ്യ) ആരാധനയും അതിന്റെ സ്വഭാവവും



ഫാ. ജോസ് ജി., അതിരൂപത ചാൻസിലർ

ദൈവവിശ്വാസവും മനുഷ്യജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്ന ഘടകങ്ങളാണ് പ്രാർഥന, വണക്കം, ആരാധന, ഔദ്യോഗിക (പൊതു/പരസ്യ) ആരാധന... വീട്ടിലിരുന്ന് പ്രാർഥിച്ചാലും ദൈവം കേൾക്കുമല്ലോ; പിന്നെന്തിനാണ് ദൈവാലയത്തിൽ പോകുന്നത് എന്ന് ചോദിക്കുന്നവർ കുറവല്ല. 'വണക്കം, ആരാധന എന്നിവ വീട്ടിൽവച്ച് സാധ്യമല്ലേ?' എന്ന് ചോദിക്കുന്നവരും ധാരാളമാണ്. ഇവയിലുള്ള സഭയുടെ ഒദ്യോഗിക നിലപാട് അറിയാൻ വിശ്വാസികൾ ആഗ്രഹിക്കുന്നു.

1. പ്രാർഥന: കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം (CCC) 2559-2565 പ്രാർഥന വിശദീകരിക്കുന്നത് ഇപ്രകാരമാണ്: മനസ്സ് ദൈവത്തിങ്കലേക്കുയർത്തുന്നതാണ് പ്രാർഥന. സ്വർഗത്തിലേക്കുള്ള ലളിതമായ നോട്ടമായി വിശുദ്ധ കൊച്ചുത്രേസ്യ പ്രാർഥനയെ കാണുമ്പോൾ, ദൈവത്തിൽനിന്നും നന്മകൾ ലഭിക്കാൻവേണ്ടിയുള്ള അഭ്യർഥനയായാണ് പ്രാർഥനയെ ജനം പൊതുവെ കാണുന്നത്. വ്യക്തികളെ ആശ്രയിച്ച് പ്രാർഥനയിൽ അഹന്ത, വിനയം, അനുതാപം, യാചന, ആശ്രയം മുതലായവ കാണാനാകും. പ്രാർഥന തനിച്ചോ, കൂട്ടായ്മയിലോ സാധ്യമാണ്. അഹന്തയില്ലാത്ത, വിനയവും അനുതാപവും ആശ്രയവും തെളിയുന്ന പ്രാർഥന എവിടെവച്ചായാലും ദൈവം അനുഭാവപൂർവം കേൾക്കാതിരിക്കില്ല.

2. വണക്കം (Veneration): ഉന്നതമായ പദവി, ജ്ഞാനം, വിശുദ്ധി തുടങ്ങിയവ കൈവരിച്ചവരോട് കാണിക്കുന്ന വലിയ ആദരവാണ് വണക്കം. ദൈവത്തിന് നല്കുന്ന ആരാധനയിൽനിന്നും വ്യത്യസ്തമാണ് വണക്കം. വിശുദ്ധരോടും വിശുദ്ധ വസ്തുക്കളോടും വിശുദ്ധ സ്ഥലങ്ങളോടും വലിയ ആദരവ് പ്രകാശിപ്പിക്കുക എന്നത് മാനുഷികവും സ്വാഭാവികവുമാണ്. ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 1186-1190 വണക്കത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. CIC 1186 പ്രകാരം, ദൈവജനത്തിന്റെ വിശുദ്ധീകരണം പരിപോഷിപ്പിക്കാൻവേണ്ടിയാണ് സഭ വണക്കം പ്രോത്സാഹിപ്പിക്കുന്നത്:

(1) ദൈവമാതാവും മനുഷ്യകുലത്തിന്റെ അമ്മയായി ക്രിസ്തുനാഥൻ നല്കിയ നിത്യകന്യകയുമായ പരിശുദ്ധ മറിയത്തോടുള്ളത് പ്രത്യേകവും പുത്രസഹജവുമായ വണക്കമാണ്.

(2) ക്രിസ്തീയവിശ്വാസത്തിൽ വളരാൻ മാതൃകയും വിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ മധ്യസ്ഥരുമായി സ്വീകരിക്കുന്നതാണ് വിശുദ്ധരോടുള്ള വണക്കം.

3. ആരാധന (Worship): ദൈവത്തിനുമാത്രം നല്കപ്പെടുന്ന സമ്പൂർണ ആരാധനയും (Absolute adoration) പരമമായ ഭക്തിയും (Supreme devotion)മാണ് ആരാധന. ദൈവാരാധന പ്രവൃത്തിതലത്തിലേക്കു വരുമ്പോൾ അതിന് പരസ്യസ്വഭാവം കൈവരുന്നു.

4. ഔദ്യോഗിക (പൊതു/പരസ്യ) ആരാധന (Official Public Worship): CCC 1136 പ്രകാരം, ആരാധന സമ്പൂർണ ക്രിസ്തുവിന്റെ പ്രവൃത്തിയാണ്. CCC 1145-1152 പ്രകാരം, കൗദാശിക അടയാളങ്ങളിലൂടെയാണ് സഭയിൽ ആരാധന ആഘോഷിക്കപ്പെടുന്നത്. CCC 1140 പ്രകാരം ആരാധനാകർമങ്ങൾ സ്വകാര്യകർമങ്ങളല്ല മറിച്ച്, ഐക്യത്തിന്റെ കൂദാശയായ സഭാശരീരം മുഴുവന്റേതുമാണ്.

ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയുടെയും സഭാംഗങ്ങളുടെയും വിശുദ്ധീകരണം യാഥാർഥ്യമാക്കുന്ന ശിരസ്സും അവയവങ്ങളും ചേർന്ന് പൂർണമായി നടത്തുന്ന പൊതു ദൈവാരാധനയാണ് CIC 834-1253 വിവരിക്കുന്നത്. ഈ ദൈവാരാധനയുടെ ആഘോഷം സംഭവിക്കുന്നത് യേശുക്രിസ്തുവിന്റെ പൗരോഹിത്യ ദൗത്യനിർവഹണമായ ആരാധന ക്രമത്തിലൂടെയാണ്. CIC 834 §2 പ്രകാരം, സഭയുടെ ഔദ്യോഗികമായ (പൊതു) ആരാധന നടത്തപ്പെടുന്നത് സഭയുടെ നാമത്തിൽ നിയമപരമായി നിയുക്തരായ വ്യക്തികളാലും സഭയുടെ അധികാരിയാൽ അംഗീകരിക്കപ്പെട്ട കർമങ്ങളാലും നിർവഹിക്കപ്പെടുമ്പോഴാണ്. സഭയുടെ ഒദ്യോഗിക ആരാധന സഭയെ വിശുദ്ധീകരിക്കുമ്പോൾ അതിലെ പങ്കാളിത്തം വ്യക്തികളെ വിശുദ്ധീകരിക്കുന്നു. •

കോൺവെന്റ് സ്ഥാപിക്കാനും ഇടവക ശുശ്രൂഷകളോടൊപ്പം ഷേൺസ്റ്റാട്ടിന്റെ വിവിധ ശാഖകൾക്ക് പരിശീലനം നല്കി അവരെ രൂപപ്പെടുത്തിയെടുക്കാനും അഭിവന്ദ്യ തോമസ് ജെ. നെറ്റോ പിതാവ് അനുമതി നൽകി. അന്നത്തെ വികാരി സജ്ജ റോൾഡൻ അച്ചനും ഇടവക കൗൺസിലും സിസ്റ്റേഴ്സിനെ സ്നേഹപൂർവം സ്വാഗതം ചെയ്തു. പിന്നീടുള്ള വർഷങ്ങളിൽ ഷേൺസ്റ്റാട്ട് മൂവ്മെന്റ് പുതിയതുറ ഇടവകയിൽ ആഴത്തിൽ വേരുന്നാൻ ഗ്ലാഡിൻ അലക്സ് അച്ചൻ നിർണായകമായ പങ്കുവഹിച്ചു. നിലവിലെ വികാരി എഡിസൺ അച്ചന്റെ സ്തുത്യർഹമായ പിന്തുണയാൽ ഈ പ്രസ്ഥാനം കൂടുതൽ മനോഹരമായി വളർന്നുകൊണ്ടിരിക്കുന്നു.

ശതാബ്ദി ആഘോഷം

ഷേൺസ്റ്റാട്ട് സിസ്റ്റേഴ്സ് ഓഫ് മേരി ശതാബ്ദി ആഘോഷിക്കുന്ന ഈ മംഗളകരമായ അവസരത്തിൽ, പരിശുദ്ധ അമ്മയുടെ മധ്യസ്ഥതയാൽ കഴിഞ്ഞ 100 വർഷക്കാലം ലഭിച്ച നിരവധിയായ കൃപകൾക്ക് ത്രിയേക ദൈവത്തിന് നന്ദിയർപ്പിക്കുന്നു. ഈ ശതാബ്ദി ആഘോഷം, പരിശുദ്ധാത്മാവിന്റെ നവീകരണശക്തിയോട് കൂടുതൽ തുറന്ന ഹൃദയത്തോടെ ജീവിക്കാനുള്ള ഒരു പുതിയ വിളിയായി നമുക്ക് അനുഭവിക്കാം. പരിശുദ്ധാത്മാവിന്റെ പ്രകാശവും ശക്തിയും നമ്മെ ക്രിസ്തുവിന്റെ സാക്ഷികളായും പരിശുദ്ധ അമ്മയുടെ ഉപകരണങ്ങളായും രൂപപ്പെടുത്തട്ടെ. സ്നേഹ ഉടമ്പടിയുടെ ആത്മീയതയിൽ ജീവിച്ചുകൊണ്ട് ഓരോ കുടുംബവും പ്രത്യാശയും വിശ്വാസവും സ്നേഹവും നിറഞ്ഞ ഗൃഹസഭകളായി വളരട്ടെ. ഷേൺസ്റ്റാട്ട് കപ്പേളയിൽനിന്ന് ഒഴുകുന്ന കൃപയാൽ നമ്മുടെ കുടുംബങ്ങൾ യേശുവിന് സാക്ഷ്യംവഹിക്കുന്ന ദൈവരാജ്യത്തിന്റെ അടയാളങ്ങളായി മാറട്ടെ.

•

വിദ്യാഭ്യാസശുശ്രൂഷ, തിരുവനന്തപുരം അതിരൂപത

സ്റ്റുഡൻസ് ഫോറം യോഗസഹായി

സെപ്റ്റംബർ മാസത്തെ യോഗസഹായി (5,6,7 ക്ലാസുകൾക്ക്)

> **പ്രാർഥനാഗാനം**
> **പ്രാർഥന** (എല്ലാവരും ഏറ്റുചൊല്ലുന്നു)

സ്നേഹനിധിയായ ദൈവമേ, അപരരുടെ സുഖ-ദുഃഖങ്ങളെ സ്വന്തം സുഖ-ദുഃഖങ്ങളായി അറിയാനും, അടുത്തു നിൽക്കുന്ന സഹോദരനെ കാണാൻ ഉൾക്കണ്ണുകൾ തുറക്കാനും കൃപ നൽകണമേ. സ്നേഹത്തോടും കാരുണ്യത്തോടും പരിഗണനാമനോഭാവത്തോടുംകൂടി സഹജീവികളെയും മറ്റ് ജീവജാലങ്ങളെയും അറിയുകയും അംഗീകരിക്കുകയും ചെയ്ത് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ആമേൻ.

1സ്വർഗ, 1നന്മനിറഞ്ഞ മറിയമേ, 1ത്രിത്വസ്തുതി

> **സ്വാഗതം** (പ്രസിഡൻറ്)
> **റിപ്പോർട്ട്** (സെക്രട്ടറി)
> **ഹാജർ** (സെക്രട്ടറി)
> **അധ്യക്ഷപ്രസംഗം** (പ്രസിഡന്റ്)

പ്രിയപ്പെട്ട കൂട്ടുകാരേ, ഈ മാസത്തെ ചിന്താവിഷയം "ഒന്നാണ് നമ്മൾ" എന്നതാണ്. രണ്ട് ചിത്രങ്ങൾ പരിചയപ്പെട്ടാലോ?



ഈ രണ്ട് ചിത്രങ്ങളും ശ്രദ്ധയോടെ വീക്ഷിക്കുക. സഹായിക്കുന്ന രണ്ടു പേരുടെയും പ്രതികരണങ്ങൾ വിലയിരുത്തുക. ആരുടെ സഹായമാണ് കൂടുതൽ ഉപകാരപ്രദം? കുട്ടികൾ നിരീക്ഷണം പ്രകടിപ്പിക്കട്ടെ.
ആദ്യത്തേത് Sympathy- സഹതാപം
രണ്ടാമത്തേത് Empathy- തന്മയീഭാവം

> **വായന പരിശീലനം**
(ന്യൂസ് പേപ്പർ എഡിറ്റോറിയൽ പേജ് (മലയാളം /ഇംഗ്ലീഷ്)

> **പ്രസംഗ പരിശീലനം**
(അഞ്ചുപേർ 2 മിനിറ്റ് വീതം)
വിഷയം:

- സഹജീവികളോടുള്ള പെരുമാറ്റം
- മറ്റുള്ളവർക്ക് ഒരു കൈ സഹായം
- ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം

> **ജന്മദിനാശംസകൾ/ അഭിനന്ദനങ്ങൾ**

> **വിദ്യാഭ്യാസ സമിതിയിൽനിന്നുള്ള അറിയിപ്പുകൾ** (ഇടവക/ ഫൊറോന/രൂപത)

> **ചർച്ച:**

> **അടുത്ത മാസത്തെ പ്രവർത്തനം:**

കൂട്ടുകാരോട് അനുഭാവം പ്രകടിപ്പിക്കാൻ എന്തൊക്കെ കാര്യങ്ങൾ നമുക്ക് ചെയ്യാം? ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുക.

> നന്ദി
> മാതാവിനോടുള്ള ഗാനം



യോഗസഹായി (8,9,10 ക്ലാസുകൾക്ക്)

> പ്രാർഥനാഗാനം

> പ്രാർഥന (എല്ലാവരും ഏറ്റുചൊല്ലുന്നു)

കാരുണ്യവാനായ ദൈവമേ, പരസ്പരം സ്നേഹിച്ചും ആരോഗ്യകരമായ ബന്ധങ്ങൾ കാത്തുസൂക്ഷിച്ചും സൗഹൃദത്തിന്റെ ഊർജം ചോർന്നുപോകാതെ ജീവിക്കുവാൻ കൃപ നൽകണമേ. നല്ല ബന്ധങ്ങൾ പ്രോത്സാഹിപ്പിക്കുവാനും നല്ലതല്ലാത്ത ബന്ധങ്ങളെ ഉപേക്ഷിക്കുവാനും പരസ്പരം മനസ്സിലാക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന സുഹൃത്തുക്കളെ കണ്ടെത്തുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ആമേൻ.

1സ്വർഗ, 1നന്മനിറഞ്ഞ മറിയമേ, 1ത്രീത്വസ്തുതി

> സ്വാഗതം (പ്രസിഡൻറ്)

> റിപ്പോർട്ട് (സെക്രട്ടറി)

> ഹാജർ (സെക്രട്ടറി)

> അധ്യക്ഷപ്രസംഗം (പ്രസിഡന്റ്)

പ്രിയപ്പെട്ടവരേ, ഈ മാസത്തെ ചിന്താവിഷയം "സൗഹൃദം സ്വയം നേടുന്ന സമ്പാദ്യം" എന്നതാണ്. ഒരു കഥ കേട്ടാലോ?

ആമയും മുയലും ഓട്ടപ്പന്തയം നടത്തിയ കഥ നിങ്ങൾ കേട്ടിട്ടില്ലേ? മത്സരത്തിനിടയിൽ ഉറങ്ങിയ മുയലിനെ തോൽപ്പിച്ച് ആമ വിജയം നേടിയ കഥ. എന്നാൽ, അടുത്ത ദിവസം മുയൽ ആമയെ വീണ്ടും മത്സരത്തിനു ക്ഷണിച്ചു. അന്ന് മുയൽ ഉറങ്ങിയില്ല. ആമ പരാജയപ്പെടുകയും ചെയ്തു. ഇപ്പോൾ വിജയം സമാസമം. അങ്ങനെ ഫൈനൽ മത്സരം അരങ്ങേറി. കാട്ടിലെ മുഴുവൻ മൃഗങ്ങളും മത്സരംകാണാൻ തടിച്ചുകൂടി. മത്സരം ആരംഭിച്ചയുടനെ പതിവുപോലെ മുയൽ കുതിച്ചുചാടി ഓട്ടം തുടങ്ങി. പക്ഷേ, ദൂരം പിന്നിട്ടപ്പോൾ വഴിയിൽ ഒരു കുളം കണ്ടു. മുന്നോട്ടു പോകാനാകാതെ മുയൽ അവിടെ നിന്നുപോയി. മെല്ലെ വന്നെത്തിയ ആമ മുയലിനെ നോക്കിച്ചിരിച്ച് വെള്ളത്തിലൂടെ മറുകരയിലെത്തി. എന്നാൽ മുന്നോട്ടുപോകാൻ ശ്രമിച്ച ആമ കണ്ടത് മുന്നിൽ ഒരു മതിൽ. പരാജയപ്പെട്ട രണ്ടുപേരും കുറച്ചുനേരം പരസ്പരം നോക്കി നിന്നു. ഒടുവിൽ അവർ ഒരുമിച്ചുചേർന്ന് മത്സരം വിജയിക്കാൻ തീരുമാനിച്ചു. ആമയുടെ പുറത്തുകയറി മുയൽ കുളം കടന്നു. മുയലിന്റെ പുറത്തുകയറി ആമ മതിലും പിന്നിട്ടു. അങ്ങനെ പരസ്പര സൗഹൃദത്തിലൂടെ, സഹായത്തിലൂടെ, തങ്ങളുടെ പോരായ്മകൾ ഇല്ലാതാക്കി രണ്ടുപേരും വിജയിച്ചു.



വായന പരിശീലനം
(ന്യൂസ് പേപ്പർ എഡിറ്റോറിയൽ പേജ് (മലയാളം /ഇംഗ്ലീഷ്)

പ്രസംഗ പരിശീലനം
(അഞ്ചുപേർ 2 മിനിറ്റ വീതം)
വിഷയം:

- സൗഹൃദത്തിന്റെ പ്രത്യേകതകൾ.
- സൗഹൃദങ്ങൾ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.
- സൗഹൃദമാണ് സമ്പാദ്യം.
- സൗഹൃദത്തിൽ പാലിക്കേണ്ട കരുതലുകൾ

> ജന്മദിനാശംസകൾ/ അഭിനന്ദനങ്ങൾ

> വിദ്യാഭ്യാസ സമിതിയിൽനിന്നുള്ള അറിയിപ്പുകൾ (ഇടവക/ ഫൊറോന/രൂപത)

> ചർച്ച:

> അടുത്ത മാസത്തെ പ്രവർത്തനം:

നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട അഞ്ച് കൂട്ടുകാരെ തിരഞ്ഞെടുത്ത് അവരുടെ ഓരോ പോസിറ്റീവ് എഴുതി ഗ്രൂപ്പിൽ അവതരിപ്പിക്കുക.

> നന്ദി

> മാതാവിനോടുള്ള ഗാനം



• കഥ

ബർഗ്മാൻ തോമസ്



തുറ

'തറൈമേൽ പിറക്ക വയ്ത്താൻ എങ്കളെ

തണ്ണീരിൽ പിഴൈക്ക വയ്ത്താൻ...'

കണ്ണദാസൻ

പകൽ.

ആരുടെയൊക്കെയോ തോരാത്ത കണ്ണീര്‍വീണ് കുതിർന്ന പകൽ.

മൂന്നുദിനം മഴ നിർത്താതെ പെയ്യുകയായിരുന്നു.

അവനവന്റെ ലോകത്തേക്ക് പുറപ്പെടുന്ന മനുഷ്യരെയും വാഹനങ്ങളേയുംകൊണ്ട് നഗരം കുമിഞ്ഞുതുടങ്ങി. എല്ലാവരും സന്തോഷത്തിലാണ്. എങ്ങോട്ടൊക്കെയോ ഒഴുകുന്നു. കഫേയിൽ കാപ്പിയും കുടിച്ചിരിക്കുന്നു. കാറിൽ പാട്ടുകേട്ട് പോകുന്നു.

റോഡ് മുറിച്ചു കടന്നു. 'പ്രെയ്സ് ദ ലോർഡ്" എന്ന് വലിയ ചുവന്ന അക്ഷരത്തിലെഴുതിയ ഓട്ടോയെ കൈകാണിച്ചു.

"എവിടേക്ക്?" ഓട്ടോ ഡ്രൈവർ ചോദിച്ചു.

കാലവർഷക്കടലിനെയും കെടുതിയെയുംകുറിച്ച് വാരാന്തപ്പതിപ്പിലേക്ക് ഒരു ഫീച്ചർ എഴുതാനുള്ള ആലോചനയിലായിരിക്കുമ്പോഴാണ് ബ്യൂറോ ചീഫിന്റെ ഫോൺ കാൾ. ഒരു എക്സ്ക്ലൂസിവ് ന്യൂസ് ഉണ്ടെന്നും അവിടേക്ക് വേഗം പോകണമെന്നും എഴുതാനിരിക്കുന്ന ഫീച്ചറിനെ അത് ഏറെ സഹായിക്കുമെന്നും. അപ്പോൾതന്നെ ലാപ്ടോപ്പ് ഷഡ് ഡൗൺ ചെയ്തു. ബാഗും ക്യാമറയുമെടുത്തു. ഓഫീസിൽനിന്നുമിറങ്ങി.

തുറയുടെ പേര് പറഞ്ഞു. "എത്ര ദൂരമുണ്ട് അവിടേക്ക്?" ഞാൻ ചോദിച്ചു.

"പത്ത് കിലോമീറ്റർ."

"വേഗം പൊയ്ക്കോളൂ..." ഞാൻ ധൃതിപ്പെട്ടു.

എന്റെ കയ്യിലെ ക്യാമറയും കഴുത്തിൽ ധരിച്ച പ്രസ്സ് ഐഡി കാർഡും കണ്ടിട്ടാവും അല്പദൂരം പിന്നിട്ടശേഷം ഓട്ടോക്കാരൻ ചോദിച്ചു: "സാറ് പത്രത്തിന്നാ?" ഞാൻ അതെ എന്ന് മൂളി.

"ഇവിടെ പുത്യതാ?"

"ജോയിൻ ചെയ്തിട്ട് ഒരുമാസമേ ആയുള്ളൂ."

"എവ്ടാ നാട്?"

"മൂന്നാർ."

"സാറ് ഇപ്പോൾ പോകുന്ന തുറയിൽത്തന്നെയാണ് എന്റെയും വീട്. കടൽത്തീരത്തുനിന്നും കുറച്ചകലെയാണെന്നുമാത്രം. ആ തുറയുടെ വിശേഷങ്ങൾ എനിക്ക് നന്നായി അറിയാം. സാറിന് പ്രത്യേകിച്ച് എന്തെങ്കിലും അറിയണമെന്നുണ്ടെങ്കിൽ ചോദിച്ചാൽമതി."

തുറകളെക്കുറിച്ചും അവിടത്തെ ജീവിതങ്ങളെക്കുറിച്ചും വലിയ പരിജ്ഞാനം ഇല്ല. പഠിക്കുന്ന കാലത്ത് കൂട്ടുകാരോടൊത്ത് കന്യാകുമാരിയിലും വർക്കല ക്ലിഫ്ഫിലും കോവളം ഹവ്വ ബീച്ചിലും പോയതൊഴിച്ചാൽ കടൽത്തീരത്തേക്കുള്ള സഞ്ചാരം അധികമില്ല. എന്നാൽ, തുറയിലെ മനുഷ്യർ പരുക്കൻ സ്വഭാവമുള്ളവരാണെന്നും കടപ്പുറത്തുപോകാൻ ഭയപ്പെടണമെന്നും അവിടേയ്ക്കെത്തുന്ന അപരിചിതരെ അവർ ചോദ്യംചെയ്യുമെന്നും ഉള്ള ചില കേട്ടറിവുകളുണ്ട്. ഒപ്പം, ഈ പരാമർശിക്കപ്പെടുന്ന മനുഷ്യർ തന്നെയല്ലേ കഴിഞ്ഞ പ്രളയകാലത്ത് കേരളത്തിന്റെ രക്ഷകരായി എത്തിയതെന്ന യാഥാർത്ഥ്യവും കൺമുന്നിലുണ്ട്.

"ഒരാളെ കടലിൽ കാണാതായി. അത് റിപ്പോർട്ട് ചെയ്യാനല്ലേ സാറ് പോകുന്നത്?" എന്റെ ഉദ്യമം മനസ്സിലാക്കിയിട്ടാവും ഓട്ടോക്കാരൻ ചോദിച്ചു.

"അതെ." അയാളുടെ തുടർവർത്തമാനത്തിന് ഞാൻ കാതോർത്തു.

"സാറിനറിയ്യോ, ഒരു മനുഷ്യനെ കടലിൽ നഷ്ടപ്പെട്ടിട്ട് ഇന്നു മൂന്നുദിവസമായി. സർക്കാരോ സർക്കാര് സംവിധാനങ്ങളോ ഇതുവരേം അവിടേക്ക് തിരിഞ്ഞുനോക്കീട്ടില്ല."

കടലിൽ അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്താൻ സർക്കാർ 29 കോടിയിലധികം രൂപ ചെലവിട്ട് കൊണ്ടുവന്ന മറൈൻ ആംബുലൻസ് ഏതോ തിട്ടപ്പുറത്ത് നോക്കുകുത്തിയായി ഇരിപ്പുണ്ടെന്ന വാർത്ത എന്റെ പത്രംതന്നെ പലതവണ റിപ്പോർട്ട് ചെയ്തത് അപ്പോൾ ഞാനോർത്തു.

"എല്ലാ വർഷവും ഇങ്ങനെ കടലീപണിക്കുപോണോരെ കാണാതാവും. ചെലര് തിരിച്ചുവരും. ചെലര് കടലീത്തന്നെ മുങ്ങിത്താഴും. ഏന്തൊക്കെയായാലും അവര് പിന്നേം കടലീപ്പോവും. ജീവിക്കാന് അവർക്ക് വേറെ മാർഗമില്ല." അത്രയും പറഞ്ഞശേഷം അയാൾ ഒരു നീണ്ട നെടുവീർപ്പിട്ടു: "പാവങ്ങളുടെ വിധി!"

ഉച്ചത്തിൽ സൈറൺ മുഴക്കിക്കൊണ്ട് ഒരു ആംബുലൻസ് ഞങ്ങളെ കടന്നുപോയി.

"എവിടെയോ എന്തോ സംഭവിച്ചിട്ടുണ്ട്." ഞാൻ പറഞ്ഞു. "ആവും. അത്രക്ക് മഴയായിരുന്നല്ലോ." അയാൾ എന്റെ അഭിപ്രായത്തെ ശരിവച്ചു.

"മലനിരകളിലെ പാറകൾ പൊട്ടിച്ചെടുക്കുന്ന്. അതുകാരണം മലയും മണ്ണുമിടിയുന്ന്. നദി കുത്തിയൊലിച്ച് വെള്ളപ്പൊക്കമുണ്ടാവുന്ന്. പൊട്ടിച്ചെടുക്കുന്ന പാറകൾ തുറമുഖനിർമാണത്തിനും മറ്റുമായി കടലിൽകൊണ്ടുപോയി ഇടുന്ന്. കടലിലെ അശാസ്ത്രീയ നിർമിതികാരണം കടൽ പ്രകോപിതമാവുകയും കടൽത്തീരങ്ങളേയും കടൽത്തൊഴിലാളികളുടെ ജീവിതങ്ങളേയും കവർന്നെടുക്കുന്ന്." ഓട്ടോക്കാരൻ പറഞ്ഞുകൊണ്ടേയിരുന്നു, ഞാൻ കേട്ടുകൊണ്ടും.

"പ്രകൃതിയാകെയും കലിപൂണ്ടിരിക്കയല്ലേ? ഭൂകമ്പം, ഉരുൾപൊട്ടൽ, പ്രളയം, കടൽക്ഷോഭം... വികസനത്തിന്റെ പേരിൽ മനുഷ്യര് പ്രകൃതിയോടു ചെയ്തുകൂട്ടിയ പാതകങ്ങളുടെ ഫലം." ശേഷം, അയാൾ എന്നെ ഒരുമാത്ര തിരിഞ്ഞുനോക്കി: "ശരിയല്ലേ സാറേ?"

അറുപതിനോടടുത്ത പ്രായമുള്ള, നീണ്ടുനരച്ച താടിയുള്ള ഒരാളായിരുന്നു ഓട്ടോ ഡ്രൈവർ. രാഷ്ട്രീയം മാത്രമല്ല, നാടിന്റെ സ്ഥിതിഗതികളും നന്നായി മനസ്സിലാക്കുന്ന ഒരാളാണെന്നു തോന്നി. പേരറിയാത്ത ഏതോ ഒരു ജ്ഞാനിയുടെ ലുക്കുണ്ട് അയാൾക്ക്.

കുറെനേരം പിന്നെ അയാൾ ഒന്നും മിണ്ടിയില്ല. റോഡിലെ തിരക്കുകാരണം ഡ്രൈവിംഗിൽ ശ്രദ്ധവച്ചു. സമീപകാലത്തെ പ്രകൃതിയിലെ വ്യതിയാനങ്ങളെയോർത്ത് ചിന്താധീനനായി ഞാനും.

"ഒടുക്കം ദുരന്തം ഉണ്ടായശേഷം



രാഷ്ട്രീയക്കാരുടെ ഒരു ഗംഭീര പ്രസ്താവനയുണ്ട്. സിസ്റ്റം തകരാറ്.'' തിരക്കുകുറഞ്ഞ വീഥിയിലെത്തവെ തന്റെ പറച്ചിലിന്റെ അവസാനമെന്നപോലെ അയാൾ പറഞ്ഞു. ''കഷ്ടം തന്നെ.''

അപ്പോഴേക്കും എനിക്കു പോകേണ്ട സ്ഥലമെത്തി. എഞ്ചിൻ ഓഫ് ചെയ്തുകൊണ്ട് ഓട്ടോക്കാരൻ പുറത്തിറങ്ങി. ബാഗും ക്യാമറയുമെടുത്ത് ഞാനും. ഓട്ടോചാർജ് വാങ്ങിക്കൊണ്ട് അയാൾ ചോദിച്ചു:

''നമ്മുടെ സിസ്റ്റം എന്നെങ്കിലും ശരിയാവുമോ?''

ഒരു നല്ല ജേണലിസ്റ്റിന് ഒരിക്കലും ഉത്തരങ്ങളില്ല, ചോദ്യങ്ങളേയുള്ളൂ. ഉരുമൊഴി അന്നേ ചിന്തയിൽ കൊണ്ടു. ഉത്തരത്തിനായി കാത്തുനിന്ന ഓട്ടോക്കാരനോട് പറഞ്ഞു: ''ആ ചോദ്യംതന്നെയാണ് എന്റെയും ഉത്തരം.''

രണ്ട്

ആകാശത്തോളം ഉയർന്നുനില്ക്കുന്ന പള്ളി.

പള്ളിയുടെ നെറുകയിൽ ഘനീഭവിച്ച വിഷാദംപോലെ കറുത്ത മരക്കുരിശ്.

കുരിശിനുമുകളിൽ ആകാശത്ത് മേഘങ്ങളിൽ ഏതുനേരവും പെയ്തേക്കാം എന്നപോൽ തൂങ്ങിനില്ക്കുന്നുണ്ട് ഒരു മഴ.

പള്ളിയുടെ മുറ്റത്തുനിന്നേ ദൂരെ കടൽ കാണാം. അല്പദൂരമുണ്ട് അവിടെയെത്താൻ. കടൽത്തീരത്തേക്കു നടന്നു.

ഒരു കടൽക്കാറ്റ് എന്നെ വരവേറ്റു. കടലിൽ കളിച്ചുവന്നതുകൊണ്ടാവും കാറ്റിന് ഉപ്പിന്റെ ഗന്ധം.

ഒരു കറുത്ത കാക്ക ചിറകുവീശിക്കുടഞ്ഞുകൊണ്ട് എനിക്കു കുറുകെ പറന്നു.

കടലിനുമീതെ മാനത്ത് വട്ടംപറക്കുന്ന പറവകളൊഴിച്ചാൽ കടലിൽ കടൽമാത്രമേയുള്ളൂ, തിരകളും. അവിരാമം ആർത്തലച്ചുകൊണ്ടേയിരിക്കുന്ന കടൽ. കരയിലെ മണൽത്തിട്ടകളിൽ വന്ന് പൊട്ടിച്ചിതറുന്ന തിരമാലകൾ.

തീരമാകെയും തിങ്ങിനിറഞ്ഞുനില്ക്കുന്നുണ്ട് അനേകം. കടലിലേക്ക് നോക്കിനില്ക്കുകയാണ്. കൂടുതലും കടൽത്തൊഴിലാളികളാണ്. അവരുടെ വേഷം അതു പറയുന്നുണ്ട്. മണ്ണിലാണ് എങ്കിലും അനിശ്ചിതത്വത്തിന്റെ മുൾമുനയിലെന്നപോലെയാണ് ഓരോ നില്പും. ആ കണ്ണുകളിലേക്കു നോക്കുമ്പോൾ മനസ്സിലാവും തങ്ങളിലെ ഏറ്റവും പ്രിയപ്പെട്ട ആരോ ആണ് നഷ്ടമായിരിക്കുന്നത്. ഒരേ വിഷാദഭാവം.

എന്നെ കണ്ടതും ചെറുപ്പക്കാരായ രണ്ടുപേർ ഓടിവന്നു. ''രണ്ടുപേര് കാണാതായ ആളെ അന്വേഷിച്ച് അവരുടെ വഞ്ചീല് രാവിലെ ഉൾക്കടലിലേക്ക് പോയിട്ടുണ്ട്.'' ഒരാൾ പറഞ്ഞു. ''രണ്ടിലൊന്ന് ഇന്നറിയാം.'' മറ്റേയാൾ കൂട്ടിച്ചേർത്തു.

''കടലിൽ കാണാതായ ആളുടെ പേര്?'' ഞാൻ ചോദിച്ചു.

''മൈക്കിൾ. മുപ്പത് വയസ്സ്.'' അവർ പറഞ്ഞു. ഞാൻ നോട്ട് പാഡിൽ കുറിച്ചു.

മണലിൽ തള്ളിവിച്ചിരിക്കുന്ന ആളൊഴിഞ്ഞ കൂറ്റൻ വഞ്ചികളിലൊന്നിന്റെ പടിയിൽക്കയറി. കടലിനെയും കടലിനുമുകളിൽ വട്ടമിട്ടു പറക്കുന്ന പറവകളേയും കരയിൽ കാത്തുനില്ക്കുന്ന മനുഷ്യരെയും വീക്ഷിച്ചുകൊണ്ടു നില്ക്കെ, പൊടുന്നനെ എന്റെ ശ്രദ്ധയുടക്കി. കടലിന്റെ വിളുമ്പിൽ, കടലിനെ നോക്കി, കൈകൾ തലയിൽ കൊരുത്ത്, ഉള്ളിൽ ഏങ്ങലടിക്കുന്ന കടലുമായി ഒരു പെണ്ണ്. കടലിൽ കാണാതെയായ ആളുടെ കെട്ട്യോളാവും. ഞാൻ ഊഹിച്ചു. കാരണം, കെട്ട്യോൾ അല്ലാതെ മറ്റാരാണ് ഇത്രത്തോളം ഉലയാൻ. ''കടലമ്മാ...'' തിരമാലകളേക്കാൾ ഉച്ചത്തിൽ അലറിക്കരയുകയാണ്. അവളോടു തൊട്ടുരുമ്മിനില്ക്കുന്നുണ്ട് അഞ്ചോ ആറോ വയസ്സു പ്രായമുള്ള പറക്കമുറ്റാത്ത ഒരു പെൺകുട്ടി. ''കടലമ്മാ... നിന്റെ മക്കളാണ് ഞങ്ങ. ആ നീതന്നെ ഞങ്ങളെ എടുക്കുന്നതെന്ത്?'' കരൾ പിളർക്കുന്ന ആ വിലാപം തീരംതകർത്തുയരുന്ന തിരയുടെ ശബ്ദത്തിനു മുകളിൽ ചിതറി.

ദൃശ്യങ്ങളൊക്കെയും ഞാൻ ക്യാമറയിൽ പകർത്തി.

നെഞ്ചത്തടിച്ചുകൊണ്ട് വീട്ടുമുറ്റത്തേക്കു മടങ്ങാൻതുടങ്ങി അവൾ. അവളുടെ സാരിത്തുമ്പിൽ തൂങ്ങി പെൺകുട്ടിയും. പെൺകുട്ടി ചോദിക്കുന്നുണ്ട്: ''അപ്പൻ വരുവോ അമ്മാ...'' മകളെ കൂട്ടിപ്പിടിച്ച് മഞ്ഞവെയിലിലേക്ക് തുറിച്ചുനോക്കിക്കൊണ്ട് നിലത്തിരുന്ന അവൾ. ''വരും മോളേ വരും. വല്യ മീനിനെ പിടിക്കാൻ പോയതല്ലേ, അപ്പൻ വരും.'' പിന്നെയും എഴുന്നേറ്റു. മകളേയും ചേർത്തുപിടിച്ച് നടന്നു. ഒരു കടൽക്കാക്ക ആർദ്രമായി നിലവിളിച്ചുകൊണ്ട് അമ്മയും മകൾക്കുമൊപ്പം പറന്നു. അവരുടെ പിന്നാലെ ഞാനും.

ഒരു സിനിമാ സ്ക്രീനിലെന്നപോലെ കണ്ടു; കടലിലേക്കു തുറക്കുന്ന വാതിലുകളുള്ള അനേകം ചെറിയ വീടുകളുടെ നിര. നിരകളിലൊരിടത്ത് ഒറ്റവാതിലുള്ള ഷെഡ്മേഞ്ഞ ഒരു ചെറിയ വീട്. വീടിന്റെ മുറ്റത്ത് മരണവീട്ടിലെന്നപോലെ നിലത്ത് കൂടിയിരിക്കുന്നുണ്ട് സ്ത്രീകളുടെ ഒരു കൂട്ടം. ബൈബിൾ നിവർത്തിവച്ച് സങ്കടംകലർന്ന സ്വരത്തിൽ വായിക്കുന്നുണ്ട് സ്കാർഫ് അണിഞ്ഞ ഒരു പെൺകുട്ടി. കൂട്ടത്തിൽ നിശ്ശബ്ദം ഇരിപ്പുണ്ട്, മുടിയഴിച്ചിട്ട, കരഞ്ഞുതളർന്ന, ഏറ്റവും പ്രായംചെന്ന ഒരു സ്ത്രീ. കണ്ണുകൾ കണ്ടാലറിയാം, ഉറക്കമൊഴിച്ചുള്ള കാത്തിരിപ്പ്.

ഞാൻ വിമൂകം നിന്നു. എന്നെക്കണ്ടതും വൃദ്ധയായ സ്ത്രീ, ''മോന്റെ അതേ പ്രായം. മോന്റെ അതേ മൊകം'' എന്നുരുവിട്ട് വലിയവായിൽ കരയാൻ തുടങ്ങി. ''മയ്ക്കിളേ, മോനെ... ഞാൻ പെറ്റരാസാ...''

അമ്മയുടെ കരച്ചിലിനോടുള്ള അനുഭാവപ്രകടനം എന്നോണം പൊടുന്നനെ, കിഴക്കുനിന്നുവന്ന ഒരു കാറ്റിനൊപ്പം നേർത്ത ഒച്ചകളോടെ മഴത്തുള്ളികൾ വീണു. മഴ പതിയെ പെയ്യാൻ തുടങ്ങി.

ഞാൻ ബാഗിൽനിന്നും കുടയെടുത്തു നിവർത്തി. വീണ്ടും കടൽത്തീരത്തേക്ക് നടന്നു.

കാതുകളെ കീറിമുറിക്കുന്ന ഏങ്ങലടികൾ വൻ തിരവീഴ്ചകൾപോലെ എന്നെ പിന്തുടർന്നു.

കടൽത്തീരത്ത് ആളുകൾ അപ്പോഴും മഴകൊണ്ടുനിൽക്കുകയാണ്. കാറ്റിലും കോളിലും ഉലയുന്ന വഞ്ചികൾപോലെ ഓരോ മനുഷ്യനും. അവരുടെ നെഞ്ചിടിപ്പിന്റെ താളം എനിക്കു കേൾക്കാം.

തിമിർത്തുപെയ്യുകയാണ് മഴ.

മഴപെയ്തിലൂടെ ഒരു ഞാറപ്പക്ഷി തെക്കുനിന്നും പടിഞ്ഞാറേക്ക് പറന്നു.

മൊബൈൽ ശബ്ദിച്ചു. ബ്യൂറോ ചീഫ്. ''സ്ഥിതിവിശേഷം?''

''തുറയിൽനിന്നതന്നെ രണ്ടുപേർ അന്വേഷിച്ചുപോയിട്ടുണ്ട്, ഇതുവരേയും മടങ്ങിയെത്തിയിട്ടില്ല.''

''അവർ മടങ്ങിയെത്തുന്നതുവരെയും അവിടെത്തന്നെ തുടരുക.''

''ഓക്കെ.'' എന്റെയുള്ളിലും അങ്ങനെതന്നെയായിരുന്നു. ഒരന്ത്യംകണ്ടിട്ട് മടങ്ങാം.

കുറച്ചപ്പുറത്ത് മാറിനിന്ന് വായുവിൽ കുരിശുവരച്ച് നില്ക്കുന്നുണ്ട് ജപമാല കഴുത്തിലണിഞ്ഞ പ്രായംചെന്ന ഒരു മനുഷ്യൻ. ഇടയ്ക്കിടെ മുട്ടുകുത്തിയിരുന്ന് കൈകൾ കടലിലേക്കുനീട്ടി ഒച്ചയില്ലാതെ എന്തോ പറയുന്നുമുണ്ട്. കിഴവനു സമീപം ചെന്നു. ''സർക്കാരൊന്നും ഇതുവരേം വന്നില്ല മോനേ സകായത്തിന്.'' എന്നെ കണ്ടപാടെ കിഴവൻ പറഞ്ഞു. അതെന്ത്? എന്നപോൽ ഞാൻ അയാളിലേക്ക് മുഖംനീട്ടി.

''പഞ്ചായം പ്രസിഡണ്ട് ഇന്നലെ വന്ന്. എമ്മല്ലേം മന്ത്രിയേം കൂട്ടി വരാമെന്നമ്പറഞ്ഞുപോയി.'' അല്പനേരത്തെ മൗനത്തിനുശേഷം കിഴവൻ തുടർന്നു: ''അവരൊക്കേം ഇന്നുവരും കട്ടായം. ഇന്ന് മൂന്നാംപക്കമാണല്ല്.'' ഞാൻ ആകാംക്ഷയോടെ കിഴവനെ നോക്കി. അയാളൊന്ന് ഏങ്ങി: ''മൂന്നാംപക്കമാണല്ല് കരയ്ക്കടിയണത്.'' കടലിൽ മരിച്ചവരുടെ മൃതദേഹം മൂന്നാംദിവസം കരപൂകും എന്ന് എവിടെയോ വായിച്ചതോർത്തു. പത്മരാജന്റെ മൂന്നാംപക്കം സിനിമയും അപ്പോൾ ഓർമ വന്നു. ''ഞങ്ങള രശ്ശിക്കാന് അവര് വര്വല്ല, ഒരിക്കല്യം.'' അമർഷവും സങ്കടവും കലർന്ന സ്വരത്തിൽ കിഴവൻ പറഞ്ഞു. 'ഒരിക്കല്യം...' ആ വാക്ക് എന്നെ സ്പർശിച്ചു. കുടുംബം സംരക്ഷിക്കാൻ കടലിൽപോകുന്നവരെ ആര് സംരക്ഷിക്കും എന്നൊരു ചോദ്യം ആധിയുടെ ആ മുഖത്ത് അനേക കാലങ്ങളായി എഴുതിവച്ചപോലെ. മാത്രമല്ല, കൺതടങ്ങളിൽ ഘനീഭവിച്ച കിടപ്പുണ്ട് തോരാസങ്കടം. ഞാൻ അയാളുടെ പേര് ചോദിച്ചു. ''മത്തിയാസ്.'' അയാൾ പേര് പറഞ്ഞു. ''കടലിൽ കാണാതായ ആളെക്കുറിച്ച് എന്തെങ്കിലും പറയാമോ?'' ഞാൻ ചോദിച്ചു.

''അവന്റ അപ്പനാ ഞാന്. കടലില് കാണാതായതെന്റ മകനാ.'' കാറ്റും കടലുംചേർന്ന് ഒഴുക്കിക്കൊണ്ടുപോകുന്ന ചെറുവഞ്ചിപോലെ ആടിയുലഞ്ഞ് അയാൾ നടന്നുപോയി.

അപ്പന്റെ ഉടലിൽനിന്നും ദീനരോദനത്തിന്റെ ഒരു കടൽ വിതുമ്പുന്നത് ഞാൻ കേട്ടു.

മൂന്ന്

മധ്യാഹ്നം.

മഴ തോർന്നു. ആരോ കത്തിച്ചുവച്ച വിളക്കുപോലെ ആകാശം പ്രകാശിതമായി. ആകാശത്തെ തുഴഞ്ഞ് മേഘങ്ങൾ എങ്ങോ പൊയ്ക്കൊണ്ടിരുന്നു. മഴയുടെ ഈർപ്പമോ ആൾക്കൂട്ട നിശ്വാസങ്ങളോ അന്തരീക്ഷമാകെയും ഒരു പ്രത്യേക മണം നിറഞ്ഞുനിന്നു.

ആളുകൾ നങ്കൂരനില്പ് തുടർന്നു. മൗനത്തിൽപൊതിഞ്ഞ നേരങ്ങൾ പിന്നെയും നീണ്ടു.

പതിയെപ്പതിയെ അങ്ങ് ദൂരെ, ഉൾക്കടലിൽ കടൽത്തിരകൾക്കുമീതെ പൊട്ടുപോലെ എന്തോ കാണാൻ തുടങ്ങി. ഒരെക്സ്പ്രീം ലോങ്ഷോട്ടിൽ കണ്ടു. കടലിന്റെ മുകൾപ്പരപ്പിലായി ഒരു വള്ളം. കരയിലേക്ക് പാഞ്ഞുവരികയാണ്.

കണ്ടപാടേ, ആളുകൾ ഒന്നാകെയും നെഞ്ചത്ത് കൈവച്ചു: ''കടലമ്മാ...''

വള്ളം കരപൂകിയതും കാത്തുനിന്നവരൊക്കെയും ആകാംക്ഷയോടെ ഓടിയടുത്തു. ഒന്നായിച്ചേർന്ന് വള്ളം കരയ്ക്കുകയറ്റിവച്ചു. വിശേഷം അറിയാനുള്ള വെമ്പലോടെ ഞാനും ചെന്നു. കണ്ടു, വള്ളപ്പടിയിൽ കുരിശുപോലെ കിടക്കുകയാണ്. തുടിക്കുന്നുണ്ട് ആ ജീവൻ.

രക്ഷകരെ നോക്കി. നല്ല കരുത്തും ചുറുചുറുക്കുമുള്ള രണ്ടുപേർ.

കരയിൽനിന്നവരിലൊരാൾ ഒരുപാത്രം വെള്ളം ഓടിക്കൊണ്ടുവന്നു. വെള്ളം മുഖത്ത് കുടഞ്ഞപാടെ അയാൾ ഉണർന്നു. കുറച്ച വെള്ളം കുടിപ്പിക്കുകയും ചെയ്തു.

ജനക്കൂട്ടം ഒന്നാകെയും ആർത്തുവിളിച്ചു: ''ക്രിസ്തുരാജാ...'' ശേഷം കൈകൾകൂപ്പിക്കൊണ്ട് ദൂരെ പള്ളിയുടെനേർക്ക് പ്രാർത്ഥനകളോടെ നിന്നു. ആ പ്രാർത്ഥനകൾ ഒന്നാകെയും തുമ്പിയെപ്പോലെ പറന്നുപറന്ന് പള്ളിയുടെ നെറുകയിലെ മഴയിൽ കുതിർന്ന മരക്കുരിശിൽച്ചെന്നുമ്മവച്ചു.

രക്ഷകരായ രണ്ടുപേരുടെയും മുന്നിലേക്ക് കൃതജ്ഞതാസ്തോത്രംപോലെ അമ്മയും ഭാര്യയും. കൈകൾകൂപ്പിക്കൊണ്ട് പെൺകുട്ടിയും. കഴുത്തിലണിഞ്ഞ ജപമാലയിലെ കുരിശുരൂപം കയ്യിലെടുത്ത് ചുംബിച്ചുകൊണ്ട് അപ്പൻ. അവരെ നാലുപേരേയും ഞാൻ പ്രത്യേകമായും ശ്രദ്ധിച്ചു.

രക്ഷപ്പെടുത്തിക്കൊണ്ടുവന്നവരിൽ ഒരാൾ അയാളെ എടുത്ത് തോളിലിട്ടു. വിൻസെന്റ് വാൻഗോഗിന്റെ ചിത്രം 'നല്ല ശമരിയാക്കാരൻ' പെട്ടെന്നോർമയിൽ വന്നു.

വീട് ലക്ഷ്യമാക്കി നടന്നു. പിന്നാലെ രണ്ടാമനും. ക്യാമറയുമായി ഞാൻ അവരെ അനുഗമിച്ചു.

രണ്ടാമൻ പറഞ്ഞു: ''അങ്ങ് ഉള്ളേള, ഒരുപാട് ഉള്ളേള ഞങ്ങ ചെല്ലുമ്പം കമിഴ്ന്ന വള്ളത്തിനുമീതെ മരിച്ചപോലെ കെടക്കണ്.''

തോളിലേറ്റിനടക്കുന്നയാൾ എന്നെ തിരിഞ്ഞുനോക്കി: ''ഇവനും യീ തൊറേലേയാണ്. ഞങ്ങടെ കൂട്ടക്കാരനാണ്. എങ്കള കൂടെപ്പെറപ്പ്.'' രണ്ടാമത്തെയാൾ കൂട്ടിച്ചേർത്തു: ''എങ്കളിലെ ഒരാളല്ല, ആരായാലും അപകടത്തില് പെട്ടാല് ഞങ്ങട ഉള്ളില് ഒര് ആന്തലൊണ്ടാവും. ഞങ്ങ കണ്ടുനിക്കുല. ആവത് ചെയ്യും.'' കഴിഞ്ഞ പ്രളയകാലത്ത് പെരുവെള്ളത്തിലകപ്പെട്ടുപോയ പതിനായിരക്കണക്കിന് മനുഷ്യരെ മരിക്കാതെ കാത്ത അസംഖ്യം കടൽത്തൊഴിലാളികളുടെ ആ മഹാകരുണ രണ്ടുപേരിലും കണ്ടു. ഹൊ, എന്തൊരു മനുഷ്യരാണ്! നിന്നൊലിച്ചു ഞാൻ. എന്നോ കേട്ടറിഞ്ഞ തുറക്കാരെ സംബന്ധിച്ച എന്നിലെ മുൻവിധി കടലെടുത്തുകൊണ്ടുപോകുന്നതായി അകമേയറിഞ്ഞു.

രക്ഷകരുടെ കണ്ണിലെ സഹാനുഭൂതിയെ ക്യാമറയിലൊപ്പിയെടുത്തു. തിരികെ കടൽക്കരയിലേക്ക് നടന്നു. കടലിനെ ഒരിക്കൽക്കൂടി നോക്കി. അതുയുംനേരം ഇളകിമറിഞ്ഞുകൊണ്ടിരുന്ന കടൽ ശാന്തം. കടപ്പുറമാകെയും നിറഞ്ഞുനിന്ന, ഇപ്പോൾ പിരിഞ്ഞുപോകുന്ന മനുഷ്യരെ നോക്കി. 'കടലരികിലെ ജന്മങ്ങൾ... കടലുകൊണ്ട് ജീവിക്കുന്ന ജന്മങ്ങൾ... കടലെടുക്കുന്ന ജന്മങ്ങൾ...' എന്നൊരു വാക്യം ഉള്ളിലുലാവി. ഒറ്റസ്നാപ്പിൽ ഒതുക്കാനാവില്ല എങ്കിലും ആ പുറമ്പോക്കുകാരേയും എന്റെ ക്യാമറക്കണ്ണ് പകർത്തി.

മടങ്ങാൻ തുടങ്ങി. ആരോ പിൻവിളി വിളിച്ചു. തിരിഞ്ഞുനോക്കി. ആരുമില്ല. നീണ്ടുപരന്ന കടപ്പുറം. ഒരുപക്ഷേ, എല്ലാ തുറയും ഇങ്ങനെ കുറെ നഷ്ടജീവിതങ്ങളെ ഹൃദയത്തിൽ വഹിച്ചാവും നീണ്ടുനിവർന്ന് കിടക്കുക.

പള്ളിയങ്കണത്തിലേക്ക് നടന്നു. അകലെ പള്ളിയിൽനിന്നും കേൾക്കാം; 'ലോകം മുഴുവൻ സുഖംപകരാനായ് സ്നേഹദീപമേ മിഴിതുറക്കൂ...'

പോക്കുവെയിലേറ്റ കടപ്പുറത്തെ മണലിലൂടെ, പാട്ടിലെ ഹൃദ്യമായ വരികളേയും മനസ്സിലുരുവിട്ട് നടക്കവേ കണ്ടു, കടൽത്തീരത്തേക്കു പോകാനായി ഒന്നോടെ വരികയാണ് ഒരു സംഘം. കണ്ടമാത്രയിൽത്തന്നെ ഞാൻ ഏറെക്കുറെ അനുമാനിച്ചു; പഞ്ചായത്ത് പ്രസിഡന്റ്, എംഎൽഎ, വകുപ്പുമന്ത്രി, ഉദ്യോഗസ്ഥർ... ഒരു സർക്കാർ മൊത്തമായും ഉണ്ട്. അതേമാത്രയിൽ തുറയിലെ അപ്പൻ പറഞ്ഞതുമോർത്തു; 'അവരെല്ലാം ഇന്നുവരും, കട്ടായം. ഇന്ന് മൂന്നാംപക്കമാണല്ല്.'

ഹൃദയംകൊണ്ട് അപ്പന് സ്തുതിപറഞ്ഞ് ഞാൻ നടന്നു.

നാല്

അപരാഹ്നം.

നഗരത്തിലേക്കുള്ള ബസ്സുകാത്ത് ക്രിസ്തുരാജന്റെ പള്ളിമുറ്റത്ത് നിന്നു.

അതിനോടകം നാളത്തെ ഫീച്ചർ മനസ്സിൽ എഴുതിക്കഴിഞ്ഞിരുന്നു. എന്നോടുതന്നെയായി ചോദിച്ചു: 'ഫീച്ചറിന് എന്തു പേരിടും?' മസ്തിഷ്കം മന്ത്രിച്ചു: 'തുറ; ഒരു സാമൂഹ്യപാഠം.' •

ഫാ. ഫ്രാൻസിസ് സഹായം





തിരുവനന്തപുരത്തു നിന്ന് ഡച്ച് മണ്ണിലേക്ക്: പ്രഥമ ഇടയന്റെ സ്മൃതിപഥങ്ങളിലൂടെ ഒരു മിഷൻ യാത്ര - 2

തർലാൻഡ്സിലെ തിരക്കുകൾക്കിടയിലും ആ ചോദ്യം മനസ്സിൽ നിരന്തരം മുഴങ്ങിക്കൊണ്ടിരുന്നു: "വിൻസെന്റ് പിതാവിന്റെ കല്ലറ എവിടെയായിരിക്കും? അത് കണ്ടെത്താൻ സാധിക്കുമോ?"എന്നാൽ ഒരു സെമിനാരി വിദ്യാർത്ഥിയെന്ന നിലയിലുള്ള പരിമിതികൾ, പഠനം, വൈദികപരിശീലനം, സഭാപരമായ ഉത്തരവാദിത്വങ്ങൾ എന്നിവയെല്ലാം കാരണം ആ യാത്ര നീണ്ടുപോയി. ഓരോ തവണ അവധിക്കായി നാട്ടിലെത്തുമ്പോഴും ഇഗ്നേഷ്യസ് തോമസ് സാർ പഴയ അതേ ആവേശത്തോടെ ചോദിച്ചുകൊണ്ടിരുന്നു: "കല്ലറ കണ്ടെത്തിയോ?" "ഇല്ല സാർ, ശ്രമിച്ചുകൊണ്ടിരിക്കുകയാണ്" എന്നൊരു പുഞ്ചിരിയോടെയുള്ള മറുപടിയിൽ വർഷങ്ങൾ കടന്നുപോയി. ചിലപ്പോൾ നമ്മൾ മറന്നുപോകുന്ന കാര്യങ്ങൾപോലും ദൈവം മറക്കാറില്ലല്ലോ; ദൈവത്തിന്റെ സമയം എപ്പോഴും നമ്മുടെ സമയത്തേക്കാൾ കൃത്യവും മനോഹരവുമാണ്.

ദൈവത്തിന്റെ വഴികാട്ടൽ

വർഷങ്ങളായുള്ള ആ അന്വേഷണത്തിന് ഒരു പുതിയ വഴിത്തിരിവുണ്ടാകുന്നത് ബെൽജിയത്തിലെ ലൂവെനിൽ വെച്ചാണ്. അവിടെവെച്ച് പരിചയപ്പെട്ട സിസ്റ്റർ സോളി എന്ന സന്യാസിനിയുമായി സംസാരിക്കവെയാണ് വിൻസെന്റ് പിതാവിനെക്കുറിച്ചും അദ്ദേഹത്തിന്റെ കല്ലറ കണ്ടെത്താനുള്ള ആഗ്രഹത്തെക്കുറിച്ചും പങ്കുവെക്കുന്നത്. സഹായിക്കാമെന്ന് ഏറ്റ സിസ്റ്റർ, ദിവസങ്ങൾക്കകം പിതാവിന്റെ ഓർമകളുമായി ബന്ധപ്പെട്ട ചില പഴയ ചിത്രങ്ങൾ കണ്ടെത്തി അയച്ചുതന്നു. മാത്രമല്ല, ബെൽജിയത്തിലെ ബ്രൂജിൽ (Bruges) സേവനം ചെയ്യുന്ന കർമലീത്താ വൈദികനായ ഫാ. തോമസ് വണ്ടർകൂന്നേൽ OCD-യുമായി ബന്ധപ്പെടാൻ ഈ സൗഹൃദം വഴിയൊരുക്കി. വിൻസെന്റ് പിതാവിനെ നേരിട്ട് പരിചയമില്ലായിരുന്നിട്ടും, സഹായിക്കാൻ ഫാ. തോമസ് വലിയ താല്പര്യം കാണിച്ചു. പരസ്പരം സംസാരിച്ച്, ഒരുമിച്ച് കാണാൻ തീരുമാനിച്ച ആ നിമിഷം മനസ്സിൽ ഉറപ്പിച്ചു: ദൈവമായിട്ട് ഈ അന്വേഷണത്തിന്റെ വാതിലുകൾ തുറക്കുകയാണ്!

യിപ്രസിലേക്കുള്ള യാത്ര

2026 മെയ് 6-ാം തീയതി, ബുധനാഴ്ച; ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്തൊരു ദിനം. ഫാ. ജോയ് ആന്റണിയോടൊപ്പം ബെൽജിയത്തിലേക്ക് യാത്ര തിരിച്ചു. ആദ്യം ജെന്റ് (Ghent) നഗരത്തിലെത്തി, അവിടെ സേവനം ചെയ്യുന്ന ഫാ.

തോമസിനെ കണ്ടു. അദ്ദേഹത്തിന്റെ സ്നേഹനിർഭരമായ സ്വീകരണത്തിന് ശേഷം, അവിടെനിന്നാണ് യിപ്രെസിലേക്കുള്ള (Ypres) യാത്ര ആരംഭിക്കുന്നത്.

കൈവശം ആകെ ഉണ്ടായിരുന്നത് കുറച്ച് പഴയ വിലാസങ്ങളും കുറച്ച് ഓർമകളും വലിയൊരു പ്രതീക്ഷയും മാത്രമായിരുന്നു. എന്നാൽ, എല്ലാത്തിനുംമേലെ ദൈവത്തിലുള്ള അടിയുറച്ച വിശ്വാസമുണ്ടായിരുന്നു. മുൻകൂട്ടി അറിയിക്കാതെയാണ് യിപ്രെസിലെ കർമലീത്താ ആശ്രമത്തിൽ എത്തിയതെങ്കിലും, സന്യാസിനിമാർ വളരെ സ്നേഹത്തോടെയാണ് സ്വീകരിച്ചത്. അന്വേഷണത്തിന്റെ ഉദ്ദേശ്യം വ്യക്തമാക്കി വിൻസെന്റ് പിതാവിനെക്കുറിച്ച് ചോദിച്ചെങ്കിലും അവർക്ക് കൂടുതൽ വിവരങ്ങൾ അറിയില്ലായിരുന്നു. പക്ഷേ, അവർ നൽകിയ ഒരു മറുപടി ഇപ്രകാരമായിരുന്നു: "ഇവിടെ ഒരു കർമ്മലീത്താ വൈദികൻ താമസിക്കുന്നുണ്ട്, ഒരുപക്ഷേ അദ്ദേഹത്തിന് എന്തെങ്കിലും അറിയാമായിരിക്കും." ആ ചെറിയ വാക്കുകൾ ഒരു വലിയ ദൈവിക വഴികാട്ടലായി മാറുമെന്ന് അന്ന് കരുതിയിരുന്നില്ല. ആ വൈദികനെ കാണാൻ പോയപ്പോൾ സംഭവിച്ചത്, നീണ്ടകാലത്തെ അന്വേഷണത്തിലെ ഏറ്റവും മനോഹരമായ നിമിഷമായിരുന്നു.

യിപ്രെസിലെ ചരിത്രനിമിഷം: ഒരു അപൂർവ കൂടിക്കാഴ്ച

യാത്രയിലെ ഏറ്റവും പ്രധാനപ്പെട്ട നിമിഷത്തിലേക്ക് ദൈവം പതുക്കെ വഴിനടത്തുകയായിരുന്നു. യിപ്രെസിലെ കർമലീത്താ ആശ്രമത്തിൽ കണ്ടുമുട്ടിയ ആ വയോധികനായ വൈദികൻ അന്വേഷണത്തിന്റെ പുതിയൊരു വാതിൽ തുറന്നു. ബിഷപ്പ് വിൻസെന്റ് വിക്ടർ ദെരേരയെക്കുറിച്ച് സംസാരിച്ചുതുടങ്ങിയപ്പോൾ തന്നെ അദ്ദേഹം അദ്ഭുതകരമായ ഒരു കാര്യം വെളിപ്പെടുത്തി: "എന്നെ വൈദികനായി അഭിഷേകം ചെയ്തത് അദ്ദേഹമാണ്!"

ഒരു നിമിഷം എന്ത് പറയണമെന്നറിയാതെ നിന്നുപോയി. 57 വർഷങ്ങൾക്കുമുമ്പ് തന്നെ പൗരോഹിത്യത്തിലേക്ക് ഉയർത്തിയ ആ മഹാനായ മെത്രാന്റെ കല്ലറ അന്വേഷിച്ചുകൊണ്ടാണ് ഇന്ന് ഇന്ത്യയിൽ നിന്നുള്ള വൈദികർ അദ്ദേഹത്തിന് മുന്നിലെത്തിയിരിക്കുന്നതെന്ന യാഥാർത്ഥ്യം വിശ്വസിക്കാൻ കഴിയുന്നതായിരുന്നില്ല. അതൊരിക്കലും വെറുമൊരു യാദൃശ്ചികതയായിരുന്നില്ല; മറിച്ച്, ദൈവം കൃത്യമായി ഒരുക്കിവെച്ച ഒരു അദ്ഭുത കൂടിക്കാഴ്ചയായിരുന്നു അത്.

ആത്മീയ വേരുകളുടെ ഓർമപ്പെടുത്തൽ



ആ വയോധികനായ വൈദികൻ മുറിയിലേക്ക് സ്നേഹത്തോടെ സ്വാഗതം ചെയ്യുകയും കാപ്പി നൽകി സ്വീകരിക്കുകയും ചെയ്തു. തുടർന്ന്, പഴയൊരു ഫോട്ടോ ആൽബത്തിന്റെ താളുകൾ പതുക്കെ മറിച്ചുകൊണ്ട് അദ്ദേഹം തന്റെ ഓർമകൾ പങ്കുവെക്കാൻ തുടങ്ങി. അവിടെ കണ്ടത് വെറും ചിത്രങ്ങളായിരുന്നില്ല; ഒരു വലിയ ചരിത്രത്തിന്റെ ജീവിക്കുന്ന സാക്ഷ്യങ്ങളായിരുന്നു. ബിഷപ്പ് വിൻസെന്റ് വെറുമൊരു ചരിത്രപുരുഷൻ മാത്രമല്ലെന്നും, മറിച്ച് ദൈവത്തിനും മനുഷ്യർക്കുമായി ജീവിതം സമർപ്പിച്ച യഥാർത്ഥ ഇടയനായിരുന്നുവെന്നും ആ നിമിഷങ്ങളിൽ കൂടുതൽ വ്യക്തമായി.

തന്റെ പ്രിയപ്പെട്ട മെത്രാനെക്കുറിച്ച് ആ വൈദികന്റെ കണ്ണുകളിൽ തിളങ്ങിനിന്ന ആദരവും നന്ദിയും വിവരണാതീതമായിരുന്നു. "അദ്ദേഹം അത്യന്തംലളിത ജീവിതം നയിച്ച പിതാവും പ്രാർത്ഥനാനിരതനും സ്നേഹനിധിയുമായ ഒരു ഇടയനുമായിരുന്നു എന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഹൃദയത്തെ ആഴത്തിൽ സ്പർശിച്ചു. കേവലമൊരു കല്ലറ തേടിയുള്ള യാത്ര എന്നതിനപ്പുറം, സ്വന്തം ശ്രുപതയുടെ ആത്മീയ വേരുകൾ തേടിയുള്ള ഒരു തീർത്ഥാടനമായി മാറുകയായിരുന്നു..

അവസാന കാൽവെയ്പ്

നീണ്ട സംഭാഷണത്തിനൊടുവിൽ, ബിഷപ് വിൻസെന്റിന്റെ ഭൗതികശരീരം ഒരു പ്രത്യേക കല്ലറയിലല്ല, മറിച്ച് കർമ്മലീത്താ സന്യാസ സമൂഹത്തിന്റെ പൊതുശ്മശാനത്തിലാണ് അടക്കം ചെയ്തിരിക്കുന്നതെന്ന പ്രധാന വിവരവും അദ്ദേഹം കൈമാറി. ആ വലിയ പ്രതീക്ഷയുമായി യിപ്രെസിലെ പൊതുശ്മശാനത്തിലേക്ക് യാത്ര തിരിച്ചു. വഴിയിലുടനീളം മനസ്സിൽ ഒട്ടേറെ ചിന്തകൾ മിന്നിമറഞ്ഞു: "ഇത്രയും വർഷങ്ങൾക്ക് ശേഷം ആ വിശ്രമസ്ഥലം കണ്ടെത്താൻ സാധിക്കുമോ? ശ്രുപതയുടെ പ്രഥമ ഇടയന്റെ സവിധത്തിൽ എത്തിച്ചേരാനാകുമോ?" എന്നാൽ, ആശങ്കകൾക്കിടയിലും മനസ്സിൽ വലിയൊരു സമാധാനമുണ്ടായിരുന്നു. കാരണം, ഈ യാത്ര ഇനി കേവലം ഒരു വ്യക്തിയുടേത് മാത്രമായിരുന്നില്ല; മറിച്ച്, തിരുവനന്തപുരം അതിരൂപതയിലെ ആയിരക്കണക്കിന് വിശ്വാസികളുടെ പ്രാർത്ഥനയും കൃതജ്ഞതയും പേറുന്ന ഒരു വലിയ യാത്ര...

ആ പുണ്യസ്മൃതി സവിധത്തിൽ...

പൊതുശ്മശാനത്തിലെത്തി, കാലപ്പഴക്കം ചെന്ന കല്ലറകൾക്കിടയിലൂടെയുള്ള അന്വേഷണം ആരംഭിച്ചു. പേരുകൾ വായിച്ചും പ്രാർത്ഥിച്ചും മുന്നോട്ട് നീങ്ങിയ ആ യാത്ര ചെന്നവസാനിച്ചത് ഒരു വലിയ കാത്തിരിപ്പിന്റെ പൂർത്തീകരണത്തിലേക്കാണ്. ഒടുവിൽ, ആ കല്ലറ ദൃശ്യമായി—അഭിവന്ദ്യ വിൻസെന്റ് വിക്ടർ ദെരേര പിതാവിന്റെ അന്ത്യവിശ്രമസ്ഥലം!

ആ നിമിഷത്തിൽ മനസ്സിൽ നിറഞ്ഞ വികാരങ്ങൾ വാക്കുകൾക്ക് അതീതമായിരുന്നു. കണ്ണുകൾ നിറഞ്ഞൊഴുകിയ ആ നിശ്ശബ്ദതയിൽ ഹൃദയത്തിൽ ഒരേയൊരു നന്ദി പ്രാർത്ഥനമാത്രം ബാക്കിയായി: "ദൈവമേ, ഈ മഹാനായ ഇടയനെ ഞങ്ങളുടെ ജനതയ്ക്ക് നൽകിയതിന് അങ്ങേയ്ക്ക് നന്ദി." അതൊരു വെറും കല്ലറ കണ്ടെത്തൽ മാത്രമായിരുന്നില്ല, മറിച്ച് മാതൃശ്രുപതയുടെ വിശ്വാസചരിത്രവുമായി വീണ്ടും ആത്മീയമായി സന്ധിച്ച ധന്യനിമിഷമായിരുന്നു.

തുടരും..



സമൂഹത്തിന്റെ ആരോഗ്യകവചമായി 'ഓപ്പറേഷൻ മൺസൂൺ'

പ്രകൃതിയുടെ അനുഗ്രഹമായ മഴക്കാലം മനുഷ്യരുടെ ജീവിതത്തിൽ രോഗദുരിതങ്ങളുടെ കാലമായി മാറാതിരിക്കാനുള്ള കരുതലുകൾക്ക് പ്രസക്തിയേറുന്ന സമയമാണിത്. രോഗം വന്നശേഷമുള്ള ചികിത്സയ്ക്കുമപ്പുറം, രോഗം വരുന്നതിനുമുമ്പുള്ള പ്രതിരോധവും ജാഗ്രതയും സാമൂഹിക ജീവിതത്തിന്റെ ഭാഗമാക്കുന്നതിന്റെ ഭാഗമായി TSSSഉം Jubilee Memorial Hospitalഉം സംയുക്തമായി നടത്തിവരുന്ന ഓപ്പറേഷൻ മൺസൂൺ, മഴക്കാല രോഗപ്രതിരോധത്തെ കേന്ദ്രീകരിച്ചുള്ള ഒരു സാമൂഹിക ആരോഗ്യ അവബോധയജ്ഞമായി മാറുന്നു

ഒരു ക്ലാസ്മുറിയിൽ കുട്ടികളോട് സംസാരിക്കുന്ന ആരോഗ്യപ്രവർത്തകനിൽനിന്ന്, ഒരു സാമൂഹിക കൂട്ടായ്മയിൽ മഴക്കാല രോഗങ്ങളെക്കുറിച്ച് സംവദിക്കുന്ന പ്രവർത്തകരിലേക്കുള്ള ഈ യാത്ര ശ്രദ്ധിക്കുമ്പോൾ ഓപ്പറേഷൻ മൺസൂണിന്റെ യഥാർത്ഥ വ്യാപ്തി വ്യക്തമാകുന്നു. വ്യക്തിശുചിത്വം മുതൽ പരിസരശുചിത്വം വരെ, സുരക്ഷിതമായ കുടിവെള്ളം മുതൽ ഭക്ഷ്യസുരക്ഷ വരെ, കൊതുക് നിയന്ത്രണം മുതൽ രോഗലക്ഷണങ്ങൾ തിരിച്ചറിയൽ വരെ, മഴക്കാല ജീവിതവുമായി നേരിട്ട് ബന്ധപ്പെട്ട വിഷയങ്ങളാണ് ഓരോ ഇടപെടലിലും ഉയർന്നുവരുന്നത്. പ്രായവും പശ്ചാത്തലവും മാറുമ്പോഴും സന്ദേശത്തിന്റെ കാതൽ ഒന്നുതന്നെ.'മഴക്കാല രോഗങ്ങളെ ഭയക്കുന്നതിനേക്കാൾ അവയെ തിരിച്ചറിഞ്ഞ് പ്രതിരോധിക്കുന്ന ഒരു സമൂഹത്തെ രൂപപ്പെടുത്തുക.'

ഈ യാത്രയിൽ TSSS-ന്റെ പ്രാദേശിക ഇടപെടലുകൾക്ക് വലിയ പങ്കുണ്ട്. സമൂഹത്തിന്റെ അടിസ്ഥാനതലങ്ങളിലേക്ക് നേരിട്ട് എത്തുന്ന പ്രവർത്തനശൃംഖലയാണ് അതിന്റെ കരുത്ത്. വിവിധ മേഖലകളിലൂടെയും സാമൂഹിക കൂട്ടായ്മകളിലൂടെയും പ്രവർത്തിക്കുന്ന TSSSന് ആരോഗ്യസന്ദേശങ്ങളെ വീടുകളിലേക്കും കുടുംബങ്ങളിലേക്കും സാധാരണ ജനജീവിതത്തിന്റെ ഇടങ്ങളിലേക്കും എത്തിക്കുവാനുള്ള സ്വാഭാവികമായ ഒരു സാമൂഹിക ബന്ധമുണ്ട്.

ഈ സാമൂഹിക ഇടപെടലിന് ശാസ്ത്രീയമായ അടിത്തറ നൽകുന്നത് Jubilee Memorial Hospitalന്റെ ആരോഗ്യരംഗത്തെ വൈദഗ്ധ്യവും ചികിത്സാ പരിചയവുമാണ്. മഴക്കാലത്ത് സാധാരണയായി കാണപ്പെടുന്ന രോഗങ്ങൾ, അവയുടെ വ്യാപനസാഹചര്യങ്ങൾ, രോഗലക്ഷണങ്ങൾ, പ്രതിരോധമാർഗങ്ങൾ എന്നിവ സംബന്ധിച്ച ആരോഗ്യവിദഗ്ധരുടെ അറിവ് സമൂഹത്തിന്റെ യാഥാർഥ്യങ്ങളുമായി ചേരുമ്പോൾ ഓപ്പറേഷൻ മൺസൂണിന് കൂടുതൽ ആഴം കൈവരുന്നു. ഈ ഇടപെടലിന്റെ പ്രസക്തി ഏറ്റവും വ്യക്തമായി കാണുന്നത് തീരദേശ മേഖലകളിലാണ്. വെള്ളക്കെട്ടുകളും, ശുചിത്വപ്രശ്നങ്ങളും, കൊതുകുകളുടെ വ്യാപനവും, മലിനജലത്തിന്റെ സാധ്യതകളും, തുടങ്ങി ഒരു പ്രദേശത്തിന്റെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട നിരവധി ഘടകങ്ങൾ രോഗസാധ്യതയെ സ്വാധീനിക്കുന്നു. അത്തരം സാഹചര്യങ്ങളിൽ രോഗം വന്നശേഷം ചികിത്സ തേടുന്ന സമീപനത്തിൽനിന്ന്, രോഗസാധ്യത തിരിച്ചറിഞ്ഞ് നേരത്തെ ജാഗ്രത പാലിക്കുന്ന സമൂഹബോധത്തിലേക്കുള്ള മാറ്റമാണ് ഓപ്പറേഷൻ മൺസൂൺ സൃഷ്ടിക്കുന്നത്.

തുമ്പൂർമുതൽ കോവളംവരെയുള്ള അഞ്ച് തീരദേശ മേഖലകളിൽ നടന്ന ബോധവത്കരണ ക്ലാസുകളിലൂടെ 493 പേരിലേക്കും വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ 302 പേരിലേക്കും ആരോഗ്യസന്ദേശം എത്തി. ആകെ 795 പേർ നേരിട്ട് പങ്കാളികളായെങ്കിലും, ഈ ഇടപെടലിന്റെ യഥാർത്ഥ വ്യാപ്തി അതിനപ്പുറമാണ്. ഒരു ക്ലാസ്മുറിയിൽ പറഞ്ഞ വാക്കുകൾ വീട്ടിലെത്തുകയും വീട്ടിലെ ജാഗ്രത സമൂഹത്തിന്റെ കരുതലായി മാറുകയും ചെയ്യുന്ന ഈ മാറ്റത്തിലാണ് ഒപ്പറേഷൻ മൺസൂണിന്റെ ശക്തി. രോഗത്തെ ഭയക്കുന്ന സമൂഹത്തിൽനിന്ന് രോഗത്തെ തിരിച്ചറിഞ്ഞ് പ്രതിരോധിക്കുന്ന സമൂഹത്തിലേക്കുള്ള നിർണായകമായ ചുവടുവയ്പ്പാണിത്.

ഈ സന്ദേശം തീരദേശത്തിന്റെ അതിരുകൾക്കുള്ളിൽ നിൽക്കുന്നില്ല. പാളയം സെന്റ് ജോസഫ്സ് സ്കൂൾ, മുട്ടട ഹോളി ക്രോസ് സ്കൂൾ, ഫാത്തിമ മാതാ കമ്മ്യൂണിറ്റി കോളേജ് കരുംകുളം, സെന്റ് സേവ്യേഴ്സ് കമ്മ്യൂണിറ്റി കോളേജ്, ചാക്ക, സെന്റ് സേവ്യേഴ്സ് ഇന്റർനാഷണൽ മോണ്ടിസോറി അക്കാദമി എന്നിവിടങ്ങളിലായി 302 പേരിലേക്കുകൂടി ആരോഗ്യ സന്ദേശമെത്തി. ഇതോടെ വിവിധ മേഖലകളിലായി 795 പേർക്ക് നേരിട്ട് ബോധവത്കരണം ലഭിച്ചു. മഴക്കാലത്ത് സാധാരണയായി കണ്ടുവരുന്ന രോഗങ്ങൾ, അവയ്ക്ക് കാരണമാകുന്ന രോഗാണുക്കൾ, രോഗവ്യാപനത്തിന്റെ സാഹചര്യങ്ങൾ, പ്രധാന ലക്ഷണങ്ങൾ, ചികിത്സാ മാർഗങ്ങൾ എന്നിവ സംബന്ധിച്ച വിശദമായ വിവരങ്ങൾ ഉൾപ്പെടുത്തിയ ലഘുലേഖകൾ മേഖലകളിൽ വ്യാപകമായി വിതരണം ചെയ്യുന്നുണ്ട്.

അറിവിനെ ജാഗ്രതയാക്കി, ജാഗ്രതയെ പ്രതിരോധ ശീലമാക്കി മാറ്റുന്ന ഒരു സാമൂഹിക ആരോഗ്യ ഇടപെടലിന്റെ മാതൃകയാണ് ഓപ്പറേഷൻ മൺസൂൺ. മഴയെ തടയാനാവില്ലെങ്കിലും, മഴയോടൊപ്പം എത്തുന്ന രോഗങ്ങളെ പ്രതിരോധിക്കാനാകുമെന്ന ആത്മവിശ്വാസമാണ് ഈ പ്രവർത്തനം സമൂഹത്തിന് നൽകുന്നത്. രോഗം വരുംമുമ്പേ പ്രതിരോധത്തിന്റെ കരുത്ത് തീർക്കുന്നിടത്താണ് ഓപ്പറേഷൻ മൺസൂണിന്റെ യഥാർത്ഥ വിജയം.

•



• റിപ്പോർട്ട്
അഡ്വ. റോബിൻ സേവ്യർ

പ്രൊഫഷണൽസ് കോൺക്ലേവ് 2026

കേരള ജനസംഖ്യയിൽ ഏതാണ്ട് 18.38% വരുന്ന ക്രിസ്ത്യാനികളിൽ 27% പേർ ലത്തീൻ കത്തോലിക്കരാണ്. അതായത് കേരളത്തിന്റെ മൊത്തം ജനസംഖ്യയുടെ 6%. മൂന്ന് അതിരൂപതകളിലും 9 രൂപതകളിലുമായി വിന്യസിക്കപ്പെട്ടിരിക്കുന്ന ലത്തീൻ കത്തോലിക്കർ ഒരു ജനവിഭാഗമെന്ന നിലയിൽ ഒട്ടനവധി പരിമിതികളും പരാധീനതകളും നേരിടുന്നവരാണ്. മത്സ്യത്തൊഴിലാളികൾ, മരപ്പണിക്കാർ, കല്പണിക്കാർ, തോട്ടം തൊഴിലാളികൾ, ചെറുകിട കൃഷിക്കാർ, കൂലിവേലക്കാർ തുടങ്ങി താഴേത്തട്ടിൽ പണിയെടുക്കുന്നവരാണ് ബഹുഭൂരിപക്ഷവും. വിദ്യാഭ്യാസ മേഖലയിലും സാസ്കാരിക രംഗത്തും ഔദ്യോഗിക മേഖലയിലും മറ്റ് ക്രൈസ്തവ വിഭാഗങ്ങളെ അപേക്ഷിച്ച് വളരെ പിന്നിലാണ്. യഥാർത്ഥത്തിൽ ഇന്ത്യയിലെ "പിന്നാക്കക്കാരായ ന്യൂനപക്ഷമാണ് ലത്തീൻ കത്തോലിക്കർ "

കേരളത്തിലെ ആദ്യത്തെ പൊതുവിദ്യാലയം 1519 ൽ ഫോർട്ട് കൊച്ചിയിൽ ലത്തീൻ മിഷണിമാരാണ് സ്ഥാപിച്ചത്. വരാപ്പുഴ ആർച്ച് ബിഷപ്പ് ഡോ. ബർണദ്ദീൻ ബച്ചിനെല്ലി 1856 ൽ പുറത്തിറക്കിയ "പള്ളിക്കൊപ്പം പള്ളിക്കൂടം" എന്ന ഇടയ ലേഖനം കേരള വിദ്യാഭ്യാസ മണ്ഡലത്തിന് നല്കിയ ഉത്തേജനം വളരെ വലുതായിരുന്നു. അതിൻപ്രകാരം ഒട്ടനവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ കാലകാലങ്ങളിലായി ലത്തീൻ സമൂഹത്താൽ സ്ഥാപിക്കപ്പെട്ടുവെങ്കിലും അതിന്റെ ഗുണഭോക്താക്കൾ ആകാനുള്ള ഭാഗ്യം ലഭിച്ചില്ല. നൂറു ശതമാനം സാക്ഷരത ഉദ്ഘോഷിക്കുന്ന നമ്മുടെ സംസ്ഥാനത്തിൽ 50% ലധികം ലത്തീൻകാരുടെ വിദ്യാഭ്യാസ യോഗ്യത പത്താം ക്ലാസ്സോ അതിൽ താഴെയോ ആണ്. 4.58% മാത്രമാണ് പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയവർ. വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് അനുവദിച്ച തന്നിട്ടുള്ള 3% സംവരണത്തിന്റെ പകുതിപോലും ഉപയോഗപ്പെടുത്തുവാൻ പ്രാപ്തരായിട്ടില്ലായെന്നതാണ് ദയനീയമായ സത്യം.

ഈ സാഹചര്യത്തിലാണ് കേരളത്തിലെ ലത്തീൻ കത്തോലിക്കാസമൂഹത്തിന്റെ നയരൂപീകരണ ഏകോപന സമിതിയായ കേരള റീജിയണൽ ലാറ്റിൻ കാത്തലിക് കൗൺസിൽ (KRLCC) ന്റെ പ്രസക്തി വ്യക്തമാകുന്നത്. 2002 ൽ രൂപീകൃതമായ KRLCC ഈ ജനതയുടെ സമഗ്ര വികസനത്തിന്റെ ചാലക ശക്തിയായി പ്രവർത്തമാരംഭിച്ചിട്ട് 25 വർഷങ്ങൾ പൂർത്തിയാക്കുകയാണ്. രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ലത്തീൻ സമുഹത്തിന്റെ സാമൂഹിക, വിദ്യാഭ്യാസ, സാമ്പത്തിക, സാംസ്കാരിക പുരോഗതിക്കായി വിവിധ മേഖലകളിൽ കഴിവും മികവും തെളിയിച്ച പ്രൊഫഷണലുകളെ ഒരുമിച്ച് ചേർത്ത് അവർക്ക് കൂടുതൽ അവസരവും അംഗീകാരവും പ്രദാനം ചെയ്യുക, അവരുടെ അറിവും സ്വാധീനവും മറ്റുള്ളവരുടെ വളർച്ചയ്ക്ക് ഉപയുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2026 ആഗസ്റ്റ് 2 ന് കോട്ടയത്ത് ഒരു പ്രൊഫഷണൽസ് കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി. ലത്തീൻ കത്തോലിക്കാ സമൂഹത്തിന്റെ ബൗദ്ധിക ശേഷിയേയും പ്രൊഫഷണൽ വൈദഗ്ധ്യത്തേയും സമൂഹനന്മക്കായി ഏകോപ്പിക്കുവാൻ ലക്ഷ്യമിട്ട ഒരു ചരിത്ര സംരംഭമായിരുന്നു ഇത്. വ്യക്തിഗതമായി തൊഴിൽ വിജയങ്ങളെ സാമൂഹിക ഉത്തരവാദിത്വമാക്കി മാറ്റുകയും അറിവിനെ സേവനമായി രൂപാന്തരപ്പെടുത്തുകയും, പ്രൊഫഷണൽ മികവിനെ സമൂഹ പുരോഗതിയുടെ ശക്തിയാക്കുകയും ചെയ്യുക എന്ന ആത്യന്തിക ലക്ഷ്യത്തോടെ സംഘടിപ്പിച്ച ഈ കോൺക്ലേവിൽ ഗവേഷകർ, വിദ്യാഭ്യാസ വിചക്ഷണർ, അധ്യാപകർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, അഭിഭാഷകർ, ശാസ്ത്രജ്ഞർ, ഭരണ നിർവഹണ വിദഗ്ധർ, സംരംഭകർ, മാധ്യമ പ്രവർത്തകർ, സാമൂഹിക പ്രവർത്തകർ തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന 300 ലധികം പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി.

2026 ആഗസ്റ്റ് 2 ന് കോട്ടയം

വിജയപുരം രൂപതയുടെ വിമലഗിരി കത്തീഡ്രൽ അങ്കണത്തിലെ പാസ്റ്റർ സെന്ററിലാണ് കോൺക്ലേവ് ക്രമീകരിച്ചത്. ദിവ്യബലിയോടെ ആരംഭിച്ച സമ്മേളനം ബഹു. ജലസേചന വകുപ്പമന്ത്രി മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്തു. KRLCC ചെയർമാനും കണ്ണൂർ ആർച്ച് ബിഷപ്പുമായ റവ.ഡോ. വർഗീസ് ചക്കാലക്കൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ വിജയപുരം രൂപത മെത്രാൻ സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ സഹായ മെത്രാൻ, ജസ്റ്റിൻ മഠത്തിപറമ്പിൽ, KRLCC വൈസ് പ്രസിഡൻറ് ജോസഫ് ജൂഡ്, KRLCC ജനറൽ സെക്രട്ടറി ഫാ. ജിജു ജോർജ് അറക്കത്തറ, സെക്രട്ടറി മെറ്റിൽഡ മൈക്കിൾ എന്നിവർ സംസാരിച്ചു. മുൻ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഡോ. ലിഡാ ജേക്കബ് ഐ എ എസ് മുഖ്യ പ്രഭാഷണം നടത്തി.

കേരളത്തിന്റെ കടലോര സംരക്ഷണത്തിനുവേണ്ടി 4000 കോടി രൂപയുടെ പദ്ധതി നടപ്പാക്കുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി മോൻസ് ജോസഫ് പറഞ്ഞു. കടലാക്രമണം രൂക്ഷമായിരിക്കുന്ന, മുൻകൂട്ടി നിശ്ചയിച്ച 10 സ്പോട്ടുകളിലാണ് പദ്ധതി ആദ്യം നടപ്പാക്കുന്നത്. ഇതുകൊണ്ട് പ്രശ്നം തീരാതെവന്നാൽ മുഖ്യമന്ത്രിയുമായി സംസാരിച്ച രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ വിവിധ ഫണ്ടിംഗ് ഏജൻസികളുടെ സഹായത്തോടെ പുതിയ പദ്ധതിയും പരിശോധിച്ചു വരികയാണ്. കടലോരം നേരിടുന്ന മറ്റൊരു പ്രശ്നം കുടിവെള്ളത്തിന്റെ ലഭ്യതയാണ്. കടൽ വെള്ളം ശുദ്ധീകരിക്കുന്ന പദ്ധതിയുൾപ്പെടെ മുൻഗണനാവിഷയമായി ഇതും സർക്കാർ ഏറ്റെടുത്തിട്ടുണ്ട് എന്നും മന്ത്രി പറഞ്ഞു.

തുടർന്ന് വിവിധ കർമമേഖലകളുടെ അടിസ്ഥാനത്തിൽ 7 സ്ട്രീമുകളായി പ്രതിനിധികളെ തിരിച്ച് ഗ്രൂപ്പ് ചർച്ചകൾക്ക് തുടക്കംകുറിച്ചു.

1.അക്കാദമിക് വിദഗ്ധർ, ഗവേഷകർ (Academicians & Researchers)

ഡോ. മാർട്ടിൻ പാടിക്ക് ഫെസിലിറ്റേറ്ററായും, ഡോ. ബിജു റ്റെറൻസ് മോഡറേറ്ററായും പ്രവർത്തിച്ച ഏറ്റവുമധികം പ്രതിനിധികൾ ഉള്ള (60 അംഗങ്ങൾ) ഈ ഗ്രൂപ്പിനെ ഫലപ്രദമായ ചർച്ചകൾക്കായി മൂന്ന് ഉപഗ്രൂപ്പുകളായി തിരിച്ചു.

a) വിദ്യാഭ്യാസവും സാമ്പത്തികവും - മോഡറേറ്റർ - അഡ്വ. റോബിൻ സേവ്യർ

b) സാമൂഹികവും തൊഴിൽപരവും - മോഡറേറ്റർ - ഡോ.ജെ.ബി.രാജൻ

c) യുവജനങ്ങളും സുസ്ഥിര വികസനവും - മോഡറേറ്റർ - പ്ലാസിഡ് ഗ്രഗറി

മേൽ വിഷയങ്ങളെ സംബന്ധിച്ച വിശദമായ ചർച്ചകൾക്കു ശേഷം പ്രാഥമികമായി 3 തലത്തിലുള്ള പ്രവർത്തനങ്ങൾ സമിതി നിർദേശിച്ചു.

ഡേറ്റാ പില്ലർ: സമുദായങ്ങളുടെ സമഗ്രമായ ഡേറ്റാ ബാങ്ക്, ചരിത്ര രേഖീകരണം, വിവര പോർട്ടൽ, ഫിഷറീസ്, കാർഷിക തോട്ടം മേഖലകളിലെ ഗവേഷണാവശ്യങ്ങൾ നിലവിൽ അവലോകനം ചെയ്ത KRLCC പ്രോഫഷണൽ ഡേറ്റാബാങ്ക് ഈ സംരംഭത്തിന്റെ ആദ്യ പടിയായി കണക്കാക്കാവുന്നതാണ്.

കമ്യൂണിറ്റി പില്ലർ: മെന്ററിംഗ്, യൂത്ത് സെൽ - പിയർ കൗൺസിലിംഗ്, മത്സ്യ തോട്ടം തൊഴിലാളികൾക്കുള്ള നിയമ സഹായം, സംവരണ അവബോധം, സ്ത്രീശാക്തീകരണം, കലാ-സാംസ്കാരിക രംഗങ്ങളിലെ പങ്കാളിത്തം

സ്ഥാപന/ധനസഹായ പില്ലർ: ഓരോ രൂപതയിലും സ്കോളർഷിപ്പിനായി കോർപ്പസ് ഫണ്ട് രൂപീകരിക്കുക, സ്റ്റാർട്ടാപ്പുകൾക്ക് സീഡ് മണി, ഫിനിഷിംഗ് സ്കൂളുകൾ, HEI അടിസ്ഥാന സൗകര്യ – ഉണനിലവാര വികസനം, ഫിഷറീസ് സ്കൂൾ നവീകരണം

ഇതിനായി 3 ഘട്ടങ്ങളിലായി പ്രാവർത്തികമാക്കേണ്ട ഒരു കർമ്മ പദ്ധതിയും ഈ ഗ്രൂപ്പ് തയ്യാറാക്കി. സമുദ്രസുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് ശാസ്ത്രീയ ഗവേഷണം നടത്തണം. മത്സ്യബന്ധന മേഖലയിൽ ടെറിട്ടോറിയൽ യൂസ് റൈറ്റ്സ് ഇൻ ഫിഷറീസ് (TURF) നടപ്പിലാക്കുവാൻ KRLCC മുന്നിട്ടിറങ്ങണം. സമുദായത്തിന്റെ സ്ഥാപനങ്ങൾ മികവിന്റെ കേന്ദ്രമാക്കി (Centre of Excellence) മാറ്റുകയും നമ്മുടെ വിദ്യാർത്ഥികൾക്ക് അവിടെ അഡ്മിഷൻ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുകയും വേണമെന്നും ഗ്രൂപ്പ് ശുപാർശ ചെയ്തു.

2. അധ്യാപകർ (Teachers and Educationalists)

ശ്രീമതി. അന്നമ്മ എബ്രഹാം മോഡറേറ്ററായും പി ആർ കുഞ്ഞച്ചൻ ഫെസിലിറ്റേറ്ററായും നടന്ന ചർച്ചയിൽ ഇന്ന് നമ്മുടെ വിദ്യാർഥികളും അധ്യാപകരും നേരിടുന്ന പ്രശ്നങ്ങൾ പ്രത്യേകിച്ചും മയക്കുമരുന്നുകളുടെ ഉപയോഗം, ഉന്നത വിദ്യാഭ്യാസ രംഗത്ത് ആൺകുട്ടികളുടെ എണ്ണത്തിൽ വന്ന കുറവ്, പൊതു തൊഴിൽ രംഗങ്ങളിലും മത്സര പരീക്ഷകളിലും പങ്കെടുക്കാതെ വിദേശത്തേക്ക് കടക്കുവാനുള്ള അഭിവാഞ്ഛ, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സർക്കാർ അനുവദിച്ച് തന്നിട്ടുള്ള ക്വാട്ടയിൽ പോലും ലത്തീൻ കത്തോലിക്കാ വിദ്യാർഥികളില്ലാത്ത അവസ്ഥ, സഭയുടെ സ്ഥാപനങ്ങളുടെ ഗുണനിലവാരത്തകർച്ച എന്നിവ പ്രത്യേക വിഷയങ്ങളായി. വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമാക്കുന്നതിനുള്ള (Centre of Excellance) ശ്രമങ്ങളാരംഭിക്കണമെന്നും കുട്ടികൾക്ക് വേണ്ട പ്രത്യേക പരിശീലനം ചെറിയ പ്രായം മുതൽ തന്നെ നൽകണമെന്നും, ആത്മ വിശ്വാസം വളർത്തിയെടുക്കാനുതകുന്ന പ്രത്യേക കോച്ചിങ് സെൻറുകൾ വഴി വിവിധ പ്രൊഫഷണൽ രംഗത്ത് എത്തിക്കുവാൻ അധ്യാപകർ തന്നെ മുന്നിട്ടിറങ്ങണമെന്നും ഗ്രൂപ്പ് ശുപാർശ ചെയ്തു.

3.എഞ്ചിനീയറുമാരും സംരംഭകരും (Engineers & Entrepreneurs)

ജോയി സെബാസ്റ്റ്യൻ ഫെസിലിറ്റേറ്ററായും ടോണി ജോസ് മോഡറേറ്ററായും നടന്ന ചർച്ചയിൽ തീരദേശ മേഖലയിലെ സുസ്ഥിര വികസനം, മത്സബന്ധനം, അനുബന്ധ വ്യവസായങ്ങൾ, സമുദ്രാധിഷ്ഠിത സമ്പത്ത് വ്യവസ്ഥ (Blue Economy) തുടങ്ങിയവയെക്കുറിച്ച് വിശദമായ ചർച്ച നടന്നു. മറൈൻ സാങ്കേതിക രംഗത്ത് എന്തൊക്കെ മാറ്റങ്ങൾ (Mechanisation, Automation) കൊണ്ടുവരുവാൻ സാധിക്കുമെന്ന് ഗ്രൂപ്പ് ചർച്ച ചെയ്തു. സംരംഭകത്വം പ്രോത്സാഹിപ്പിക്കുവാൻ സ്റ്റാർട്ടപ്പുകൾക്കു സീഡ്മണി നൽകുവാൻ ഒരു ഫണ്ട് ഉണ്ടാക്കണമെന്ന് ശുപാർശ ചെയ്തു. കൂടാതെ കമ്യൂണിറ്റിക്കായി Professional Portal ഈ ഗ്രൂപ്പിന്റേതായി ചെയ്ത നൽകാമെന്ന് അറിയിച്ചു. ഡിജിറ്റൽ സാങ്കേതിക വിദ്യ മത്സ്യബന്ധനമേഖലയിൽ എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്നതിനെപ്പറ്റി കൂടുതൽ പഠിക്കുവാനും എത്രയും പെട്ടെന്ന് ഒരു റിപ്പോർട്ട് KRLCC യ്ക്ക് നൽകുവാനും ഗ്രൂപ്പ് തീരുമാനിച്ചു.

4. ഡോക്ടറുമാരും ആരോഗ്യ പ്രവർത്തകരും (Doctors and Health Workers)

ഡോക്ടർ മനോജ് കുരിശിങ്കൽ ഫെസിലിറ്റേറ്ററായും ഡോ. മേഴ്സി സി വി മോഡറേറ്ററായും നയിച്ച ഈ ഗ്രൂപ്പ് ചർച്ച തീരപ്രദേശങ്ങളിൽ ഇപ്പോൾ വ്യാപകമായിക്കൊണ്ടിരിക്കുന്ന കാൻസർ പോലുള്ള രോഗങ്ങളുടെ കാരണമെ

ന്താണെന്ന് ചർച്ച ചെയ്തു. ഈ രംഗത്ത് കൂടുതൽ പഠനം ആവശ്യമുണ്ടെന്ന് കണ്ടെത്തി. സമുദായത്തിന് ഒരു മെഡിക്കൽ കോളേജ് എന്ന ആശയം പ്രവർത്തികമാക്കണം. മെഡിക്കൽ രംഗത്ത് പ്രവർത്തിക്കാനുള്ള മാർഗനിർദേശങ്ങളും സാമ്പത്തിക സഹായവും കുട്ടികൾക്ക് ലഭ്യമാക്കണം. മാതൃശിശു ആരോഗ്യം, ജീവിതശൈലി രോഗങ്ങൾ, മാനസിക ആരോഗ്യം, വയോജന പരിപാലനം എന്നിവ മെച്ചപ്പെടുത്തുന്നതിന് നമ്മുടെ ആരോഗ്യപ്രവർത്തകർ നേതൃത്വം നൽകണമെന്ന് തീരുമാനിച്ചു.

5. നിയമ വിദഗ്ധർ (Legal Professionals)

അഡ്വ. ഷെറി ജെ തോമസ് എംപിലിറ്റേറ്ററായും അഡ്വ സെറീന ജോർജ് മോഡറേറ്ററായും ആണ് ഈ ഗ്രൂപ്പിലെ ചർച്ച നയിച്ചത്. സമുദായ അംഗങ്ങൾക്കുള്ള ഭരണഘടന അവകാശങ്ങൾ (ഉദാ. സംവരണം etc) പ്രത്യേകിച്ചും തീരദേശജനതയ്ക്ക് അവരുടെ അവകാശങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കണം. കടൽ നിയമങ്ങളും തീരപരിപാലന നിയമങ്ങളും മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്നതാകരുത്. ശ്രുപതാ ഫെറോന തലത്തിൽ നിയമസഹായ സെല്ലുകൾ രൂപീകരിക്കണം. സാമൂഹിക നീതി, ലിംഗ സമത്വം എന്നിവ ഉറപ്പുവരുത്തുവാൻ സമുദായത്തിലെ നിയമ വിദഗ്ധർ ശ്രദ്ധചെലുത്തേണ്ടതാണ്. നിയമ മേഖലയിൽ സമുദായ അംഗങ്ങളായ കൂടുതൽ പേരെ കൊണ്ടുവരണമെന്നും കഴിയുമെങ്കിൽ ഒരു ലോ കോളേജ് തുടങ്ങണമെന്നും യോഗം ശുപാർശ ചെയ്തു.

6.സർക്കാർ , പൊതുമേഖല ഉദ്യോഗസ്ഥർ (Public servants and Buerocrats)

ശ്രീ. രാജുഭാഗ്യോദയം മോഡറേറ്ററായും ശ്രീ.ഇഗ്നേഷ്യസ് മൺറോ എംപിലിറ്റേറ്ററായുമാണ് ഈ ഗ്രൂപ്പിലെ ചർച്ചകൾ നടന്നത്. സർക്കാർ, അർധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥർ ഭാവി തലമുറയ്ക്ക് ഉപയോഗപ്രദമായ രീതിയിൽ കൃത്യമായ മാർഗനിർദേശങ്ങൾ നൽകേണ്ടതാണ്. വിവിധ സ്ഥാപനങ്ങളിൽ വരുന്ന ഒഴിവുകൾ മുൻകൂട്ടി കണ്ടുകൊണ്ടുള്ള പരിശീലനം വിദ്യാർത്ഥികൾക്ക് നൽകണം. ലത്തീൻ സമുദായത്തിന്റെ സമഗ്ര വികസനത്തിനായി സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഭ സന്നദ്ധ സംഘടനകൾ, പ്രൊഫഷണൽ ശൃംഖല എന്നിവ തമ്മിലുള്ള ഏകോപനവും നയാധിഷ്ഠിത സഹകരണവും സർവീസിലുള്ള ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

7. വിദ്യാഭ്യാസ സ്ഥാപന മേധവികളും മാനേജർമാരും (Institutional Heads and Managers)

ഫാദർ (ഡോ) എ ആർ ജോൺ എംപിലിറ്റേറ്ററായും ഡോ. ജോസഫ് ജസ്റ്റിൻ റിബെല്ലോ മോഡറേറ്ററായും നടന്ന ഈ ഗ്രൂപ്പ് ചർച്ചയിലൂടെ ഒട്ടനവധി ഫലപ്രദമായ നിർദേശങ്ങൾ മുന്നോട്ട് വച്ചു. നമ്മുടെ തന്നെ സ്ഥാപനങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും നമ്മുടെ കുട്ടികൾക്ക് ഇൻറേൺഷിപ്പും അപ്രൻറീസ്ഷിപ്പും ചെയ്യാനുള്ള അവസരമൊരുക്കാവുന്നതാണ്.

- സമുദായത്തിന്റെ സ്ഥാപനങ്ങളിൽ ASAP, ഓൺലൈൻ & സ്കിൽ ഡെവലപ്മെൻറ് പ്രോഗ്രാമുകൾ എന്നിവ നമ്മുടെ കുട്ടികൾക്ക് താങ്ങാവുന്ന ഫീസിൽ സ്കോളർഷിപ്പ്/ഫീ കൺസക്ഷൻ എന്നിവയോടെ ഏർപ്പെടുത്തണം.

- നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലാബ്, ലൈബ്രറി, സ്പോർട്സ് ഗ്രൗണ്ടുകളും മറ്റ് അനുബന്ധ സൗകര്യങ്ങളും നമ്മുടെ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും ലഭ്യമാക്കണം.

- സ്കൂൾതലം മുതൽതന്നെ കുട്ടികൾക്കായി നേതൃത്വപരിശീലനം, കരിയർ ഗൈഡൻസ്, സാമ്പത്തിക സാക്ഷരത, കമ്മ്യൂണിക്കേഷൻ സ്കിൽ എന്നിവ ലഭ്യമാക്കാം.

- വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുവാൻ സ്റ്റാർട്ടപ്പുകൾ, ഇൻക്യുബേഷൻ സെൻറുകൾ, ബിസിനസ് ഡെവലപ്മെൻറൽ ടെയിനിംഗ് എന്നിവ നൽകണം.

- നമ്മുടെ സ്ഥാപനങ്ങൾ പ്രധാനപ്പെട്ട വ്യവസായ സ്ഥാപനങ്ങളുമായി യോജിച്ച് പ്രവർത്തിക്കുകയും കാമ്പസ് റിക്രൂട്ട്മെൻറ്, മെൻററിംഗ്, പ്രാക്ടിക്കൽ ടെയിനിംഗ് എന്നിവയിൽ സഹകരണം ഉറപ്പ് വരുത്തുകയും വേണം.

- ഒരു ഡെഡിക്കേറ്റഡ് ലേബർ ഡേറ്റാ ബാങ്ക്/എംപ്ലോയ്മെൻറൽ പോർട്ടൽ എന്നിവ തുടങ്ങുവാനുള്ള നടപടി എടുക്കണം. ഇതിൽ സ്കിൽഡ് മാൻപവർ, തൊഴിൽ സാധ്യത, ഇൻറേൺഷിപ്പ് സാധ്യത, വ്യവസായങ്ങൾക്ക് കാലാനുസൃതമായി ആവശ്യമായ തൊഴിലുകളുടെ വിവരങ്ങൾ എന്നിവ ഉണ്ടായിരിക്കണം.

- പൂർവവിദ്യാർത്ഥി സംഘടനകൾ, വലിയ വ്യവസായ സ്ഥാപനങ്ങൾ, അഭ്യുദയകാംക്ഷികൾ എന്നിവരുടെ സഹകരണത്തോടെ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും സ്കോളർഷിപ്പ്, മെൻറർഷിപ്പ് എന്നിവ ഏർപ്പെടുത്തുകയും വേണം.

- സമുദായത്തിന്റേതായ ഒരു പ്ലാറ്റ്ഫോം (Common Institutional Platform) പ്രാവർത്തികമാക്കി സാമ്പത്തിക, സാങ്കേതിക, മാനവവിഭവ ശേഷിയുടെ സമാഹരണം നടത്തേണ്ടതാണ്.

- പ്രശസ്ത വ്യവസായ സ്ഥാപനങ്ങൾ, പ്രൊഫഷണൽ ഏജൻസികൾ, ഗവൺമെൻറ് ഏജൻസികൾ എന്നിവയുമായി ഇൻറേൺഷിപ്പ്, ടെയിനിങ്, റിസർച്ച്, കൺസൾട്ടൻസി എന്നിവയ്ക്കായി ദീർഘകാല കരാറുകൾ ഉണ്ടാക്കണം.

- 'Sponsor a Child' എന്ന പദ്ധതി വഴി സമൂഹത്തിലെ താഴെക്കിടയിലുള്ള കുട്ടികളെ നമ്മുടെ അധ്യാപകരും, മറ്റ സ്റ്റാഫ് അംഗങ്ങളും, സന്നദ്ധ കാരുണ്യ സംഘടനകളും അവരുടെ പഠനത്തിന് ഒരു താങ്ങായി വർത്തിക്കണം.

- സ്പോർട്സ്, ആർട്സ്, നൈപുണ്യ വികസനം എന്നിവയ്ക്കായി പ്രത്യേക സ്ഥാപനങ്ങൾ (Professional Institutions) ആരംഭിക്കണം.

ഒരടിപോലും മുന്നോട്ട് പോകാതെ പേടിച്ച് പിന്തിരിഞ്ഞോടുന്ന മാനസികാവസ്ഥയെയാണ് ഹെർമ്മൻ ഹൂണ്ടർട്ട് പിന്നാക്കാവസ്ഥയായി നിർവചിക്കുന്നത്. കേരളത്തിലെ ലത്തീൻ കത്തോലിക്കരുടെ അവസ്ഥ അതല്ല. വെല്ലുവിളികളെ നേരിട്ടുകൊണ്ട് സാമൂഹികമായും സാംസ്കാരികമായും സാമ്പത്തികമായും മുന്നോട്ട് പായുന്ന ഒരു സമൂഹമായി നമുക്ക് വളരാൻ കഴിയും. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സമുദായാംഗങ്ങൾ കേരളീയ പശ്ചാത്തലം ഉൾക്കൊണ്ട് സമൂഹത്തിന്റെ ഉന്നതിക്കായി മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു. ഈ കോൺക്ലേവ് ഒരു ഏകദിന പരിപാടിയായിട്ടല്ല മറിച്ച് ദീർഘകാല പ്രൊഫഷണൽസ് കൂട്ടായ്മയുടെ തുടക്കമായിട്ടാണ് വിഭാവന ചെയ്തിരിക്കുന്നത്. വിഷയാധിഷ്ഠിത ഫോറങ്ങൾ, ഗവേണഷണ സംഘങ്ങൾ, മെന്ററിംഗ് ശൃംഖലകൾ, നയപഠന കേന്ദ്രങ്ങൾ, യുവജന നേതൃത്വ വികസന പദ്ധതികൾ എന്നിവ രൂപീകരിച്ച് തുടർപ്രവർത്തനങ്ങളിലൂടെ KRLCC മുന്നോട്ട പോകുമെന്ന് നമുക്ക് പ്രത്യാശിക്കാം. ●

വചന ജ്വാല

(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)

2026 ഒക്ടോബർ മാസത്തെ ഉപയോഗത്തിനായ് അതിരൂപത ബിസിസി കമ്മിഷൻ തയ്യാറാക്കിയത്



തയ്യാറാക്കിയത്:
ഫാ. സനീഷ്
(എക്സിക്യൂട്ടീവ് സെക്രട്ടറി,
ബിസിസി കമ്മിഷൻ)

"തിരഞ്ഞെടുപ്പ് : ശുശ്രൂഷാദൗത്യം സ്വീകരിക്കേണ്ട സമയം"

1. പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം

2. ആമുഖം



തിരുവനന്തപുരം ലത്തീൻ അതിരൂപത ദൈവപരിപാലനയുടെ 90 വർഷത്തിന്റെ നിറവിലാണ്. കഴിഞ്ഞ 9 പതിറ്റാണ്ടുകളായി ദൈവവചന പ്രഘോഷണത്തിലും കാരുണ്യ പ്രവർത്തനങ്ങളിലും സാമൂഹിക ഇടപെടലുകളിലും തിരുവനന്തപുരം അതിരൂപത നൽകിയ സംഭാവനകൾ ഓർത്ത് ദൈവത്തിന് കൃതജ്ഞത അർപ്പിക്കേണ്ട ഉദാത്തമായ അവസരമാണ് നവതി. പിന്നിട്ട വഴികളിലേക്ക് ഒരു തിരിഞ്ഞുനോട്ടം നടത്തുമ്പോൾ ബി.സി.സി/ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ രൂപീകരണവും അതിലൂടെ രൂപത കൈവരിച്ച വളർച്ചയും വിസ്മരിക്കാനാവില്ല. അതിരൂപത 'ജനങ്ങളുടെ സഭ' എന്ന നവീനമായ ആശയം ഉൾക്കൊണ്ട് കൂട്ടായ്മയും പങ്കാളിത്തവും രൂപതയിലും, ഇടവകകളിലും നടപ്പിലാക്കി മുന്നേറിയതിന്റെ ഓർമകളാണ് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾക്ക് പറയുവാനുള്ളത്.

ബി.സി.സി.കൾ പരസ്പരം സ്നേഹം പങ്കുവെക്കാനും, ദൈവവചനം ധ്യാനിക്കാനും, പ്രദേശത്തെ സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടാനുമുള്ള വേദികളായി മാറി. സഭയുടെ തീരുമാനങ്ങളിലും പ്രവർത്തനങ്ങളിലും എല്ലാ വിശ്വാസികൾക്കും തുല്യപങ്കാളിത്തം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യം ബി.സി.സി.കളിലൂടെ വിപ്ലവാത്മകമായ രീതിയിൽ നടപ്പിലാക്കാൻ അതിരൂപതയ്ക്ക് കഴിഞ്ഞു എന്ന് നന്ദിയോടെ നാം ഓർക്കുന്നു. ഈ പശ്ചാത്തലത്തിലാണ് വരാനിരിക്കുന്ന ബി.സി.സി. തിരഞ്ഞെടുപ്പിനെ നാം നോക്കിക്കാണേണ്ടത്. അതിരൂപതയുടെ 10 വർഷത്തേക്കുള്ള സ്വപ്നങ്ങൾ രൂപകല്പന ചെയ്യുവാനും അവ നടപ്പിലാക്കുവാനും വേണ്ട ഉറപ്പായ അടിസ്ഥാനം ഇടുവാനും തിരഞ്ഞെടുക്കപ്പെടുന്ന നവനേതൃത്വത്തിന്/ പുതിയ ഭാരവാഹികൾക്ക് കഴിയണം. ദൈവജനമാകുന്ന നാം നമ്മുടെ സജീവ പങ്കാളിത്തം സഭയിൽ ഉറപ്പ് വരുത്തിയാലേ, ഇടയനെ പിൻചെല്ലുന്ന നല്ല അജഗണമായി വളരുവാൻ നമുക്ക് കഴിയുകയുള്ളൂ എന്ന ചിന്തയോടെ ഈ പ്രാർത്ഥനാ കൂട്ടായ്മയിൽ നമുക്ക് പങ്കുചേരാം.

3. യേശുവിനെ ക്ഷണിക്കൽ

4. ദൈവവചന പാരായണം:
മത്തായി 10:1-10

5. വചനഭാഗം പങ്കുവയ്ക്കൽ

6. നിശ്ശബ്ദധ്യാനം

7. വചനാനുഭവം പങ്കുവയ്ക്കൽ (ചുരുങ്ങിയ വാക്കുകളിൽ പങ്കുവയ്ക്കുന്നു.)

8. വചനവിചിന്തനം

പ്രിയമുള്ളവരേ, ക്രിസ്തുനാഥൻ തന്റെ ദൗത്യനിർവഹണത്തിൽ തനിക്കൊപ്പം നിൽക്കുവാനും, തനിക്ക് ശേഷം ദൗത്യം തുടരുവാനുമായി 12 പേരെ അപ്പോസ്തലന്മാരായി തിരഞ്ഞെടുക്കുന്നു. ലോകചരിത്രത്തെ തന്നെ മാറ്റിമറിച്ച ഒരു തിരഞ്ഞെടുപ്പിന് കർത്താവ് തയ്യാറായി. തിരഞ്ഞെടുപ്പുകൾ അനിവാര്യമാണ്. തിരഞ്ഞെടുപ്പുകളെ ഭയപ്പെടുകയോ ഒഴിഞ്ഞു മാറുകയോ ചെയ്യുന്നത് ദൈവഹിതത്തിനെതിരാണ് എന്ന് കർത്താവ് നമ്മെ പഠിപ്പിക്കുന്നു. അപ്പോസ്തലന്മാരെ തിരഞ്ഞെടുക്കുക മാത്രമല്ല, തിരഞ്ഞെടുക്കപ്പെട്ട അവർക്ക് ഉണ്ടാകേണ്ട മനോഭാവത്തെക്കുറിച്ചും, അവരുടെ പ്രവർത്തന ശൈലിയെക്കുറിച്ചും യേശുനാഥൻ വ്യക്തമായി സൂചനകൾ നൽകുന്നു. ദാനമായി ലഭിച്ച ഈ അനുഗ്രഹം പൂർണ സമർപ്പണത്തോടെ ദാനമായി തന്നെ എല്ലാവർക്കും നൽകുവാൻ ഉള്ളതാണെന്ന് ഈശോ ഓർമിപ്പിക്കുന്നു. സൗഖ്യം നൽകിക്കൊണ്ടും, സ്നേഹവും സമാധാനവും നൽകിക്കൊണ്ടും, പൈ



ശാചികമായ സാന്നിധ്യങ്ങളെ സുഖപ്പെടുത്തിക്കൊണ്ടും, ഒറ്റപ്പെട്ടുപോയവരെ ആശ്വസിപ്പിച്ചുകൊണ്ടും, ഉള്ളത് എല്ലാവരുമായി പങ്കുവച്ചുകൊണ്ടുമാണ് സൗജന്യമായി ലഭിച്ച ഈ ശുശ്രൂഷ ദൗത്യം നിർവഹിക്കേണ്ടത്. അതുകൊണ്ടുതന്നെ തിരഞ്ഞെടുക്കപ്പെട്ടവർക്ക് സേവനതൽപരതയും, ശുശ്രൂഷാമനോഭാവവും ഉണ്ടാവണം. ഈ ദൗത്യ നിർവഹണത്തിൽ സ്വത്തുവകകളായി എന്തെങ്കിലും കൂടെ കൊണ്ടുപോകുവാനോ, എന്തെങ്കിലും നേടുവാനോ ശ്രമിക്കാതെ, ദൈവപരിപാലനയിൽ പൂർണമായി ആശ്രയിക്കുവാൻ വചനം നമ്മെ ഉദ്ബോധിപ്പിക്കുന്നു.

സുരക്ഷിതത്വം നൽകുന്ന ഒന്നുമില്ലാതെ നമ്മുടെ സുരക്ഷ പരിപാലകനായ ദൈവത്തിൽ അർപ്പിക്കണം എന്നതാണ് സൂചന. നമ്മുടെ ബി.സി.സി. തിരഞ്ഞെടുപ്പും, ദൈവപരിപാലനയുടെ അനുഭവം തന്നെയാണ്. ദൈവം തന്റെ ദൗത്യത്തിനായി ഓരോ വ്യക്തികളെയും തിരഞ്ഞെടുക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടവർ വരുന്ന രണ്ടു വർഷക്കാലം കുടുംബ കൂട്ടായ്മകളെ സ്നേഹത്തിലും സമാധാനത്തിലും പങ്കുവയ്ക്കലിലും വളർത്തി ഇടവകയെയും സഭയെയും പരിപോഷിപ്പിക്കുന്നു. ഇത് ഒരു ഭാരമായി കരുതാതെ, ദൈവവിളിയും നിയോഗവുമായി കരുതി സമർപ്പണത്തോടെ നാം ചെയ്യേണ്ടതുണ്ട്. യോഗ്യരായ, കഴിവും സമയവും ആഗ്രഹവും ഉള്ള വ്യക്തികളെ തിരഞ്ഞെടുത്ത്, ഒരു നല്ല നേതൃത്വം ഇടവകതലത്തിൽ രൂപീകരിച്ച്, പ്രവർത്തനക്ഷമമാക്കിയാൽ അത് ഇടവക കുടുംബം മുഴുവനും വലിയ അനുഗ്രഹമായി മാറും. നവതിയുടെയും ശതാബ്ദിയുടെയും പശ്ചാത്തലത്തിൽ, വരുന്ന തിരഞ്ഞെടുപ്പിനെ ഏറ്റവും നല്ല അവസരമായി കണ്ട് നല്ല ഒരു നേതൃത്വത്തെ നമുക്ക് തിരഞ്ഞെടുക്കാം. (ഈ ആശയങ്ങളുടെ സഹായത്തോടെ ബി.സി.സി യോഗത്തിൽ വിചിന്തനം ചെയ്യാവുന്നതാണ്. വിചിന്തനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ചോദ്യങ്ങൾ ചർച്ച ചെയ്യാം)

» സാധാരണ ഇടവക ബി.സി.സി. തിരഞ്ഞെടുപ്പുകളിൽ സംഭവിക്കുന്ന അപചയങ്ങൾ, പോരായ്മകൾ എന്തൊക്കെ?

» അടുത്തുവരുന്ന ഇടവക ബി.സി.സി. തിരഞ്ഞെടുപ്പ് ഏറ്റവും ഫലപ്രദമായി നടത്തുവാൻ എന്തൊക്കെ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാം?

»

9. ദൗത്യമേറ്റെടുക്കൽ
10. സ്വയംപ്രേരിത പ്രാർഥന

11. കർത്തൃപ്രാർഥന

12. സമാപനപ്രാർഥന

രണ്ടാം ഭാഗം

1. കുടുംബനാഥൻ/നാഥ എല്ലാവരെയും സ്വാഗതം ചെയ്യുന്നു
2. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)
3. വരവ് ചെലവ് അവതരണം;
4. ശുശ്രൂഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവതരണം

(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മതസ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷാ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)

5. ചർച്ചയും പങ്കുവയ്ക്കലും;
6. ഹാജർ
7. രഹസ്യപ്പിരിവ്
8. അറിയിപ്പുകൾ
9. നന്ദി
10. സമാപനഗീതം



വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക, സഭാവാർത്തകൾക്കായി ന്യൂസ് പോർട്ടൽ സന്ദർശിക്കുക
www.archtvmnews.com

രജത ജൂബിലി നിറവിൽ മരിയൻ എഞ്ചിനീയറിംഗ് കോളേജ്; മുഖ്യമന്ത്രി ജൂബിലി മന്ദിരത്തിന്റെ തറക്കല്ലിട്ടു



കഴക്കൂട്ടം: തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന കഴക്കൂട്ടം മരിയൻ എഞ്ചിനീയറിംഗ് കോളേജിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ സമാപനവും കോളേജ് കരസ്ഥമാക്കിയ സ്വയംഭരണ പദവി പ്രഖ്യാപനവും മരിയൻ എഡ്യൂസിറ്റി ക്യാമ്പസിലെ ബിഷപ്പ് ദെരേരാ ഹാളിൽവച്ച് നടന്നു. ചടങ്ങിൽ തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പും കോളേജ് പാട്രണുമായ ഡോ. തോമസ് ജെ. നെറ്റോ അധ്യക്ഷത വഹിച്ചു. കേരള മുഖ്യമന്ത്രി വി. ഡി. സതീശൻ ഉദ്ഘാടനവും, സിൽവർ ജൂബിലി മന്ദിരത്തിന്റെ തറക്കല്ലിടലും, ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കലും നിർവഹിച്ചു

ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ കോളേജിന്റെ സ്വയംഭരണ പദവി പ്രഖ്യാപിച്ചു. പുതിയ അക്കാദമിക് പ്രോഗ്രാമുകളുടെ ഉദ്ഘാടനം ഗതാഗത വകുപ്പ് മന്ത്രി സി. പി. ജോണും ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ആരംഭിച്ച റിസർച്ച് സെന്ററുകളുടെ ഉദ്ഘാടനം കെ.ടി.യു. വൈസ് ചാൻസിലർ ഡോ. സിസ തോമസും നിർവഹിച്ചു.

തിരുവനന്തപുരം അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് രാജപ്പൻ രജത ജൂബിലി സ്മരണിക പ്രകാശനം ചെയ്തു ചടങ്ങിൽ ചിറയിൻകീഴ് എം.എൽ.എ രമ്യ ഹരിദാസ് പുതിയ അക്കാദമിക് വർഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. കോളേജ് സ്ഥാപക പാട്രൺ ഡോ. എം. സൂസപാക്യം പ്രമുഖ വ്യക്തിത്വങ്ങളെ ചടങ്ങിൽ ആദരിച്ചു.

തിരുവനന്തപുരം അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ എച്ച്. പെരേര രജതജൂബിലി ചാരിറ്റി പ്രോഗ്രാമിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. കോളേജ് ബർസാർ റവ. ഫാ സിബിൻ ജി. NSS യൂണിറ്റിനുള്ള രജത ജൂബിലിയുടെ ഓർമ്മയ്ക്കായി വൃക്ഷത്തൈകൾ കൈമാറി. ചടങ്ങിൽ മാനേജിംഗ് ഡയറക്ടർ ഫാ ഡോ. എ. ആർ. ജോൺ സ്വാഗതവും, പ്രിൻസിപ്പൽ ഡോ. അജിത് പ്രഭു വി. നന്ദിയും പറഞ്ഞു. ഡീൻ ഡോ. എ സാംസൺ പുതിയ അധ്യായന വർഷത്തെ വിദ്യാർത്ഥികൾക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു

മുത്തശ്ശി മുത്തച്ഛന്മാരുടെ ദിനം കുടുംബ ശുശ്രൂഷ അതിരൂപതയിലെ എല്ലാ ഇടവകകളിലും ആചരിച്ചു



തിരുവനന്തപുരം: തിരുവനന്തപുരം ലത്തീൻ അതിരൂപത കുടുംബപ്രേഷിത ശുശ്രൂഷയുടെ നേതൃത്വത്തിൽ 2026 ജൂലൈ 26-ന് വിശുദ്ധ അന്നയുടെയും വിശുദ്ധ യോവാക്കിമിന്റെയും തിരുനാൾ ദിനത്തോടനുബന്ധിച്ച് അതിരൂപതയിലെ എല്ലാ ഇടവകകളിലും മുത്തശ്ശി മുത്തച്ഛന്മാരുടെ ദിനം ആചരിച്ചു. കുടുംബങ്ങളിൽ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും മൂല്യങ്ങൾ തലമുറകളിലേക്ക് കൈമാറുന്നതിൽ മുത്തശ്ശി -മുത്തച്ഛന്മാരുടെ മഹത്തായ പങ്ക് അനുസ്മരിച്ചുകൊണ്ട് എല്ലാ ഇടവകകളിലും അവർക്കായി പ്രത്യേക ദിവ്യബലി അർപ്പിച്ചു. തിരുവനന്തപുരം ലത്തീൻ അതിരൂപത മെത്രാപ്പോലീത്ത തോമസ് ജെ. നെറ്റോ ചമ്പാവ് ഇടവകയിൽ ദിവ്യബലി അർപ്പിക്കുകയും മുത്തശ്ശി മുത്തച്ഛന്മാരെ പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.

വിഴിഞ്ഞം സമരം; എഫ്സിആർഎ ലൈസൻസ് പുതുക്കൽ നിഷേധിച്ച കേന്ദ്ര നടപടി നിയമ വിരുദ്ധമെന്ന് ഹൈക്കോടതി

കൊച്ചി: വിഴിഞ്ഞം തുറമുഖ പദ്ധതിക്കെതിരായ സമരത്തെ പിന്തുണച്ചതിന്റെ പേരിൽ രണ്ട് സന്നദ്ധ സംഘടനകളുടെ വിദേശ സംഭാവന നിയന്ത്രണ നിയമ (എഫ്സിആർഎ) പ്രകാരമുള്ള രജിസ്ട്രേഷൻ പുതുക്കാനുള്ള അപേക്ഷ തള്ളിയ കേന്ദ്ര സർക്കാർ നടപടി ഹൈക്കോടതി റദ്ദാക്കി. കാരണം കാട്ടാതെയും വ്യക്തമായ കാരണങ്ങളില്ലാതെയും അപേക്ഷ നിരസിച്ച നടപടി സ്വേച്ഛാപരവും നിയമ വിരുദ്ധവുമാണെന്ന് വിലയിരുത്തിയാണ് ജസ്റ്റീസ് ബെച്ചു കുര്യൻ തോമസിന്റെ ഉത്തരവ്. കോടതിയുടെ നിരീക്ഷണങ്ങൾ പരിഗണിച്ച് മൂന്നുമാസത്തിനകം അപേക്ഷയിൽ പുതിയ ഉത്തരവ് പുറപ്പെടുവിക്കാൻ ആഭ്യന്തര മന്ത്രാലയത്തിലെ എഫ്സിആർഎ ഡിവിഷന് കോടതി നിർദേശം നൽകി.

ഡയാലിസിസ് രോഗികൾക്കുള്ള ആശ്വാസ പദ്ധതി ജൂബിലി മെമ്മോറിയൽ ആശുപത്രിയിൽ ഉദ്ഘാടനം ചെയ്തു



തിരുവനന്തപുരം: ഡയാലിസിസിനു വിധേയരാകേണ്ടി വരുന്ന വൃക്കരോഗമുള്ള വർക്ക് കൈത്താങ്ങായി യങ് മൈൻഡ്സ് ഇന്റർനാഷണൽ, ജൂബിലി മെമ്മോറിയൽ ആശുപത്രിയുമായി ചേർന്ന് നടപ്പാക്കുന്ന ആശ്വാസപദ്ധതിക്ക് തുടക്കമായി. തിരുവനന്തപുരം YMCA ഹാളിൽ നടന്ന ചടങ്ങിൽ കേരള ആരോഗ്യ – ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. പദ്ധതിയുടെ ഭാഗമായി യങ് മൈൻഡ്സ് ഇന്റർനാഷണൽ ഒരു ഡയാലിസിസ് മെഷീൻ സൗജന്യമായി ജൂബിലി ആശുപത്രിക്ക് നൽകി. രോഗികൾക്ക് സൗജന്യ ഡയാലിസിസിനുള്ള കൂപ്പൺ വിതരണം ചടങ്ങിൽ നടന്നു. YMI പ്രസിഡന്റ് ഡോ. കെ. സി.സാമുവൽ, മുൻ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി, റ്റി . കെ. നായർ , ജൂബിലി മെമ്മോറിയൽ ആശുപത്രി മാനേജിങ് ഡയറക്ടർ റവ. ഡോ. ലെനിൻ രാജ് തുടങ്ങിയവർ സംസാരിച്ചു

ജൂബിലി മെമ്മോറിയൽ ആശുപത്രിയിൽ ജൂബിലി ഹോം കെയർ പദ്ധതി ആരംഭിച്ചു



ജൂബിലി മെമ്മോറിയൽ ആശുപത്രിയുടെ റൂബി ജൂബിലിയുടെ ഭാഗമായി ആരോഗ്യ സേവനങ്ങൾ ജനങ്ങളുടെ അടുത്തേക്ക് എത്തിക്കുന്നതിനായി Jubilee Home Care എന്ന പ്രത്യേക സേവന സൗകര്യം ആരംഭിച്ചിരിക്കുന്നു. ഈ പദ്ധതിയിലൂടെ ആശുപത്രിയിലെ നഴ്സുമാർ മറ്റു ആരോഗ്യ പ്രവർത്തകർ എന്നിവർ രോഗികളുടെ വീടുകളിൽ എത്തി ആവശ്യമായ ആരോഗ്യ പരിചരണ സേവനങ്ങൾ നൽകുന്നതാണ്. ഈ സേവനങ്ങളിൽ ഉൾപ്പെടുന്നത്:

- Injection നൽകൽ
- Dressing സേവനങ്ങൾ
- Catheter പരിചരണം
- രക്ത സമ്മർദ്ദം (BP) Blood Sugar പരിശോധന
- ആവശ്യമായ രക്തപരിശോധനകൾ (Blood Test)
- ഫിസിയോ തെറാപ്പി
- ആവശ്യമായ ആരോഗ്യ ബോധവൽക്കരണവും കൗൺസിലിംഗും

ഈ സേവനം ലഭ്യമാക്കുന്നതിന് 9567 844 744 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.


അതിരൂപത കുടുംബ ശുശ്രൂഷയും ലൊയോള എക്സ്റ്റൻഷൻ സെന്ററും സംയുക്തമായി അമ്മമാർക്കുവേണ്ടി ശില്പശാല സംഘടിപ്പിച്ചു



കരുംകുളം: ലത്തീൻ അതിരൂപത കുടുംബ ശുശ്രൂഷയും ലൊയോള എക്സ്റ്റൻഷൻ സർവീസസിന്റെ DDI പദ്ധതിയും സംയുക്തമായി അമ്മമാർക്കുവേണ്ടി ശില്പശാല സംഘടിപ്പിച്ചു. കരുംകുളം ജില്ലാ പഞ്ചായത്ത് അംഗം ഫ്രീഡാ സൈമൺ ശില്പശാല ഉദ്ഘാടനം ചെയ്തു. വിഷരഹിത ഭക്ഷണം, ആരോഗ്യം, സ്ത്രീശാക്തീകരണം, പ്രകൃതി സംരക്ഷണം, വിശ്വാസാധിഷ്ഠിത ജീവിതം എന്നിവയുടെ പ്രാധാന്യം എന്നിവ ശില്പശാലയിലെ വിഷയങ്ങളായിരുന്നു. കുടുംബ ശുശ്രൂഷ തിരുവനന്തപുരം ലത്തീൻ അതിരൂപത ഡയറക്ടർ ഫാ. റിച്ചാർഡ് സക്കറിയ ഇടവക അമ്മമാരുടെ ഭവന നിർമിത ഉൽപ്പന്നങ്ങളുടെ പ്രദർശനം ഉദ്ഘാടനം ചെയ്തു.

വെട്ടുകാട്-വേളാങ്കണ്ണി തീരദേശ വീക്കൻഡ് സൂപ്പർ ഡീലക്സ് സർവീസ് ആരംഭിച്ചു

വെട്ടുകാട്: തീർഥാടകരുടെയും യാത്രക്കാരുടെയും യാത്ര കൂടുതൽ സൗകര്യപ്രദമാക്കുന്നതിനായി കെ.എസ്.ആർ.ടി.സി തിരുവനന്തപുരം സെൻട്രൽ യൂണിറ്റിൽ നിന്ന് വെട്ടുകാട് വഴി വേളാങ്കണ്ണിയിലേക്ക് പുതിയ തീരദേശ വീക്കൻഡ് സൂപ്പർ ഡീലക്സ് സർവീസ് ആരംഭിച്ചു. സർവീസിന്റെ ഉദ്ഘാടനം ഫാ. ഷാജു വില്യം വെട്ടുകാട് പള്ളി അങ്കണത്തിൽ നിർവഹിച്ചു. തിരുവനന്തപുരം – വെട്ടുകാട് – വിഴിഞ്ഞം – പൂവാർ – കളിയിക്കാവിള – നാഗർകോവിൽ – തിരുനെൽവേലി – സാത്തൂർ – മധുര – തിരുച്ചിറപ്പള്ളി – തഞ്ചാവൂർ – വേളാങ്കണ്ണി എന്ന രീതിയിലാണ് സർവീസിന്റെ റൂട്ട് ക്രമീകരിച്ചിരിക്കുന്നത്. എല്ലാ വെള്ളിയാഴ്ചയും വൈകിട്ട് 6.00ന് തിരുവനന്തപുരത്ത് നിന്നും പുറപ്പെടും. ശനിയാഴ്ച രാവിലെ 6.30ന് വേളാങ്കണ്ണിയിൽ എത്തിച്ചേരും. ശനിയാഴ്ച 6.30ന് വേളാങ്കണ്ണിയിൽ നിന്നും പുറപ്പെട്ട് ഞായറാഴ്ച രാവിലെ 5.50ന് വെട്ടുകാട് എത്തും.



വരുവിൻ നമുക്ക് രമ്യപ്പെടാം

ആണ്ടുവട്ടം 23-ാം ഞായർ (സെപ്റ്റം. 6)

എസെ. 33:7-9, റോമ. 13:8-10, മത്താ. 18:15-20

ഫാ. ഡൈസൺ

ആഫ്രിക്കൻ ഗോത്രങ്ങളിലൊന്നിലെ ഒരു പരമ്പരാഗത രീതിയിങ്ങനെ; ഭാര്യാഭർത്താക്കന്മാർക്കിടയിൽ അസ്വാരസ്യം തുടങ്ങിയതറിഞ്ഞാൽ ബന്ധുക്കൾ അവരുടെ വീടിനുമുന്നിൽ, ഉടഞ്ഞുതുടങ്ങിയ ഒരു മൺകുടം കൊണ്ടുവയ്ക്കും. സൂക്ഷിച്ചില്ലെങ്കിൽ ബന്ധം എപ്പോൾ വേണമെങ്കിലും ഇല്ലാതായേക്കാം. അതിനെക്കുറിച്ചുള്ള ഓർമപ്പെടുത്തലാണ് പൊട്ടിയ മൺകുടം. വിളക്കിച്ചേർക്കാനാവാത്തതിനെയും സ്നേഹത്തിന് വിളക്കിച്ചേർക്കാനാവും. ഉടഞ്ഞുപോകുന്ന ബന്ധങ്ങളെ കൂട്ടിച്ചേർക്കുവാൻ ഖുംറാൻ സമൂഹത്തിൽ നിലനിന്നിരുന്ന ത്രീതല സമീപനം യേശുനാഥൻ നിർദ്ദേശിക്കുന്നു:

തീയിൽ വീണ കർപ്പൂരം സുഗന്ധം നല്കുന്നു. വെട്ടിയൊരുക്കിയ മുന്തിരിവള്ളി ഫലം ചൂടുന്നു. നിലത്തു വീണ് അഴിയുന്ന വിത്ത് മുളപൊട്ടുന്നു. അതുപോലെ മുറിവേറ്റ ബന്ധങ്ങൾ വിളക്കിച്ചേർക്കുമ്പോൾ അവിടെ സ്നേഹബന്ധം ഉരുത്തിരിയുന്നു. വി.തോമസ് അക്വിനാസ് പറയുന്നു: തെറ്റുതിരുത്തി രമ്യപ്പെടുമ്പോൾ വികലമായ ബന്ധം യോജിക്കുകയും അതുവരെ വിദ്വേഷത്തിന്റെയും പകയുടെയും മരുഭൂമിയായ നെഞ്ചകം സ്നേഹത്തിന്റെ ഉറവകൊണ്ട് നിറയ്ക്കപ്പെടുകയും ചെയ്യുമ്പോൾ സന്തോഷത്തിന്റെ വിത്തുകൾ മുളപൊട്ടുന്നു. ഈ സന്തോഷം മനുഷ്യമനസ്സിന് അദ്ഭുത സൗഖ്യം പ്രദാനംചെയ്യുന്നു.

1. അനുതാപത്തിന്റെ കനൽ

ശത്രുവിനെ സഹോദരനാക്കാൻവേണ്ടി യേശു നിർദേശിക്കുന്ന വീണ്ടെടുക്കലിന്റെ ആദ്യ ബോധനരീതി തികച്ചും രഹസ്യാത്മകവും വ്യക്തിപരവുമാണ്. തെറ്റുകാരനും ഇരയായ വ്യക്തിയും തനിച്ചിരുന്ന് സ്നേഹത്തിന്റെ അന്തരീക്ഷത്തിൽ പ്രശ്നത്തിന് പരിഹാരം കണ്ടെത്തണം. കാരണം, തെറ്റുചെയ്ത വ്യക്തി എന്റെ ശത്രുവല്ല, സഹോദരനാണെന്ന ബോധ്യത്തിലായിരിക്കണം തെറ്റ തിരുത്തൽ നടപടി നടത്തേണ്ടത്. ഒരാൾ നമുക്കെതിരെ തെറ്റുചെയ്താൽ ആ തെറ്റിനെ പറഞ്ഞുപരത്താതെ, പരസ്യപ്പെടുത്താതെ വിവേകത്തോടും വകതിരിവോടും ആ തെറ്റ് ബോധ്യപ്പെടുത്തിക്കൊടുക്കുക. അപ്പോൾ തെറ്റുകാരന്റെ ജീവിതത്തിൽ അനുതാപത്തിന്റെ ഒരു കനലിടാൻ സാധിക്കും. അപരന്റെ തെറ്റുകൾ തിരുത്തിക്കൊടുക്കുവാൻ പോകുന്നതിനുമുമ്പ് നമ്മുടെ ജീവിതത്തിൽ നാം പാലിക്കേണ്ട മര്യാദകളുണ്ട്. ഒന്നാമതായി നമ്മുടെ സഹോദരന്റെ നിസ്സാരമായ തെറ്റിനെ പർവതീകരിച്ച്, പരദൂഷണം നടത്താതിരിക്കാൻ ശ്രദ്ധിക്കണം. അതിനായി നമ്മുടെ ജീവിതത്തെ പരദൂഷണ നിരോധിത മേഖലയാക്കണം. പരദൂഷണം ബന്ധങ്ങളെ വികലവും നാശവുമാക്കുന്നു. മറ്റുള്ളവരുടെ കുറ്റം പറഞ്ഞുനടക്കുന്ന പരദൂഷണക്കാരനെ ഫ്രാൻസിസ് പാപ്പ വിശേഷിപ്പിക്കുന്നത് കൂട്ടിപ്പിശാചെന്നാണ്! കോവിഡ് വൈറസ് ബാധയെക്കാൾ വലിയ ബാധയാണ് പരദൂഷണവും നുണപറച്ചിലും. രണ്ടാമതായി മറ്റുള്ളവരുടെ തെറ്റുകൾ കഴിച്ചുമൂടുവാനുള്ള ഒരു സെമിത്തേരി നമ്മിൽ ഉണ്ടാവണം. അഥവാ സഹോദരന്റെ തെറ്റ് ക്ഷമിക്കാൻ നമുക്കാവണം. അപ്രകാരം ചെയ്യുമ്പോൾ നമ്മൾ സ്വർഗസ്ഥനായ പിതാവിന്റെ മക്കളായി മാറും. മൂന്നാമതായി മദർ തെരേസ പറയുന്നതുപോലെ 'മുറിവേല്ക്കുന്നതുവരെ സ്നേഹിക്കുക. സ്നേഹംകൊണ്ട് തെറ്റുചെയ്യുന്ന സഹോദരനെ നേടാനാകും'. ആദ്യശ്രമം പരാജയപ്പെട്ടാൽ രണ്ടാംശ്രമം നടത്തണമെന്നാണ് ഫ്രാൻസിസ് പാപ്പ നമ്മെ ഉദ്ബോധിപ്പിക്കുന്നത്. 'മതി ഞാനില്ലായെന്ന്' പറഞ്ഞ് കയ്യൊഴിയരുത്. ഇത് ദൈവം ആഗ്രഹിക്കുന്നില്ലായെന്ന് ആത്മീയന്യായം നടത്തരുത്. വ്യക്തിപരമായ ശ്രമങ്ങൾ ഫലംകാണാതെ വരുമ്പോൾ യേശുനാഥൻ ഉപദേശിക്കുന്നത് ചെറുകൂട്ടായ്മയിൽ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുകയെന്നാണ്.

2. ആത്മീയരുടെ ദൗത്യം

ആരും നശിക്കാതെ എല്ലാവരും രക്ഷപ്രാപിക്കണമെന്ന ദൈവമായ യേശുവിന്റെ ആഗ്രഹം നന്നായി മനസ്സിലാക്കിയ പൗലോസ് അപ്പസ്തോലൻ ഗലാത്തിയർക്കെഴുതിയ ലേഖനത്തിൽ പറയുന്നു: 'ഒരുവൻ എന്തെങ്കിലും തെറ്റിലകപ്പെട്ടാൽ ആത്മീയരായ നിങ്ങൾ അവനെ വീണ്ടെടുക്കണം' (ഗലാ 6:1). പഴയനിയമകാലത്ത് ഇസ്രായേൽ ജനത പാലിച്ച വിശുദ്ധമായ പതിവ് ഇതായിരുന്നു: 'തെറ്റു ചെയ്യുന്ന സഹോദരനെ ആത്മീയവ്യക്തികളുടെ ചെറുകൂട്ടായ്മയിൽ വീണ്ടെടുക്കുക എന്ന നിർമലമായ പതിവ്.' തെറ്റിന്റെയോ കുറ്റത്തിന്റെയോ സത്യാവസ്ഥ മനസ്സിലാക്കുവാനും തീരുമാനിക്കുവാനും രണ്ടോ മൂന്നോ ആത്മീയമനുഷ്യരുടെ സാക്ഷ്യങ്ങൾ ആവശ്യമാണ് (നിയ 19:15). സാക്ഷികളായ ആത്മീയവ്യക്തികളുടെ സാന്നിധ്യം തെറ്റുകാരനെ കുറ്റം വിധിക്കാനല്ല, സഹായിക്കുവാനാണ്. തെറ്റിന്റെ ഗൗരവം ബോധ്യപ്പെടുത്താനും ആ തെറ്റിൽ പാറപോലെ ഉറച്ചുനില്ക്കാതെ അതിൽനിന്നും പിൻതിരിയാനുള്ള ഉൾവെളിച്ചം നല്കുവാനുമാണ് സാക്ഷികൾ ശ്രമിക്കേണ്ടത്. ശത്രുതകൊണ്ട് മൃതനായിപ്പോയ സഹോദരനയല്ല, സ്നേഹംകൊണ്ട് ജീവിക്കുന്ന സഹോദരനെ വീണ്ടെടുക്കുവാൻ ഉതകുന്നതാവണം ആത്മീയരുടെ സാക്ഷ്യങ്ങൾ. ആത്മീയരുടെ സാന്നിധ്യത്തിൽ യേശുവുണ്ടെന്ന തിരിച്ചറിവാണ് മുറിവേറ്റ ഹൃദയബന്ധങ്ങളെ വിശുദ്ധമാക്കുന്നത്. കുടുംബത്തിൽ, കുടുംബകൂട്ടായ്മയിൽ യേശു നിർദേശിക്കുന്ന ആത്മീയരുടെ ചെറുകൂട്ടായ്മ രൂപപ്പെടണം. അപരന്റെ വീഴ്ചകളെയും കുറവുകളെയും ആഘോഷമാക്കുന്ന വിക

ലമായ ശൈലിയിൽനിന്നും സാമൂഹ്യമാധ്യമങ്ങളെക്കാൾ അതിവേഗം പരസ്യം നല്കുന്ന മനോഭാവത്തിൽനിന്നും നമ്മൾ മാറണം. നമ്മുടെ തെറ്റുകൾ രണ്ടുവഴികളിലൂടെ തിരുത്തുവാനാകുമെന്ന് ജ്ഞാനവാസിഷ്ഠത്തിൽ പറയുന്നു. സ്വയമേവ വിചാരണചെയ്ത് മനോബലംകൊണ്ട് തെറ്റുകൾ തിരുത്താവുന്നതാണ് ആദ്യ വഴി. രണ്ടാമത്തെ വഴി മറ്റുള്ളവരുടെ തിരുത്തലുകൾക്ക് വഴങ്ങി തെറ്റുതിരുത്തുന്നതാണ്. മറ്റുള്ളവർ തിരുത്തുമ്പോൾ നമ്മുടെ തെറ്റുകൾ തെറ്റാണെന്ന് കാണാനുള്ള കണ്ണുകളുണ്ടാവണം. തെറ്റുകൾ തിരുത്തപ്പെടാൻ ആഗ്രഹിക്കാത്ത മനസ്സ് ചെടിയുടെ ചുവട്ടിൽ വെള്ളം ഒഴിക്കുന്നതിനുപകരം തീക്കനലുകൾ ഇടുന്നതിന് തുല്യമായിരിക്കും.

3. സഭയെ അറിയിക്കുക

യഹൂദസഭയെന്നത് യഹൂദരുടെ പരമോന്നത നീതിനിർവഹണ സമിതിയായ സെൻഹെദ്രിൻ ആണ്. ഈ സഭയിൽ പ്രധാന പുരോഹിതൻ അധ്യക്ഷനും അദ്ദേഹത്തിന്റെ കീഴിൽ എഴുപത് അംഗങ്ങളുമുണ്ടായിരിക്കും. റോമാസാമ്രാജ്യത്തിന്റെ ഭരണകാലത്ത് ഈ സംഘത്തിന് മരണശിക്ഷ ഒഴികെയുള്ള മറ്റേതു ശിക്ഷാവിധികളും നടപ്പാക്കാനുള്ള അധികാരം ഉണ്ടായിരുന്നു. യേശുവിന്റെ കാലത്ത് ഈ സംഘത്തിന് ഓരോ പ്രദേശത്തിനും ഓരോ ചെറിയ നിർവഹണ സമിതിയുണ്ടായിരുന്നു. നീതിനിഷേധവും, നിയലംഘനവുമുണ്ടായാൽ ആദ്യം ഒരുവന്റെ പരാതി സമർപ്പിക്കേണ്ടത് ഈ സംഘത്തിനുമുമ്പിലാണ്. എന്നാൽ, യേശു പറയുന്നു. കോടതി കയറുംമുമ്പ് വ്യക്തിതലത്തിലോ ആത്മീയരുടെ ചെറുസംഘത്തിന്റെ മധ്യസ്ഥതയിലോ പ്രശ്നം പരിഹരിക്കുക.

ക്രിസ്ത്യാനികളായ നമുക്ക് പ്രശ്നങ്ങൾ പരിഹരിക്കേണ്ട സഭയെന്നത് ക്രിസ്തു സാന്നിധ്യമുള്ള തിരുസഭയാണ്. തിരുസഭയെന്ന് പറയുന്നത് വിശുദ്ധരും പാപികളുമുള്ള വിശ്വാസസമൂഹമാണ്. ദൈവത്തിന്റെ കാരുണ്യവും പാപക്ഷമയും അനുഭവിച്ചറിയുന്ന പാപികളുടെ സമൂഹമാണ് തിരുസഭ. സഭയുടെ ശബ്ദമെന്നത് ക്രിസ്തുവിന്റെ ശബ്ദമാണ്.

'ലോകത്തിലെ ഏറ്റവും വലിയ മരുഭൂമി ഒട്ടകത്തിന്റെ മനസ്സിലാണ്. പിന്നെ ചില മനുഷ്യരുടെ ഹൃദയത്തിലും.' മരുഭൂമികൾ തീർക്കുന്നത് നമ്മൾതന്നെയാണ്. ഭിന്നതയും കലഹങ്ങളും അസൂയയും അഹന്തയും നന്മനിറഞ്ഞ ഹൃദയത്തെ തിന്മയുടെ മരുഭൂമിയാക്കി മാറ്റുന്നു. മരുഭൂമികണക്കെ മൃതമായ നമ്മുടെ ജീവിതത്തെ രമ്യതകൊണ്ട് ജീവനുള്ളതാക്കാം.

നീതിയും കരുണയും

ആണ്ടുവട്ടം 24-ാം ഞായർ(സെപ്തം. 13)
പ്രഭാ. 27:30-28:7 റോമ. 14:7-9
മത്താ. 18:21-35
ഫാ. പ്രബൽ

When people hurt me, I say that I forgive them. But, like a dog that won't give up its bone, I let my heart continue to chew on past insults and wrong.

നീതിക്കപ്പുറം സഹോദരനോട് കരുണകാണിക്കേണ്ടതിന്റെ ആവശ്യകതയാണ് ഉപമയിലെ പ്രധാന പ്രമേയം. മൂന്നുഭാഗങ്ങളുണ്ട് ഈ ഉപമയിൽ.

1. രാജാവിന്റെ കാരുണ്യം (18:22-27)

2. കാരുണ്യം ലഭിച്ചവന്റെ നിർദയമായ പെരുമാറ്റം (18:28-30).

3. നിർദ്ദയനായ ദുഷ്യന്റെമേലുള്ള വിധി (18:31-35)

തന്റെ ഭവനത്തിനുചുറ്റും നിയമമെന്ന മതിൽകെട്ടി അതിനുള്ളിൽ സസുഖം വാണരുളിയ യഹൂദപ്രമാണിമാരുടെ പാത പിൻചെല്ലുവാൻ ഗുരുവിനെ പ്രേരിപ്പിക്കുംവിധമാണ് പത്രോസിന്റെ ചോദ്യം; "കർത്താവേ എന്നോട് തെറ്റുചെയ്യുന്ന എന്റെ സഹോദരനോട് ഞാൻ എത്രപ്രാവശ്യം ക്ഷമിക്കണം? ഏഴുപ്രാവശ്യമോ?" ചോദ്യവും ഉത്തരവും ഒരേസമയം പറഞ്ഞ് ഗുരുവിന്റെ പ്രശംസ പ്രതീക്ഷിച്ച പത്രോസിനെ കുഴക്കി യേശു പറഞ്ഞു; "ഏഴെന്നല്ല, ഏഴ് എഴുപത് പ്രാവശ്യം."

ഏഴ് എഴുപത് പ്രാവശ്യം എന്ന പ്രയോഗം ഹീബ്രുവിൽ 77 എന്നും ഗ്രീക്കിൽ ഏഴ് എഴുപത് = 490 എന്നും മനസ്സിലാക്കാവുന്നതാണ്. ഉൽപ. 4: 24; "കായേന്റെ പ്രതികാരം ഏഴിരട്ടിയെങ്കിൽ ലാമെക്കിന്റേത് എഴുപത്തിയേഴിരട്ടിയായിരിക്കും." എന്ന വചനത്തിന്റെ പശ്ചാത്തലത്തിൽ എണ്ണമല്ല, തീവ്രതയാണ് പ്രധാനം എന്നാണ് വ്യക്തമാക്കുക. ലാമെക്കിന്റെ അതിരില്ലാത്ത പ്രതികാരം സൂചിപ്പിക്കുന്ന ഈ പ്രയോഗം ക്രിസ്തു അതിരില്ലാത്ത ക്ഷമ ശിഷ്യരെ പഠിപ്പിക്കുവാൻ ഉപയോഗിക്കുന്നു.

സ്വർണം, വെള്ളി, ചെമ്പ് എന്നീ ലോഹങ്ങളിൽ നിർമിച്ചിട്ടുള്ള താലന്തിന് ഓരോ ദേശത്തും മൂല്യം വ്യത്യസ്തമാകാറുണ്ട്. ഏകദേശം ആറായിരം ദനാറയ്ക്ക് സമാനമാണ്. ഒരു താലന്ത് ഒരു സാധാരണക്കാരന്റെ പതിനെട്ടുവർഷത്തെ കൂലിയാണത്. 10000 താലന്ത് സമ്പാദിക്കാൻ ഒരു സാധാരണക്കാരൻ 180000 വർഷങ്ങൾ ജോലിചെയ്യണം. ഒരിക്കലും വീട്ടിത്തീർക്കാൻ സാധിക്കാത്ത തുക എന്നർത്ഥം. രാജാവിന്റെ കരുണയുടെ ബാഹുല്യമാണ് ഇവിടെ വ്യക്തമാവുക. ദനാറ മൂല്യം 5.67 ഗ്രാം മാത്രമാണ്. ഒരു കൂലിപ്പണിക്കാരന്റെ ഒരു ദിവസത്തെ കൂലിയാണ് ഒരു ദനാറ. നൂറു ദനാറ 567 ഗ്രാം മാത്രമാണ്. ക്രിസ്തുവിന്റെ അനന്തകാരുണ്യം സ്വീകരിക്കുന്ന ക്രിസ്തുശിഷ്യർ അപരനോട് കാണിക്കേണ്ടിവരുന്ന ഏത് മഹാകാരുണ്യവും താരതമ്യേന ലഘുവാണെന്ന് വ്യക്തമാക്കുന്നു. എന്നാൽ ഉപമയിലെ കടം ഇളച്ചു കിട്ടിയവൻ തനിക്കുകിട്ടിയ ഇളവ് രാജാവിന്റെ കാരുണ്യംകൊണ്ട് ലഭിച്ചതാണെന്നും താനും മറ്റുള്ളവരോട് രാജാവിനെപ്പോലെ ഉദാരശീലനും കാരുണ്യവാനുമായി വർത്തിക്കേണ്ടതാണെന്നും മനസ്സിലാക്കിയില്ല.

അളവുകളില്ലാത്ത സ്നേഹം, അതിരുകളില്ലാത്ത സ്നേഹം എന്നൊക്കെയാണ് ദൈവസ്നേഹത്തെക്കുറിച്ച് വചനം പഠിപ്പിക്കുക. എന്നിട്ടും യേശു പറയുക, മറ്റുള്ളവരുടെ തെറ്റുകൾ ക്ഷമിച്ചാലേ നിങ്ങളുടെ തെറ്റുകളും ക്ഷമി



ക്കപ്പെടുകയുള്ളൂ (മത്താ. 6:14-15). ഇത് ഒരു അതിരല്ലേ? ഇത് ഒരു അളവല്ലേ? ദൈവം കാരുണ്യവാനല്ലേ, ദൈവത്തിന് വെറുതെ അങ്ങ് ക്ഷമിച്ചാലെന്ത്? സ്നേഹിതനുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് പഠിപ്പിച്ചവന് ഇങ്ങനെ പറയാനേ പറ്റൂ.

അസ്വാഭാവികതകളുടെ ദൈവരാജ്യം

ആണ്ടുവട്ടം 25-ാം ഞായർ (സെപ്തം.20)

ഏശ. 55, 6-9, ഫിലി. 1, 20-24, 27

മത്താ. 20, 1-16

ഫാ. ഡാർവിൻ ഫെർണാണ്ടസ് എ


ദൈവരാജ്യരഹസ്യങ്ങളെ വിവിധ ഉപമകളിലൂടെ യേശു പഠിപ്പിക്കുന്നു. കഴിഞ്ഞ ആഴ്ചയിൽ ക്ഷമിക്കുന്ന ദൈവത്തിന്റെയും ക്ഷമയുടെ ദൈവരാജ്യത്തിന്റെയും ഉപമയെക്കുറിച്ച് നാം മനസ്സിലാക്കിയെങ്കിൽ, ഇന്ന് നാം മനസ്സിലാക്കുക കരുണയുള്ള ദൈവത്തിന്റെയും കരുണയുടെ ദൈവരാജ്യത്തിന്റെയും ഉപമയാണ്. അസ്വാഭാവികതകളും അപ്രതീക്ഷിതവുമായ കാര്യങ്ങളാണ് ഈ ഉപമയിൽ നാം കാണുക.

വ്യത്യസ്തനായ വീട്ടുടമസ്ഥൻ

സാധാരണയായി മുന്തിരിത്തോട്ടത്തിന്റെ കാര്യങ്ങൾ നോക്കിനടത്തുന്നത് കാര്യസ്ഥനാണ്. എന്നാൽ, ഇന്നത്തെ സുവിശേഷത്തിന്റെ മധ്യഭാഗത്താണ് കാര്യസ്ഥൻ പ്രത്യക്ഷപ്പെടുക. ആരംഭംമുതലേ നാം കാണുന്നത് വീട്ടുടമസ്ഥനെയാണ്. പതിവിൽനിന്നും വ്യത്യസ്തമായി സദാ പ്രവർത്തനനിരതനായ ഒരു വീട്ടുടമസ്ഥനെയാണ് ഉപമയിൽ അവതരിപ്പിക്കുക. അതിരാവിലെതന്നെ തന്റെ മുന്തിരിത്തോട്ടത്തിലേക്ക് ജോലിക്കാരെ ക്ഷണിക്കാൻ പുറപ്പെടുന്ന ഉടമസ്ഥൻ, ഉത്സാഹപൂർവം വൈകുന്നേരംവരെ തന്റെ ജോലിയിൽ വ്യാപൃതനാണ്. വൈകുന്നേരംവരെ മുന്തിരിത്തോട്ടത്തിലേക്ക് ജോലിക്കാരെ അന്വേഷിക്കുന്ന ഉടമസ്ഥനിൽ അസ്വാഭാവികത നിലനിൽക്കുന്നു.

സമയത്തിന്റെ വൈരുധ്യം

സമയത്തിന്റെ കൃത്യമായ ഇടവേളകൾ ഉപമയിൽ നാം കാണുന്നു. അതിരാവിലെ ജോലിക്കാരെ മുന്തിരിത്തോട്ടത്തിലേക്കു അയയ്ക്കുന്നുവെന്നത് പകലിന്റെ ആദ്യമണിക്കൂറിനെ (രാവിലെ 6 മണി) സൂചിപ്പിക്കുന്നു. കൃത്യമായ ഇടവേളകളിൽ - 'മൂന്നും ആറും ഒൻപതും മണിക്കൂറുകളിൽ' - വീട്ടുടമസ്ഥൻ ജോലിക്കാരെ ക്ഷണിക്കുന്നു. സ്വാഭാവികമായും ഒൻപതാം മണിക്കൂർ കഴിഞ്ഞാൽ ഇനി ജോലിക്കാരെ അന്വേഷിക്കില്ല എന്ന് നാം കരുതുന്നു. കാരണം 12-ാം മണിക്കൂർ (വൈകുന്നേരം 6 മണി) എന്നത് വേതനം നൽകേണ്ട സമയമാണ്. എന്നാൽ ഉടമസ്ഥൻ 11-ാം മണിക്കൂറിൽ, അപ്രതീക്ഷിതമായ സമയത്തിൽ, അപ്രതീക്ഷിതമായി ജോലിക്കാരെ അന്വേഷിച്ചിറങ്ങുന്നു, കണ്ടെത്തുന്നു, ജോലിക്കായി ക്ഷണിക്കുന്നു.



വിചിത്രമായ രീതിയിൽ നൽകപ്പെടുന്ന വേതനം

സാധാരണയായി ആദ്യം വന്നവർക്കാണ് ആദ്യം കൂലിനൽകുക. എന്നാൽ, വീട്ടുടമസ്ഥൻ കാര്യസ്ഥനോട് പറയുന്നത് അവസാനംവന്നവർക്ക് ആദ്യം കൂലിനൽകാനും ആദ്യംവന്നവർക്ക് അവസാനം കൂലി നൽകാനുമാണ്. അവസാനംവന്നവർക്ക് ഒരു ദനാറ വീതം നൽകപ്പെടുമ്പോൾ സ്വാഭാവികമായും ആദ്യംവന്നവർ കൂടുതൽ പ്രതീക്ഷിക്കുന്നു. തങ്ങൾക്ക് കൂടുതൽനൽകുന്നത് അവസാനംവന്നവർ കാണാതിരിക്കാനായിരിക്കും അവർക്ക് ആദ്യം കൂലി നൽകുന്നതെന്ന് ഇവർ ചിന്തിക്കുന്നു. എന്നാൽ, ആദ്യംവന്നവർക്കും ഒരു ദനാറ നൽകി തുല്യവേതനം നൽകുന്നത് തികച്ചും വിചിത്രമായി തോന്നുന്നു.

ഉപമ നൽകുന്ന സന്ദേശം

ദൈവരാജ്യത്തെക്കുറിച്ച് യേശു പഠിപ്പിക്കുന്ന ഈ ഉപമയിൽ നാം കാണുന്നത് അസ്വാഭാവികതയുള്ള ഉടമസ്ഥനും അപ്രതീക്ഷിതമായ സമയവും വിചിത്രമായ വേതനം നൽകലുമാണ്. ഇത് സൂചിപ്പിക്കുന്നത് ദൈവരാജ്യം ചില അസ്വാഭാവികതയുടെ, അപ്രതീക്ഷിതമായ കാര്യങ്ങളുടെ രാജ്യമെന്നാണ്. നമ്മുടെ ചിന്തകൾക്കുമപരിയായി വ്യത്യസ്തമായി പ്രവർത്തിക്കുന്ന ഒരു ദൈവമാണ് നമുക്കുള്ളതെന്ന് ഉപമ പഠിപ്പിക്കുന്നു. ഈ അസ്വാഭാവികതകളെല്ലാം ദൈവത്തിന്റെ അനന്തമായ കരുണയെക്കുറിച്ചാണ് നമ്മെ പഠിപ്പിക്കുന്നത്. "മനുഷ്യനെ രക്ഷിക്കുക" എന്ന ഒറ്റ ചിന്തയാൽ അവനെ അന്വേഷിച്ചിറങ്ങുന്ന ദൈവത്തിന്റെ ചിത്രമാണ് ഉപമ വ്യക്തമാക്കുന്നത്. മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ അതിരാവിലെമുതൽ വൈകുന്നേരംവരെ പ്രവർത്തനനിരതനാണ്. ഈ പ്രവൃത്തി ഒരു ദിവസത്തെയാണോ ഒരു മാസത്തെയാണോ, ഒരു വർഷത്തെയാണോ എന്ന് നമുക്കറിയില്ല. തീർച്ചായായും അന്നും ഇന്നും എന്നും തനിക്കുവേണ്ടി, തന്റെ രാജ്യത്തിനുവേണ്ടി നിരന്തരം ജനത്തെ ഒരുമിച്ചുകൂട്ടുന്ന ദൈവത്തിന്റെ ചിത്രമാണിത്.

അപ്രതീക്ഷിതമായ 11-ാം മണിക്കൂറിലും കണ്ടുമുട്ടുന്നവനെ തന്റെ രാജ്യത്തിലേക്ക് അവൻ ക്ഷണിക്കുകയാണ്. അവസാനനിമിഷത്തിലും തന്റെ സ്നേഹം, കരുണ അനുഭവിച്ചറിയാനാണ് അവൻ ക്ഷണിക്കുന്നത്. യഥാർഥത്തിൽ ചന്തസ്ഥലത്തിരിക്കുന്നവർ അലസരല്ല, മറിച്ച് ജോലി ചെയ്യാൻ താൽപര്യത്തോടെയിരിക്കുന്നവരാണ്. പക്ഷേ ആരും അവരെ ശ്രദ്ധിക്കുന്നില്ല, ജോലി ചെയ്യാൻ അവരെ ക്ഷണിക്കുന്നില്ല. സൂര്യൻ അസ്തമിക്കുന്ന അവസരത്തിൽ, അവരുടെ പ്രതീക്ഷകളും അസ്തമിക്കുന്നുവെന്ന് ചിന്തിക്കുന്ന നിമിഷത്തിൽ, അപ്രതീക്ഷിതമായി അവരുടെ ഇടയിലേക്ക് വീട്ടുടമസ്ഥൻ കടന്നുവരുന്നു. ഇതവരിൽ ചെറിയ പ്രതീക്ഷ നൽകുന്നു. ഇതുതന്നെയാണ് ദൈവിക ഇടപെടലുകളും. അവിടുന്ന് അവസാന നിമിഷങ്ങളിലും കരുണയുടെ - ഉദാരമായ കരുണയുടെ - മുഖമായി കടന്നുവരുന്നു. നമ്മുടെ ഉള്ളിലെ നന്മകൾ വളർത്തുവാൻ അവിടുന്ന് അവസരം നൽകുന്നു. ഈയവസരങ്ങൾ സ്വീകരിച്ച് നന്മകളുടെ വഴികളിലൂടെ നടക്കുമ്പോൾ ജീവിതയാത്രയുടെ അവസാനം അവിടുന്ന് അപ്രതീക്ഷിതമായ പ്രതിഫലങ്ങൾ നൽകുന്നു. കുരിശിലെ അവസാന മണിക്കൂറിൽ നല്ല കള്ളന് ലഭിച്ച പ്രതിഫലം പോലെ...

വേതനംനൽകുന്ന രീതി വ്യത്യസ്തമാണെങ്കിലും എല്ലാവർക്കും തുല്യവേതനമാണ് വീട്ടുടമസ്ഥൻ നൽകുന്നത്. എന്തുകൊണ്ട് ആദ്യം വന്നവനും അവസാനം വന്നവനും ഒരേ വേതനമെന്ന് ചിന്തിച്ചാൽ അഥവാ ചോദിച്ചാൽ ഉത്തരമിതായിരിക്കും; ജോലിക്കാരുടെ ആവശ്യം തിരിച്ചറിയുന്നവനാണ് ഉടമസ്ഥൻ. ഒരു ദനാറയുടെ ആവശ്യം എല്ലാവർക്കുമുണ്ടെന്ന് അവനറിയാം. ഒരുപക്ഷേ, അവസാനം വന്നവന് ഒരു ദനാറയെക്കാൾ കൂടുതൽ ആവശ്യമുണ്ടായിരുന്നെങ്കിൽ വീട്ടുടമസ്ഥൻ കൂടുതൽ നൽകുമായിരുന്നു. ഇതുപോലെ തന്നെയാണ് ദൈവിക കരുണയും. ചിലയവസരങ്ങളിൽ തുല്യമായും ചിലപ്പോൾ അവസാനം ദൈവത്തെ അറിയുന്നവന് കൂടുതലായും നൽകപ്പെട്ടേക്കാം.

ഉദാരമതിയായ ഉടമസ്ഥൻ

ധൂർത്തപുത്രന്റെ ഉപമയിലെ പിതാവിനെയും, ജേഷ്ഠൻ ആദ്യംവന്ന ജോലിക്കാരെയും, ധൂർത്തപുത്രൻ അവസാനം വന്നവരെയും ഓർമിപ്പിക്കുന്നു. തന്റെ സ്നേഹം തിരിച്ചറിയുന്ന മകനെ കരുണയോടെ നോക്കി ആവശ്യമായവ അവന് ചെയ്തുകൊടുക്കുന്ന കരുണയുള്ള പിതാവിനെ ഈ ഉപമയിൽ നാം കാണുന്നു. പിതാവിന്റെ കരുണ ഇളയമകൻ അനുഭവിക്കുമ്പോൾ പിതാവിന്റെ നന്മ പ്രവർത്തിയിൽ അസൂയപൂണ്ടുനിൽക്കാനല്ലാതെ മറ്റൊന്നിനും മൂത്തമകനു കഴിയുന്നില്ല.

ദൈവരാജ്യം ലക്ഷ്യമാക്കി യാത്രചെയ്യുന്ന നമുക്കും നമ്മുടെ പ്രതീക്ഷകൾക്ക് വിപരീതമായി ദൈവരാജ്യം അനുഭവിച്ചറിയാൻ കഴിഞ്ഞേക്കാം. വ്യത്യസ്തതകളും അസ്വാഭാവികതകളും അപ്രതീക്ഷിത കാര്യങ്ങളും സംഭവിക്കുന്ന ദൈവരാജ്യത്തിൽ ഒന്നുമാത്രം പ്രതീക്ഷിച്ച് യാത്രചെയ്യാം. അത് അവിടത്തെ കരുണയാണ്. കാരണം, ദൈവം മനുഷ്യന് തന്റെ അനന്തമായ കാരുണ്യത്തിൽനിന്ന് അപ്രതീക്ഷിതമായി പ്രതിഫലം നൽകുന്നവനാണ്. ദൈവകരുണയിൽ ആശ്രയിച്ച് നമുക്ക് ജീവിക്കാം.

വിശ്വസ്തതയിൽ നിന്നുയരുന്ന അനുസരണ

ആണ്ടുവട്ടം 26-ാം ഞായർ (സെപ്റ്റം.27)
പുറ. 18:25-28; 2 ഫിലി. 2:1-11, മത്താ. 21:28-32
ഫാ. വിശാൽ വി

ഒരു മനുഷ്യന്റെ രണ്ടുമക്കളുടെ സ്വഭാവരീതികളെ ആസ്പദമാക്കി യേശു നമ്മുടെ തീരുമാനങ്ങളെയും അവയുടെ പരിണിത ഫലങ്ങളെയുംകുറിച്ച് വളരെ ലളിതമായി എന്നാൽ വിഷയത്തിന്റെ തീവ്രത ഒട്ടും ചോർന്നുപോകാതെ പഠിപ്പിക്കുകയാണ് ഇന്നത്തെ സുവിശേഷത്തിലൂടെ. ഒന്നാമത്തെ മകൻ നല്ല പുത്രനാണ്. പിതാവിന്റെ വാക്കുകൾ വളരെ ബഹുമാനത്തോടെയെന്നഭാവേന ശ്രവിക്കുന്നവനാണ്. എന്നാൽ, പിതാവിനെ അനുസരിക്കാൻ അയാൾക്ക് തീരെ താല്പര്യമില്ല. പിതാവിനോടുള്ള അയാളുടെ സ്നേഹം കേവലം ബാഹ്യമായ ഒന്നാണ്. പിതാവ് എന്തെങ്കിലും സംസാരിക്കുമ്പോൾ അതിന് ചെവി കൊടുത്തില്ലെങ്കിൽ പിതാവിന്റെ സ്വത്തിൽ തനിക്കുള്ള അവകാശം നഷ്ടമായേക്കും എന്ന ഭയമാണ് അയാളെ പിതാവിന്റെ മുൻപിൽ അനുസരണയുള്ള മകനായി ചമയാൻ പ്രേരിപ്പിക്കുന്നത്.



എന്നാൽ അലസനും കപടനാട്യക്കാരനുമായ അയാൾ പിതാവ് പറയുന്നതൊക്കെ കേൾക്കുന്നതല്ലാതെ അതനുസരിച്ച് ഒന്നും പ്രവർത്തിക്കുന്നില്ല.


രണ്ടാമനാകട്ടെ, വഴക്കാളിയായ മകനാണ്. സ്വന്തം ഇഷ്ടങ്ങളിലും താല്പര്യങ്ങളിലും മുഴുകിക്കഴിയുന്ന ഒരു വ്യക്തിയാണ്. പിതാവിന്റെ ആവശ്യം അനുസരിക്കുക എന്നുവച്ചാൽ തന്റെ ഇഷ്ടങ്ങൾ മാറ്റിവയ്ക്കേണ്ടിവരും എന്നതിനാൽ പിതാവിന്റെ ആവശ്യം കേട്ടമാത്രയിൽത്തന്നെ അയാളത് നിരസിക്കുന്നു. പക്ഷേ, കുറേ നേരത്തിനുശേഷം തന്റെ പ്രവൃത്തിയിൽ അയാൾക്ക് കുറ്റബോധം തോന്നുകയും, പശ്ചാത്താപത്തോടെ പിതാവ് ഏല്പിച്ച ജോലി നിർവഹിക്കുകയും ചെയ്യുന്നു.

ഈ പിതാവിന്റെ രണ്ടു പുത്രന്മാരും വ്യത്യസ്തരാണെങ്കിലും പിതാവിനെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടുകൾ സാമ്യമുള്ളതാണ്. അധികാരതുല്യനായ ഒരു പിതാവ്. ഒന്നുകിൽ കീഴ്പ്പെട്ടു നിൽക്കാം അല്ലെങ്കിൽ എതിർത്തുനിൽക്കാം. രണ്ടായാലും ആത്യന്തികമായി പിതാവിനെ ഒഴിവാക്കി നിർത്തുക എന്ന തന്ത്രമാണ് രണ്ട് മക്കളുടെയും പിന്നിലുള്ളത്. പക്ഷേ രണ്ടാമത്തവൻ പിതാവിനോടുള്ള അവന്റെ എതിർപ്പിനെ സ്വയം ഇല്ലാതാക്കുന്നുണ്ട്. അവൻ പശ്ചാത്തപിക്കുന്നു. ഇവിടെ പശ്ചാത്താപംകൊണ്ടർത്ഥമാക്കുന്നത് പിതാവിനോടുള്ള അവന്റെ കാഴ്ചപ്പാടിന്റെ മാറ്റമാണ്. മുന്തിരിത്തോപ്പ് അവനെ സംബന്ധിച്ച് പിതാവിന് കീഴ്പ്പെട്ടും കഷ്ടപ്പെട്ടും പണിയെടുക്കേണ്ട ഒരു ഇടമല്ല എന്ന് അവൻ തിരിച്ചറിയുന്നു. ആ തോട്ടം തന്റെ കുടുംബത്തിന്റെ ഭാഗമാണെന്നും ആ തോട്ടത്തിൽ ആനന്ദം വിളയുന്നുണ്ടെന്നും അതിന്റെ ഉടമസ്ഥൻ തന്റെ പിതാവാണെന്നും അവന് ബോധോദയമുണ്ടാകുന്നു. ഇതു താൻ ആ പിതാവിന്റെ മകനാണ് എന്ന സുബോധമാണ്. അടിമ മനസ്സുള്ളവർക്ക് ഇല്ലാത്തതും ഇതുതന്നെയാണ്.

ഇനിയാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം. "ഈ രണ്ടുപേരിൽ ആരാണ് പിതാവിന്റെ ഇഷ്ടം നിറവേറ്റിയത്?" യേശു തന്റെ വാക്കുകൾ പിന്നെയും തുടരുന്നുണ്ട്. അവൻ ഉറപ്പിച്ചുപറയുന്നു; "പാപികൾക്കാണ് സ്വർഗരാജ്യം." നോക്കുക, അവർ ആദ്യം പിതാവിനെ നിരാകരിച്ചു എന്നത് സത്യമാണ്. പക്ഷേ അവർ ഏകാന്തതയിൽ നൊമ്പരപ്പെടുകയും പിന്നീട് ജീവിതംതന്നെ മാറ്റുകയും ചെയ്യുന്നുണ്ട്. നിരന്തരം പിതാവിന്റെ മുമ്പിൽനിന്നുകൊണ്ട് 'അതെ' എന്നുപറയുന്ന നമ്മോടുതന്നെയാണ് യേശു ഈ ഉപമ പറയുന്നതെന്നും ഓർക്കണം. പേരുകൊണ്ട് ക്രിസ്ത്യാനിയായിരിക്കുകയും ഉള്ളുകൊണ്ട് ദൈവത്തെയും ദൈവവചനത്തെയും മാറ്റി നിർത്തുന്നവരുമാണ് നമ്മിൽ പലരും. കേവലം ഒരു വിശ്വാസിയാകണോ അതോ വിശ്വസ്തനാകണോ എന്നതാണ് യേശു ഈ ഉപമയിലൂടെ ഉന്നയിക്കുന്നത്. വിശ്വാസിയാകാൻ എളുപ്പമാണ് കാരണം ഇത്തിരി അടിമഭാവം ഉണ്ടായാൽ മതിയാകും. പക്ഷേ വിശ്വസ്തനാകണമെങ്കിൽ ഇത്തിരി ധൈര്യം ആവശ്യമാണ്, പുത്രമനോഭാവത്തിന്റെ ധൈര്യം.

ചുങ്കക്കാരിലും വേശ്യകളിലും വിശ്വസിക്കുന്നതുപോലെ അവൻ നമ്മിലും വിശ്വസിക്കുന്നു. നമ്മുടെ എതിർപ്പുകളിലും കുതറിമാറലുകളുടെയിടയിലും അവൻ നമ്മിൽ പ്രത്യാശവയ്ക്കുന്നു. നമ്മുടെ നിശ്ശബ്ദതയിൽ അവൻ ഹൃദയത്തുടിപ്പായി മാറുന്നു. അവനിലേക്ക് തിരിയുവാനും പശ്ചാത്തപിക്കുവാനും മാനസാന്തരപ്പെടുവാനും ഒട്ടും മടിക്കേണ്ട. ദൈവേഷ്ടം നിറവേറ്റാൻ സന്നദ്ധതയുള്ള മക്കളായി സ്വയം മാറാനും ദൈവത്തെ സ്വന്തം ജീവിതത്തിലൂടെ മഹത്ത്വപ്പെടുത്തുവാനും നമുക്ക് പരിശ്രമിക്കാം. ●

നേർക്കാഴ്ച
ജെ. സി.



ഇന്ത്യൻ പൗരത്വത്തിന്റെ പ്രഖ്യാപിത രേഖ എന്താണ്?

ആധാർ, തിരിച്ചറിയലും താമസസ്ഥലവും സ്ഥാപിക്കുന്നു. അത് പൗരത്വം സ്ഥാപിക്കുന്നില്ല.

വോട്ടർ ഐ.ഡി, മുൻകൂർ രജിസ്ട്രേഷൻ സ്ഥാപിക്കുന്നു. അത് പൗരത്വം സ്ഥാപിക്കുന്നില്ല.

പാസ്പോർട്ട് യാത്രചെയ്യാനുള്ള അവകാശം സ്ഥാപിക്കുന്നു. നിയമപരമായ അർത്ഥത്തിൽ അത് പൗരത്വം സ്ഥാപിക്കുന്നില്ല.

പൗരത്വത്തിന്റെ അന്തിമരേഖയായി ദേശീയ പൗരത്വ രജിസ്റ്റർ (NRC) കൊണ്ടുവരാനാണോ മോദി സർക്കാർ ശ്രമിക്കുന്നത്?

തിരുവനന്തപുരത്തുനിന്ന് 1991-ൽ കൊൽക്കത്തയിലെത്തി ഇടക്കാലത്ത് ഡൽഹിയിലും മുംബെയിലും മാധ്യമപ്രവർത്തനം നടത്തി കഴിഞ്ഞ 30 വർഷമായി കൽക്കത്തയിൽ സ്ഥിരതാമസമാക്കിയ ആർ. രാജഗോപാലിന്റെ പേര് സമഗ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ (എസ്.ഐ.ആർ) പേരിൽ ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിൽ നടന്ന ബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽനിന്ന് വെട്ടിമാറ്റി. വോട്ടർപട്ടികയിൽ പേരില്ലാത്തതിനാൽ പാസ്പോർട്ട് പുതുക്കുന്നതിനുള്ള പോലീസ് ക്ലിയറൻസ് നൽകാനാവില്ലെന്ന് തീരുമാനിച്ചു. അതുകാരണം അമേരിക്കയിലെ മകളുടെ വിവാഹച്ചടങ്ങിൽ പങ്കെടുക്കാനായില്ല. ബംഗാളി ദിനപത്രമായ 'ആനന്ദബസാർ പത്രിക' ഗ്രൂപ്പിന്റെ ദ് ടെലഗ്രാഫ് എന്ന ഇംഗ്ലീഷ് പത്രത്തിൽ മലയാളിയായ ആർ. രാജഗോപാൽ പത്രാധിപരായിരുന്നു. വോട്ടർപട്ടികയിൽനിന്ന് ഒഴിവാക്കപ്പെട്ട 27 ലക്ഷം പേരിൽ ഒരാളായി അദ്ദേഹം മാറി. എസ്.ഐ.ആർ ലക്ഷക്കണക്കിന് ആളുകൾക്കുണ്ടാക്കുന്ന ദുരിതങ്ങളെയാണ് രാജഗോപാലിന്റെ അനുഭവം വെളിപ്പെടുത്തുന്നത്.

ബീഹാർ തിരഞ്ഞെടുപ്പിന് തൊട്ടുമുൻപ് കഴിഞ്ഞ ജൂണിൽ ഒരു മുന്നൊരുക്കവുമില്ലാതെ തിടുക്കത്തിൽ തുടക്കമിട്ട എസ്.ഐ.ആർ പ്രക്രിയയിൽ 65 ലക്ഷം പേരുടെ വോട്ടവകാശമാണ് റദ്ദാക്കപ്പെട്ടത്. ബംഗാളിൽ 94.49 ലക്ഷം വോട്ടർമാരെ പട്ടികയിൽനിന്ന് വെട്ടിമാറ്റി. മരിച്ചവർ, മറ്റിടങ്ങളിലേക്ക് കുടിയേറിയവർ എന്നിവരുടെകൂട്ടത്തിൽ, ഇരട്ട വോട്ടുള്ളവർ 58 ലക്ഷംപേരുണ്ടായിരുന്നു. എസ്.ഐ.ആർ. നടപടി ഭരണഘടന സാധ്യത ശരിവച്ചുകൊണ്ട് 2026 മേയ് 27-ന് പുറപ്പെടുവിച്ച വിധി ന്യായത്തിൽ സുപ്രീംകോടതി തിരഞ്ഞെടുപ്പ് കമ്മിഷന് ആരുടെയും പൗരത്വം തീർപ്പാക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കിയിരുന്നു. വോട്ടർപട്ടികയിൽ ഒരാളുടെ പേര് ഇല്ലാതാകുന്നത് അയാളുടെ പൗരത്വം ഇല്ലാതാക്കുന്നില്ല. ബംഗാളിലെയും ബീഹാറിലെയും ബി.ജെ.പി. ഭരണകൂടങ്ങൾ വോട്ടർപട്ടികയിൽനിന്ന് ഒഴിവാക്കപ്പെട്ടവരുടെ റേഷൻകാർഡ് മരവിപ്പിക്കുമെന്ന് ഉത്തരവിറക്കിയിരുന്നു. അതേസമയം സ്ത്രീകൾക്ക് മാസംതോറും 3000 രൂപ ധനസഹായം നൽകുന്ന ആനുകൂല്യം എസ്.ഐ.ആർ പട്ടികയിൽനിന്ന് നീക്കംചെയ്യപ്പെട്ടവർക്ക് ലഭിക്കില്ലെന്നത് ബംഗാൾ സർക്കാർ റദ്ദാക്കി. എസ്.ഐ.ആർ പട്ടികയിൽ പേരില്ലെങ്കിൽ പാസ്പോർട്ട് പുതുക്കരുതെന്ന് ഇന്ത്യയിലെ ഒരുനിയമത്തിലും വ്യവസ്ഥ ചെയ്തിട്ടില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരം വിദേശയാത്ര ചെയ്യാനുള്ള അവകാശം വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഭാഗമാണ് എന്ന് സുപ്രീംകോടതിയുടെ വിധികളുണ്ട്.


ഇന്ത്യൻ പൗരത്വത്തിന്റെ പ്രഖ്യാപിത രേഖ എന്താണ് എന്ന സുപ്രധാന ചോദ്യം അവശേഷിക്കുന്നുണ്ട്. ആധാർ, തിരിച്ചറിയലും താമസസ്ഥലവും സ്ഥാപിക്കുന്നു. അത് പൗരത്വം സ്ഥാപിക്കുന്നില്ല. വോട്ടർ ഐ.ഡി, മുൻകൂർ രജിസ്ട്രേഷൻ സ്ഥാപിക്കുന്നു. അത് പൗരത്വം സ്ഥാപിക്കുന്നില്ല. പാസ്പോർട്ട് യാത്രചെയ്യാനുള്ള അവകാശം സ്ഥാപിക്കുന്നു. നിയമപരമായ അർത്ഥത്തിൽ അത് പൗരത്വം സ്ഥാപിക്കുന്നില്ല. പൗരത്വത്തിന്റെ അന്തിമരേഖയായി ദേശീയ പൗരത്വ രജിസ്റ്റർ (NRC) കൊണ്ടുവരാനാണോ മോദി സർക്കാർ ശ്രമിക്കുന്നത്? പാർലമെന്റിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം ഉറപ്പിക്കാനുള്ള ബി.ജെ.പിയുടെ നീക്കം NRC നിയമം പാസാക്കാൻ കൂടിയാവണം. •

സ്നേഹസമർപ്പണത്തിന്റെ ശതാബ്ദി നിറവിൽ

1926 - 2026 എന്ന അനുഗ്രഹീതമായ
ശതാബ്ദി യാത്രയിൽ, പരിശുദ്ധ അമ്മയുടെ
സംരക്ഷണത്തിൽ സഭയുടെയും
സമൂഹത്തിന്റെയും സേവനത്തിൽ
മുന്നേറുന്ന ഷേൺസ്റ്റാട്ട് സിസ്റ്റേഴ്സ് ഓഫ്
മേരി, തിരുവനന്തപുരം പുതിയതുറയിലെ
പുതിയ ഭവനം ദൈവമഹത്വത്തിനും
മനുഷ്യസേവനത്തിനുമായി
സമർപ്പിക്കുന്നു.

പുതിയ ഭവനത്തിന്റെ
ആശീർവാദകർമ്മവും ദിവ്യബലിയും
Most. Rev. Dr. തോമസ് ജെ. നെറ്റോ
(തിരുവനന്തപുരം അതിരൂപത)

സമയം:
Sept. 12, 2026, at 4 p.m.



Rev. Fr. Joseph Kentenich
(Founder)



MARY Light of our Hope

Schoenstatt Sisters of Mary

Puthiyathura Post
Trivandrum - 695 526
Mobile: 7624890980, 7406087429

Pub. Date: 01.09.2026
REGD. NO. KL/TV(S)266/2024-26 | RNI Registered No. 36056/81
Licenced to post without pre-payment KL/TV(S)/WPP/171/2024-26
JEEVANUM VELICHAVUM
Total Pages 44
Rs. 30/-



Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Prabal Joseph Perera